പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 9 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ഡിസംബർ 2012

ഭരണഭാഷ മാതൃഭാഷ

സാമൂഹ്യ നീതി പ്രത്യേക ദൗത്യമായി ഏറ്റെടുക്കും

ഡോ. എം കെ മുനീർ

ജലക്ഷാമമോ...? മഴ കൊയ്ത് നേരിടാം

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം



5 എഡിറ്ററുടെ പേജ്

6 സാമൂഹ്യ നീതി പ്രത്യേക ദൗത്യമായി ഏറ്റെടുക്കും
ഡോ. എം കെ മുനീർ

8 ആസൂത്രണം വിരൽത്തുമ്പിലൂടെ
സൂപ്പി നരിക്കാട്ടേരി

10 ഗ്രാമയാത്ര സപ്തഭാഷാസംഗമ ഭൂമിയിൽ

12 'സുലേഖ' ബുദ്ധിമതിയാണ്
ഡോ. ജെ. ബി. രാജൻ

15 നികുതി പിരിവ് - നിയമാനുസൃതമാകണം
ജോൺ എസ്. ജെയിംസ്

18 ഇന്ദിരാഗാന്ധി ഇന്ത്യയുടെ ശക്തിയും അഭിമാനവും
എം.വി. തോമസ്

20 എന്താണ് എൽനിനോയും ലാനിനയും
ഡോ. പ്രദീപ് കുമാർ പി.കെ.

24 നാം അറിയേണ്ട ലോകം

25 "കേരളത്തിലെ ഫോക്‌ലോർ കലാരൂപങ്ങൾ"
ടി.സി. സുനിൽദത്ത്, കല്ലമ്പലം

28 ജലക്ഷാമമോ? മഴ കൊയ്ത് നേരിടാം
കെ. ഫിലിപ്പോസ്

31 പഞ്ചായത്ത് അക്കൗണ്ട്: സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

33 ഇ-ഗവേണൻസ് ന്യൂസ്

35 മലയാണ്മയുടെ വേരുകൾ തേടി
അജിത് വെണ്ണിയൂർ

39 അന്താരാഷ്ട്ര വ്യാപാരമേള - 2012
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

42 വാർത്തകൾ വിശേഷങ്ങൾ

കത്തുകൾ

മലയാള ഭാഷ അഭിമാനമാകണം

ഭരണ ഭാഷ മാതൃഭാഷ എന്ന 'മുദ്രാവാക്യം' പ്രചരിപ്പിച്ചു കൊണ്ട് ഭരണഭാഷ വർഷമായി ആചരിക്കുകയാണിപ്പോൾ. മലയാള സർവ്വകലാശാലയ്ക്ക് തിരിതെളിഞ്ഞു. വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധിത ഭാഷയാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ഇത്രയൊക്കെ ചെയ്തിട്ടും കേരളീയർ ഇത് പൂർണ്ണമായും ഉൾക്കൊണ്ടു എന്നു പറയുവാൻ കഴിയില്ല. മുറ്റത്തെ മുല്ലയ്ക്ക് മണമില്ല, എന്ന സ്ഥിതി തന്നെ. ദേശീയ തലത്തിലുള്ള ത്രിഭാഷ പദ്ധതി നടപ്പാക്കിയ കേരളീയർ ഇപ്പോഴും സ്വന്ത ഭാഷയെ പൂർണ്ണമായി സ്വീകരിച്ചിട്ടില്ല. ഇതിനൊരു മാറ്റം ഉണ്ടാവണമെങ്കിൽ ഇനിയും കടുത്ത നടപടികളിലേക്ക് പോകേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ജീവനക്കാർക്കും, സർവ്വീസ് സംഘടനകളും മുൻകൈയെടുക്കണം. അതുപോലെ തന്നെ സെക്രട്ടറിയേറ്റിൽ നിന്നും തുടങ്ങി പഞ്ചായത്തുതലം വരെ മലയാളം കൈകാര്യം ചെയ്യാൻ നടപടിയുണ്ടാകണം. താഴെത്തലത്തിൽ നിന്നല്ല ഭാഷാമാറ്റം ഉണ്ടാകേണ്ടത് മലയാള ഭാഷ നമുക്ക് അഭിമാനമാകണം.

ബിനോയ് കെ. മെഴുവേലി

അന്താരാഷ്ട്ര വ്യാപാര മേള - 2012

ന്യൂഡൽഹി അന്താരാഷ്ട്ര മേള - 2012
മുഖ്യമന്ത്രി ഉമ്മൻചാണ്ടി സന്ദർശിക്കുന്നു.

ന്യൂഡൽഹി അന്താരാഷ്ട്ര മേള - 2012
ഗ്രാമവികസന വകുപ്പുമന്ത്രി കെ.സി. ജോസഫ് മേള സന്ദർശിക്കുന്നു.

ഡൽഹിയിൽ പ്രഗതി മൈതാനിയിൽ വച്ച് നടന്ന അന്താരാഷ്ട്ര വ്യാപാരമേളയിൽ ആദ്യമായിട്ടാണ് പഞ്ചായത്ത് വകുപ്പ് പങ്കെടുത്തത്. കേരളത്തനിമ നിലനിർത്തി സജ്ജീകരിച്ച പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മറ്റു മന്ത്രിമാരായ കെ.സി. ജോസഫ്, മഞ്ഞളാംകുഴി അലി, ഷിബു ബേബിജോൺ, കേന്ദ്ര സഹമന്ത്രി ശശിതരൂർ തുടങ്ങിയ പ്രമുഖർ മേള സന്ദർശിച്ചു. പഞ്ചായത്തു വകുപ്പിന്റെ സ്റ്റാളിന് മേളയിലെ കേരളാ പവിലിയണിൽ വെള്ളിമെഡൽ ലഭിച്ചു. ഇതിനു പിന്നിൽ പ്രവർത്തിച്ച പഞ്ചായത്തു വകുപ്പു ജീവനക്കാരെയും മറ്റുള്ളവരേയും മന്ത്രി ഡോ.എം.കെ. മുനീർ അഭിനന്ദിച്ചു.

ഡോ. എം. കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2012
പുസ്തകം 52
ലക്കം 9
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

വി.എസ്. സെന്തിൽ, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

എ. ഫിറോസ്
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എസ്. ലളിതാംബിക, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എസ്. ലളിതാംബിക, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേജ്

പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമാക്കണം

രാഷ്ട്രപിതാവിന്റെ സ്വപ്നമായ ഗ്രാമ സ്വരാജ് സാക്ഷാത്കരിക്കുകയെന്ന മഹത്തായ ദൗത്യമാണ് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിയിലൂടെ നടപ്പിലായ പഞ്ചായത്തീരാജ് നിയമം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നല്കയുണ്ടായി. അതനുസരിച്ച് അധികാരവികേന്ദ്രീകരണം ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ നമ്മുടെ സംസ്ഥാനം ലോകത്തിനു തന്നെ മാതൃകയായിക്കഴിഞ്ഞു. ഇന്ന് സർക്കാരും തദ്ദേശസ്ഥാപനങ്ങളും ജനകീയ കൂട്ടായ്മ യിലൂടെ പ്രാദേശികവികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ ചെറുതല്ല.

പഞ്ചായത്തീരാജ് നിയമം നിലവിൽവന്ന ശേഷം, ഒമ്പത്, പത്ത്, പതിനൊന്ന് പഞ്ചവത്സര പദ്ധതികളിലൂടെ അഭിമാനകരമായ നേട്ടങ്ങളാണ് തദ്ദേശ സ്ഥാപനങ്ങൾ കൈവരിച്ചത്. നേട്ടങ്ങൾക്കൊപ്പം പിഴവുകളും നാം മറന്നു കൂടാ. മുൻകാലാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പിഴവുകൾ തിരുത്തി കൂടുതൽ നേട്ടങ്ങൾ കൊയ്യാനാണ് പന്ത്രണ്ടാം പദ്ധതി ലക്ഷ്യമിടുന്നത്.

ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷ പദ്ധതിയാസൂത്രണം പൂർത്തീകരിച്ച് നിർവ്വഹണ ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പദ്ധതി നിർവ്വഹണത്തിന്റെ നടപടി ക്രമങ്ങളിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി സുതാര്യതയോടെ നടപ്പാക്കാവുന്ന വെബ് അധിഷ്ഠിത രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിലെപ്പോലെ പദ്ധതികൾ ബ്ലോക്ക് തലവിദഗ്ദ സമിതികളുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതില്ല. തദ്ദേശസ്ഥാപനങ്ങൾ തന്നെ പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം ജില്ലാ ആസൂത്രണ സമിതിക്ക് ഓൺലൈനായി സമർപ്പിച്ച് നടപ്പാക്കാവുന്നതാണ്. പദ്ധതി പ്രവർത്തനങ്ങൾ പുതിയ രീതിയിലോട്ട് മാറിയപ്പോൾ തുടക്കത്തിൽ ചില പ്രയാസങ്ങൾ നേരിട്ടെങ്കിലും ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളും പന്ത്രണ്ടാം പദ്ധതിയിലെ ആദ്യ വർഷ പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിലാണിപ്പോൾ. അപൂർവ്വം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണ നടപടികൾ ഇനിയും പൂർത്തീകരിക്കാത്തത് സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ബന്ധപ്പെട്ട ജന പ്രതിനിധികൾ ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

പ്രാദേശിക വികസനവും സാമൂഹിക നീതിയും കൈവരിക്കുക എന്ന ഉന്നതമായ കാഴ്ചപ്പാടും ലക്ഷ്യവുമാണ് പന്ത്രണ്ടാം പദ്ധതിക്കുള്ളത്. അത് പ്രാവർത്തികമാക്കാൻ പൊതു ജന പങ്കാളിത്തം ഉറപ്പുവരുത്തുന്ന കൂട്ടായ്മയും സുതാര്യമായ നിർവ്വഹണ രീതിയും അനിവാര്യമാണ്.

2012-13 സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി ഏതാനും മാസങ്ങളേ അവശേഷിക്കുന്നുള്ളൂ. സാമ്പത്തിക വർഷാവസാനം തിരക്കിട്ട് പദ്ധതികൾ നിർവ്വഹിച്ച് പദ്ധതിവിഹിതത്തിന്റെ ഉപയോഗശതമാനം കൂട്ടുന്ന പ്രവണത മാറേണ്ടിയിരിക്കുന്നു. ഓരോ പദ്ധതിയും ഉന്നമിടുന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ സമയ ബന്ധിതമായ നിർവ്വഹണം സാധ്യമാകണം. അതിനായി ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി ശ്രമിക്കണം. വരും മാസങ്ങളിൽ ഇതിനുള്ള സത്വര നടപടികൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നാടിന്റെ വികസനത്തിന് ഊർജിതമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയട്ടെ എന്നാശംസിക്കുന്നു.

സാമൂഹ്യ നീതി പ്രത്യേക ദൗത്യമായി ഏറ്റെടുക്കും

വ്യത്യസ്ത ശേഷിയുള്ള വിഭാഗം ജീവിതത്തിന്റെ പൊതു മണ്ഡലത്തിൽ, മുഖ്യധാരയിൽത്തന്നെ ഉണ്ടാവണം. വൈകല്യം അവർക്ക് പൊതു ജീവിതത്തിൽ പരിമിതികൾ സൃഷ്ടിക്കാനുള്ളതാവരുത്. അതു കൊണ്ടാണ് ഐക്യരാഷ്ട്രസഭ തന്നെ അവരുടെ അവകാശങ്ങൾ പ്രഖ്യാപിച്ചത്. ലോക ജനസംഖ്യയുടെ 10% പേർ വിഭിന്ന ശേഷിയുള്ള വിഭാഗത്തിൽ പെടുന്നവരായുണ്ട്. ഇവരിൽ 80% പേർ ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലാണ് ജീവിക്കുന്നത്. ലോകത്തെ ഏറ്റവും ദരിദ്രരായവരിൽ 20% പേർ വൈകല്യമുള്ളവരാണ്.

ഡോ. എം. കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

സാമൂഹ്യ ക്ഷേമ വകുപ്പ്, സാമൂഹ്യ നീതി വകുപ്പായി. നീതി, പ്രത്യേകിച്ച് സാമൂഹ്യനീതി അർഹിക്കുന്നവർക്ക് എത്തിക്കുക എന്നത് ഏറ്റവും വലിയ ദൗത്യമായി നമ്മൾ ഏറ്റെടുത്തിട്ടുണ്ട്. വ്യത്യസ്ത ശേഷിയുള്ള വിഭാഗം ജീവിതത്തിന്റെ പൊതു മണ്ഡലത്തിൽ, മുഖ്യധാരയിൽത്തന്നെ ഉണ്ടാവണം. വൈകല്യം അവർക്ക് പൊതു ജീവിതത്തിൽ പരിമിതികൾ സൃഷ്ടിക്കാനുള്ളതാവരുത്. അതു കൊണ്ടാണ് ഐക്യരാഷ്ട്രസഭ തന്നെ അവരുടെ അവകാശങ്ങൾ പ്രഖ്യാപിച്ചത്. 1975 ഡിസംബർ 9 ന് യു.എൻ. അസംബ്ലിയുടെ 3447-ാം നമ്പർ പ്രമേയത്തിലൂടെയാണ് ഇത് പ്രഖ്യാപിച്ചത്. മനുഷ്യാവകാശത്തിലുള്ള വിശ്വാസം അടിസ്ഥാന സ്വാതന്ത്ര്യത്തിലുള്ള അവകാശം, ഒരു മനുഷ്യന് അർഹമായ സമാധാനം, അന്തസ്, സാമൂഹ്യ നീതി എന്നിവ ലഭിക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടു. Disabled Person എന്നതിന് നിർവചനം നൽകിയതും ഐക്യരാഷ്ട്ര സഭയാണ്. "Disabled Person means any person unable to ensure by himself or herself, wholly or partly, the necessities of a normal individual and / or social life, as a result of deficiency, either congential or not, in his or her physical or mental capabilities. "

ലോക ജനസംഖ്യയുടെ 10% പേർ വിഭിന്ന ശേഷിയുള്ള വിഭാഗത്തിൽ പെടുന്നവരായുണ്ട്. ഇവരിൽ 80% പേർ ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലാണ് ജീവിക്കുന്നത്. ലോകത്തെ ഏറ്റവും ദരിദ്രരായവരിൽ 20% പേർ വൈകല്യമുള്ളവരാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ ഒരു പഠനത്തിൽ പറയുന്നത് തൊഴിലെടുക്കാൻ പ്രാപ്തമായ പ്രായത്തിലുള്ള 38.6 കോടി ആളുകൾ വൈകല്യം ഉള്ള വിഭാഗത്തിൽപ്പെടുന്നു എന്നാണ്. വൈകല്യമുള്ളവർ അക്രമം, rape എന്നിവയുടെ ഇരകളാകാനുള്ള സാധ്യതകളും കൂടുതലാണ്.

ഈ വസ്തുകൾ വികലാംഗക്ഷേമത്തിനുള്ള ഒരു സമഗ്ര നയത്തിന്റെയും പദ്ധതിയുടെയും ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒരു രാജ്യത്തിനും പാർശ്വവൽക്കൃതരായ ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ കണക്കിലെടുക്കാതെ മുന്നോട്ട് പോകാനാവില്ല. ഈ രംഗത്ത് ഏറെ കാര്യങ്ങൾ ചെയ്ത സംസ്ഥാനമാണ് കേരളം. സർക്കാർ നിയമനങ്ങളിൽ 3% വികലാംഗ സംവരണം എന്ന വ്യവസ്ഥ, ഇതര വിഭാഗക്കാരോടൊപ്പം അവർക്കും നിശ്ചിത ശതമാനം സർക്കാർ ജോലി ഉറപ്പാക്കാൻ പര്യാപ്തമായി. എങ്കിലും വികലാംഗ നിയമനത്തിൽ 1188 തസ്തികകൾ ബാക്ക്ലോഗ് ഉണ്ടായി. ഇത് കണ്ടുപിടിച്ച ഗവൺമെന്റ് ഇവരിൽ 61 പേർ ഒഴികെയുള്ളവർക്ക് നിയമനം നൽകി കഴിഞ്ഞു. ബാക്കിയുള്ള ആളുകൾക്കും ഉടനേ നിയമനം നൽകുന്നതാണ്. ഇത് കൂടാതെ കഴിഞ്ഞ മാസം ഗവൺമെന്റ് ഒരു സുപ്രധാന തീരുമാനം കൂടി എടുക്കുകയുണ്ടായി. 1999 ആഗസ്റ്റ് 16-ാം തീയതി മുതൽ 2001 ഡിസംബർ 31 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് 179 ദിവസം പൂർത്തിയാക്കിയ ഏകദേശം 1953 പേർക്ക് സ്ഥിരനിയമനം നൽകാനുള്ള തീരുമാനമാണ് അത്. വികലാംഗ ദിനാഘോഷത്തിന് മുമ്പ് നമ്മൾ അത് പ്രഖ്യാപിച്ചു. സർക്കാർ ജോലിയിൽ മാത്രമല്ല വികലാംഗർ തൊഴിൽ കണ്ടെത്തേണ്ടത്. സ്വയം തൊഴിൽ കണ്ടെത്താനായി ഒരു പഞ്ചായത്തിൽ ഒരു വികലാംഗന് എങ്കിലും സൗജന്യമായി മോട്ടോർ ഘടിപ്പിച്ച ത്രിചക്ര വാഹനം നൽകാൻ ഉദ്ദേശിക്കുന്നു. ഗുണനിലവാരമുള്ള ക്രിത്രിമ കാലുകൾ നിർമ്മിച്ച് സൗജന്യമായി നൽകുന്ന കാര്യവും ആലോചിച്ച് വരുകയാണ്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഓഫീസുകളും വികലാംഗ സൗഹൃദമാക്കും. അതിനായി അവർക്ക് നടന്നുകയറാൻ പ്രത്യേകറാമ്പുകൾ നിർമ്മിക്കും. നാൽപ്പത് ശതമാനം വൈകല്യമുള്ള എല്ലാവർക്കും കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ സൗജന്യ പാസ്സ് ഏർപ്പെടുത്തിക്കഴിഞ്ഞു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റവും കുറഞ്ഞത് 15% വിഹിതമെങ്കിലും വികലാംഗർ തുടങ്ങിയ പാർശ്വവൽക്കൃതർക്കും സ്ത്രീകൾക്കുമായി നീക്കി വെയ്ക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ തുക കൃത്യമായി വികലാംക്ഷേമത്തിന് ഉപയോഗിക്കപ്പെടുന്നു എന്ന് ഗവൺമെന്റ് ഉറപ്പ് വരുത്തും. മാനസിക വൈകല്യം ഇളം പ്രായത്തിൽ കണ്ടു പിടിച്ച് പരിഹരിക്കാനുള്ള ഒരു പദ്ധതിക്കും രൂപം നൽകുന്നതാണ്. ശ്രവണവൈകല്യം അകറ്റാൻ 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി തുടങ്ങിയ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഇത് വരെ 70 ഓളം കുട്ടികളുടെ സർജറി വിജയകരമായി പൂർത്തിയാക്കി. ജന്മനാ നമ്മുടെ കുട്ടികളെ ബധിരതയിൽ നിന്നും മോചിപ്പിക്കാൻ ഉള്ള ഈ ശ്രമത്തിന് നല്ല പിന്തുണ ലഭിച്ചു.

സ്കിൻ അപ്ഗ്രഡേഷനിലൂടെ വികലാംഗരെ പുത്തൻ തലമുറ തൊഴിലവസരങ്ങൾക്ക് പ്രാപ്തരാക്കാം. ഇതിന് പ്രത്യേക പ്രോജക്ട് ആരംഭിക്കുന്ന കാര്യം പരിഗണിക്കും. ഹൗസിംഗ് പ്രോജക്റ്റുകളിൽ നിർദ്ദിഷ്ട ശതമാനം അവർക്കായി നീക്കിവയ്ക്കുന്ന കാര്യം ആലോചിക്കും. കലാസാഹിത്യ രംഗങ്ങളിലെ അഭിരുചി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികളും കൊണ്ടുവരുന്നതാണ്.

ആത്യന്തികമായി വ്യത്യസ്ത ശേഷിയുള്ള ഉപയുക്തമാക്കി വൈകല്യം മറന്ന് എല്ലാവരെയും നമ്മുടെ പൊതു ധാരയിൽ ഉറപ്പിച്ചു നിർത്തുക എന്ന ലക്ഷ്യം സാധ്യമാക്കണം. അതിനുള്ള ശ്രമങ്ങളിൽ നമുക്ക് ഒരുമിച്ച് നിൽക്കണം. ■

ആസൂത്രണം വിരൽത്തുമ്പിലൂടെ

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണത്തിൽ കാതലായ മാറ്റംവരുത്തി സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവഹണം സാദ്ധ്യമാക്കാൻ വേണ്ട നിലപാട് സ്വീകരിക്കുകയും കൂടുതൽ വിഭവവും അധികാരങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചത് അധികാരവികേന്ദ്രീകരണത്തിലെ ഒരു നാഴികക്കല്ലായി മാറി.

12-ാം പദ്ധതി സർക്കാർ ആലോചനായോഗങ്ങൾ ചേരുന്നതിനുമുമ്പുതന്നെ അസോസിയേഷൻ ജില്ലാ-സംസ്ഥാന തലത്തിൽ വിശദമായി ചർച്ച നടത്തിയും, തദ്ദേശ സ്വയംഭരണ മേഖലയിലെ വിദഗ്ദ്ധർ, ഉദ്യോഗസ്ഥപ്രമുഖർ എന്നിവരുമായെല്ലാം ചർച്ചനടത്തി തയ്യാറാക്കിയ 12-ാം പദ്ധതി നയസമീപനരേഖ സ്പെഷ്യൽ ജനറൽബോഡി വിളിച്ചുചേർത്ത് സർക്കാരിൽ സമർപ്പിച്ച, അതിലെ പ്രായോഗിക നിർദ്ദേശങ്ങളിൽ സർക്കാർ ക്രിയാത്മകമായി പ്രതികരിച്ചത്. സർക്കാരിന്റെ നയസമീപനം തദ്ദേശഭരണത്തിന് അനുകൂലമാണെന്ന് വ്യക്തമാക്കി. തദ്ദേശ സ്വയംഭരണം സർക്കാരിന്റെ പ്രഖ്യാപിതനയങ്ങളിൽ ഊന്നിനിന്നു പ്രവർത്തിക്കുവാൻ തക്കവിധം ഗ്രാമപഞ്ചായത്തുകളെ പ്രാപ്തരാക്കുവാൻ 14 ജില്ലകളിലും സമയബന്ധിതമായി യോഗം ചേർന്ന് പദ്ധതി ആസൂത്രണത്തെ സഹായിക്കുവാൻ ഉതകുംവിധം പരിശീലനപരിപാടി നടത്തുകയും ചെയ്തു. കില ഡയറക്ടർ, ഐ.കെ.എം. ഡയറക്ടർ, പഞ്ചായത്ത് അഡിഷണൽ ഡയറക്ടർ, ശുചിത്വമിഷൻ ഡയറക്ടർ, അസോസിയേഷൻ ഭാരവാഹികൾ എന്നിവർ ചേർന്ന് ജില്ലാപരിപാടികൾ വിശദമായി ആസൂത്രണം ചെയ്തു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, പ്ലാൻ കൈകാര്യം ചെയ്യുന്ന ക്ലർക്ക് എന്നിവർ പങ്കെടുത്ത ഏകദിന കൂടിയിരിപ്പിൽ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ, മിഷനുകൾ, പ്രോജക്ടുകൾ എന്നിവയുടെ അവതരണവും സംശയനിവാരണവും നടത്തി. പരിഹാരം കാണേണ്ട വിഷയങ്ങൾ പരിശോധിച്ച് അടിയന്തിര തീരുമാനവും ഉത്തരവും നൽകുന്നതിൽ സർക്കാർ ഏറെ സഹായകരമായ സമീപനം എടുത്തിരുന്നു. എക്കാലവും വളരെ വിമർശനങ്ങൾക്ക് വിധേയമായിരുന്ന ഐ.കെ.എം.ന്റെ ഈ വർഷത്തെ ആത്മാർത്ഥമായ ഇടപെടലുകൾ പദ്ധതി ആസൂത്രണത്തെ കാര്യമായി സഹായിച്ചിട്ടുണ്ട്. പരിഹരിക്കേണ്ട വിഷയങ്ങൾ റിപ്പോർട്ടുചെയ്താൽ കേവലം മൂന്നു മണിക്കൂറിനുള്ളിൽ പരിഹരിക്കപ്പെടുന്ന രീതിയാക്കി.

അസോസിയേഷൻ ചരിത്രത്തിലാദ്യമായി ഇത്തരം ഒരു ഇടപെടൽ നടത്തുവാൻ തയ്യാറായപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി, പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി, ഗ്രാമവികസന-പ്ലാനിംഗ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അസോസിയേഷന് മാർഗനിർദ്ദേശവുമായി മുന്നിട്ടിറങ്ങിയതും ചരിത്രമായി മാറുകയാണ്. എറണാകുളം ജില്ലയുടെ പരിപാടി കിലയിൽ സംഘടിപ്പിച്ചപ്പോൾ മുഖ്യമന്ത്രിയും, പഞ്ചായത്ത് വകുപ്പ് മന്ത്രിയും പങ്കെടുത്തത് വളരെ ആവേശകരമായിരുന്നു. തൃശൂർ ജില്ലായോഗത്തിൽ ധനകാര്യമന്ത്രി കെ.എം. മാണി പങ്കെടുത്ത് മുഴുവൻ പിന്തുണയും വാഗ്ദാനംചെയ്തു. മലപ്പുറം യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് എം.എൽ.എ. പി. ഉബൈദുള്ള പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ എല്ലാ പിന്തുണയും നൽകുമെന്ന് പ്രഖ്യാപിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, പഞ്ചായത്ത് ഡയറക്ടർ, അഡിഷണൽ ഡയറക്ടർ, ഡി.ഡി.പി.മാർ, അസോസിയേഷൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ വിവിധ ജില്ലകളിലെ പരിപാടികളിൽ ഉദ്ഘാടകരായി. സംശയങ്ങൾക്ക് കിലയുടെ സീനിയർ ഫാക്കൽറ്റി അംഗങ്ങൾ വിശദീകരണം നൽകി. സർക്കാർതലത്തിൽ തീരുമാനം എടുക്കേണ്ട വിഷയങ്ങളിൽ കോഡിനേഷന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരുപക്ഷെ ലോകചരിത്രത്തിൽ ആദ്യമായിരിക്കും 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏകദേശം 1,45,290 പദ്ധതികളിലായി 3,175 കോടി രൂപ വകയിരുത്തിയിരിക്കുന്നതും (ഇതിൽ 92,227 പദ്ധതികൾ അംഗീകരിക്കുകയുണ്ടായി.) ഇവ നിശ്ചിത സമയത്തിനുള്ളിൽ ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്താൽ ഓൺലൈനിൽ വിജയകരമായി എന്റർ ചെയ്യാൻ കഴിഞ്ഞത്. അസോസിയേഷൻ നേതൃത്വപരമായ പങ്കുവഹിക്കുകയും ഗ്രാമപഞ്ചായത്തുകൾ നിശ്ചയദാർഢ്യത്തോടെ, ഇച്ഛാശക്തിയോടെ പ്രവർത്തിച്ചതും വിജയത്തിന് ആധാരമായി. ഈ കൂട്ടായ്മ നിലനിർത്തി സുതാര്യവും അഴിമതിരഹിതവുമായ സദ്ഭരണം സാധ്യമാക്കാൻ തുടർപരിപാടികൾ അസോസിയേഷൻ ആസൂത്രണം ചെയ്തുവരികയാണ്.

ജില്ലകളിലെ ചർച്ചകളിൽ ഉയർന്ന നിർദ്ദേശങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് അതത് വകുപ്പുകളെ ഇടപെടുവിക്കവാനും നിയമങ്ങൾ, ചട്ടങ്ങൾ, റൂളുകൾ, മാനുവലുകൾ എന്നിവയിൽ ആവശ്യമായ ഭേദഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും നടപടി സ്വീകരിച്ചുവരികയാണ്. വരുംവർഷത്തെ പദ്ധതി ആസൂത്രണം മുൻകൂറായി നടത്തുവാൻ വേണ്ട ശ്രമങ്ങൾ അസോസിയേഷൻ നടത്തി വരികയാണ്.

തയ്യാറാക്കിയത്
സൂപ്പി നരിക്കാട്ടേരി
ജനറൽ സെക്രട്ടറി, കെ.ജി.പി.എ.

ഗ്രാമത്തനിമയും നന്മയും തൊട്ടറിഞ്ഞ്

സപ്തഭാഷാ സംഗമഭൂമിയിൽ

വങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രത്യക്ഷവേദികളായ ഗ്രാമസഭകളുടെ ശാക്തീകരണം ലക്ഷ്യമാക്കി, ഗ്രാമത്തനിമയും നന്മയും തൊട്ടറിഞ്ഞ് പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ നടത്തിയ ഗ്രാമയാത്ര സപ്തഭാഷ സംഗമഭൂമിയായ കാസറഗോഡ് ജില്ലയിലെ ഗ്രാമസഭാംഗങ്ങൾ ഹൃദയത്തിലേറ്റി സ്വീകരിച്ചു. 2012 നവംബർ 22 നാണ് ഗ്രാമങ്ങളെ ഉണർത്തി ഡോ.മുനീർ നടത്തിവരുന്ന ഗ്രാമയാത്ര മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽപ്പെട്ട മംഗൽപാടി ഗ്രാമപഞ്ചായത്തിലെ ഉപ്പള, കാസറഗോഡ് നിയോജക മണ്ഡലത്തിൽപ്പെട്ട മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ ചൗക്കി കാവുമഠം, ഉദുമ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ ബേക്കൽ ബീച്ച് എന്നിവിടങ്ങളിലെത്തിച്ചേർന്നത്. മൂന്നിടത്തേയും സ്വീകരണ പരിപാടി പുതുമകൾ കൊണ്ടും പങ്കാളിത്തം കൊണ്ടും ഏറെ ശ്രദ്ധേയമായി. പതിറ്റാണ്ടുകൾക്കപ്പുറത്തുള്ള ഗ്രാമാന്തരീക്ഷം പുന:സൃഷ്ടിച്ച വേദികളിലാണ് ഗ്രാമയാത്രയുടെ ഭാഗമായുള്ള വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്. ഉപ്പള ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലായിരുന്നു മഞ്ചേശ്വരം നിയോജക മണ്ഡല ഗ്രാമയാത്രയിലെ ആദ്യ പരിപാടി. രാവിലെ 9 മണിക്ക് ഗ്രാമസൗന്ദര്യം നിറഞ്ഞ ഉപ്പളയിലെ വേദിയിലേക്ക് മന്ത്രിയേയും ജനപ്രതിനിധികളേയും ഘോഷയാത്രയായി സ്വീകരിച്ചു. നാടിന്റെ പഴമ വിളിച്ചോതുന്ന കലാരൂപങ്ങൾ ഘോഷയാത്രയ്ക്ക് പുതുമ പകർന്നു. പനയോലയും തെങ്ങോലയും കൊണ്ട് നിർമ്മിച്ച പന്തലിൽ മുള കൊണ്ടുള്ള ഇരിപ്പിടമാണ് അതിഥികൾക്കൊരുക്കിയത്. പഴയ കാർഷികോപകരണങ്ങളുടേയും നാണയങ്ങളുടേയും പ്രദർശനം ഗ്രാമയാത്രയോടനുബന്ധിച്ച് നടത്തിയത് പുതിയ തലമുറയ്ക്ക് കൗതുകമായി. പ്രദർശനം മുൻ മന്ത്രി ചെർക്കളം അബ്ദുള്ള ഉദ്ഘാടനം ചെയ്തു. ഗ്രാമയാത്ര പരിപാടിയിൽ പി.ബി അബ്ദുൾ റസാഖ്, എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായ വിതരണം മന്ത്രി നിർവ്വഹിച്ചു. ഭിന്നശേഷിയുള്ളവർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണം സിഡ്കോ ചെയർമാൻ സി.ടി അഹമ്മദലി നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി.പി ശ്യാമളാ ദേവി, ജില്ലാ കളക്ടർ പി.എസ്.മുഹമ്മദ് സഗീർ മംഗൽപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അയിഷത്ത് താഹിറ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് മന്ത്രി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് പരാതികളും നിവേദനങ്ങളും സ്വീകരിച്ചു. നടപടി സ്വീകരിക്കേണ്ടവയിൽ അപ്പോൾ തന്നെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വിശേഷാൽ ഗ്രാമസഭയിൽ തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പരിഭവങ്ങളും ആവശ്യങ്ങളും മന്ത്രി ശ്രദ്ധാപൂർവ്വം കേട്ടു. ഉച്ചവെയിൽ മൂത്ത് ഒന്നരമണിയോടെ മഞ്ചേശ്വരത്തെ ജനങ്ങൾ സ്നേഹാദരങ്ങളോടെ മന്ത്രിയെ യാത്ര അയച്ചു.

ഉച്ച തിരിഞ്ഞ് 2.45ഓടെ കാസറഗോഡ് മണ്ഡലത്തിലെ മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ ചൗക്കിയിൽ എത്തിച്ചേർന്ന ഡോ.എം.കെ മുനീറിനെ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ അടയ്ക്കാമാല അണിയിച്ച് മുട്ടപ്പാള തൊപ്പി തലയിൽ ധരിപ്പിച്ച് സ്വീകരിച്ചു. ശിങ്കാരി മേളം, ഒപ്പന, കാസറഗോഡിന്റെ തനത് കലാരൂപമായ യക്ഷഗാനവേഷങ്ങൾ എന്നിവയ്ക്ക് പുറമെ കന്യാപ്പൂ, എരുതും കളി, പൽകോൽക്കളി തുടങ്ങിയ പുതിയ തലമുറയ്ക്ക് അന്യമായ കലാരൂപങ്ങൾ അണി നിരന്ന ഘോഷയാത്രയിൽ ആയിരങ്ങൾ അണി ചേർന്നു. ഘോഷയാത്ര സിഡ്കോ ചെയർമാൻ സി.ടി. അഹമ്മദലി ഫ്ളാഗ് ഓഫ് ചെയ്തു.

മന്ത്രിയേയും മുഖ്യാതിഥികളേയും വാൽക്കിണ്ടിയിൽ കാൽ കഴുകിച്ച് താംബൂലവും കവുങ്ങിൻ പൂക്കുലയും നൽകി സ്വീകരിച്ചു. പൂർണ്ണമായും പ്ലാസ്റ്റിക്ക് മുക്തമാക്കിയ വേദിയും പരിസരവും പഴയ കാലത്തെ ഗ്രാമത്തിലെത്തിയ പ്രതീതി സൃഷ്ടിച്ചിരുന്നു. പുല്ല് മേഞ്ഞ, ചാണകം മെഴുകിയ വീടിന്റെ ഉമ്മറത്തായിരുന്നു ഇരിപ്പിടം ഒരുക്കിയത്. കാസറഗോഡൻ നാടൻ പശുവും, പൂവൻ കോഴികളും ചെമ്പകമരത്തൂണിൽ പഴയ ഉരുളൻ കപ്പി ഘടിപ്പിച്ച കിണറും, ചെമ്പു കലത്തിൽ വെള്ളം ചൂടാക്കുന്ന അടുപ്പും, കോഴിക്കൂടും എല്ലാം ഉൾപ്പെടെ നൂറ്റാണ്ടുകൾക്കപ്പുറത്തെ കർഷക ഭവനത്തിലെത്തിയ പ്രതീതിയായിരുന്നു. കുരുത്തോല കൊണ്ടുള്ള കലാരൂപങ്ങൾ, കവുങ്ങിൻ പാള കൊണ്ടുള്ള കൊടി തോരണങ്ങളും, ഓലക്കുടകളും നോക്കുകുത്തികളും വേദിക്ക് പഴമയുടെ ചാരുത പകർന്നു നൽകി. നിറപറ, ഇടങ്ങഴി, എലിപ്പെട്ടി, കാൽപ്പെട്ടി, ആമാടപ്പെട്ടി, നെൽപ്പൊതി, കോളാംബി, നൂറ്റടപ്പം, തളികകൾ, സാമ്മോവർ, പിച്ചള പാത്രങ്ങൾ, മൺകുടങ്ങൾ, ചെമ്പ് പാത്രങ്ങൾ, താംബൂല പെട്ടി തുടങ്ങി പഴമയിലേക്ക് ഓർമ്മകളെ നയിക്കുന്ന നിരവധി അപൂർവ്വ വസ്തുക്കൾ വേദിയുടെ പരിസരത്ത് ഒരുക്കിയിരുന്നു. കുരുത്തോലയും പാളയും ഉപയോഗിച്ചാണ് ബാഡ്ജുകൾ തയ്യാറാക്കിയത്. ക്ഷണപത്രം തയ്യാറാക്കിയതും കവുങ്ങിൻ പാളയിൽ തന്നെ. ഗ്രാമയാത്രാ സന്ദേശമെഴുതിയ കവുങ്ങിൻ പാള വിശറികൾ ജനങ്ങൾക്ക് ചൂടിനിടയിൽ കുളിർമ പകർന്നു. ചരിത്ര പ്രസിദ്ധമായ കാവുമഠത്തോട് ചേർന്നാണ് വേദി ഒരുക്കിയത്. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമയാത്രയുടെ വേദിയാകുന്ന കാവുമഠം ചരിത്രത്തിൽ ഇടം നേടിയ സ്ഥലം എന്നതിനുപരിയായി പ്രകൃതി സംരക്ഷണത്തിനും മാതൃകയാണ്.

ചരിത്രവേദിയിൽ ഗ്രാമയാത്രക്കെത്തിയവരെ ചിരട്ടയിൽ നൽകിയ ചുക്കുകാപ്പിയും, വാഴയിലയിൽ നൽകിയ മധുരക്കിഴങ്ങ് പുഴുങ്ങിയതും കാരമുള്ളിൽ കോർത്തിട്ട കൊട്ടത്തേങ്ങ പൂളുകളും നാടൻ സംഭാരവും നൽകി ആതിഥേയർ സ്വീകരിച്ചു.

ചടങ്ങിൽ വെച്ച് മുൻ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിമാരായ ചെർക്കളം അബ്ദുള്ള, സി.ടി അഹമ്മദലി എന്നിവരേയും ഡോ.സി.എച്ച് അബ്ദുൾബുഖാരി, ശങ്കർ നായക് എന്നിവരെ ആദരിച്ചു. വേദിയിൽ അവതരിപ്പിച്ച അന്യം നിന്ന കലാരൂപങ്ങളായ മക്കാനിപ്പാട്ട്, ഓബേലെ, കന്യാപ്പൂ എന്നിവപുതിയ തലമുറയ്ക്ക് ഹരമായി.

അസ്തമയ സൂര്യൻ ചെമ്പിട്ട് വിരിച്ച പടിഞ്ഞാറൻ ചക്രവാളത്തിൽ, ലോക ടൂറിസം ഭൂപടത്തിലെ സുപ്രധാന കേന്ദ്രമായ ബേക്കൽ കോട്ടയോടനുബന്ധിച്ചുള്ള പള്ളിക്കര ബീച്ചിലായിരുന്നു ഗ്രാമയാത്രയുടെ അടുത്ത പരിപാടി. ആയിരക്കണക്കിന് സ്ത്രീകൾ അണി നിരന്ന ഘോഷയാത്രയിൽ മന്ത്രിയേയും വിശിഷ്ടാതിഥികളേയും കുതിരവണ്ടിയിലാണ് ആനയിച്ചത്. മുത്തുകുടകൾ, ഒപ്പന, അലാമി കളി എന്നിവ ഘോഷയാത്രക്ക് മാറ്റുകൂട്ടി. നേരം ഇരുട്ടിയിരുന്നെങ്കിലും ആയിരക്കണക്കിന് സ്ത്രീകൾ പരിപാടിയുടെ അവസാനം വരെ ഗ്രാമസഭയിൽ പങ്കെടുത്തു. ഒപ്പനയും തിരുവാതിരക്കളിയും മാപ്പിളപ്പാട്ടും അലാമി കളിയും വേദിയിൽ അവതരിപ്പിച്ചു.

ഉദുമ എം.എൽ.എ കെ. കുഞ്ഞിരാമൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.കൃഷ്ണൻ, സി.എച്ച്. മുഹമ്മദ് കുഞ്ഞി ചായിന്റടി തുടങ്ങിയവർ സംസാരിച്ചു. പള്ളിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുന്നുച്ചി കുഞ്ഞിരാമൻ സ്വാഗതവും എം.വി. അബ്ദുള്ള കുഞ്ഞി നന്ദിയും പറഞ്ഞു. ■

റിപ്പോർട്ട് തയ്യാറാക്കിയത്
എം. കണ്ണൻ നായർ
സെക്രട്ടറി,മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്

ഡോ. ജെ.ബി രാജൻ

'സുലേഖ' ബുദ്ധിമതിയാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതിയുടെ രൂപികരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആസൂത്രണ നടപടികളും, സൂക്ഷ്മ പരിശോധാ സംവിധാനവും ലളിത വത്കരിച്ചു. ഇതിന് പര്യാപ്തമായ രീതിയിലാണ് പദ്ധതി ആസൂത്രണം, സബ്സിഡി, പ്രോജക്ട് ഫോറങ്ങൾ, പദ്ധതി അംഗീകാരം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖകൾ പരമാവധി ലഘൂകരിച്ചുക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. പദ്ധതി സമർപ്പിക്കുന്നതിനും, അംഗീകരിക്കുന്നതിനും ഐ.കെ.എം വികസിപ്പിച്ച "സുലേഖ" സോഫ്റ്റവെയർ 'വെബ്' അടിസ്ഥിതമാക്കിയതിലൂടെ പ്രോജക്ട് പരിശോധനാ സംവിധാനം തദ്ദേശ ഭരണ സ്ഥാപന-സൗഹൃദമാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ സമർപ്പണവും, അംഗീകാരവും 'ഓൺലൈൻ' വഴിയാക്കിയത് അനാവശ്യ കാലതാമസം ഒഴിവാക്കാൻ സഹായിച്ചിട്ടുമുണ്ട്. മാത്രവുമല്ല 'സുലേഖ' സോഫ്റ്റ് വെയർ ബുദ്ധിപരമായ സവിശേഷതകൾ (Intelligent) ഉൾക്കൊള്ളുന്നത് കൊണ്ട് തന്നെ സൂക്ഷമപരിശോധനാ സംവിധാനം കൂടുതൽ സുഗമമായി പ്രോജക്ട് വിശദാംശങ്ങൾ രേഖപ്പെടുത്തുമ്പോൾ തന്നെ തെറ്റുകൾ കണ്ടെത്തി അവ കുറ്റമറ്റതാകുന്ന സംവിധാനമുള്ളതാണ് സുലേഖയുടെ പ്രത്യേകത. പ്രോജക്ട് സമർപ്പണം-സൂക്ഷ്മപരിശോധനാ നിലവാരം സമയാസമയങ്ങളിൽ മൗസ് ക്ലിക്കിലൂടെ അറിയുവാൻ കഴിയുന്നത് ഫലപ്രദമായ മോണിറ്ററിംഗും സുതാര്യതയും ഉറപ്പുവരുത്തുന്നു. 2012 ഡിസംബർ 13-ലെ സംസ്ഥാനതല കണക്കു പ്രകാരം 1,82,106 പ്രോജക്ടുകൾ സമർപ്പിച്ചതിൽ 90,960 പ്രോജക്ടുകൾ അംഗീകരിച്ച് കഴിഞ്ഞു. സമർപ്പിച്ച പ്രോജക്ടുകളുടെ, ആകെ അടങ്കൽ തുക. 8650.76 കോടി രൂപയാണ്. ഇതിൽ 3930.34 കോടിരൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകി കഴിഞ്ഞു. (പട്ടിക-1). അതായത് ഒരു തദ്ദേശസ്വയംയഭരണ സ്ഥാപനത്തിന്റെ ശരാശരി പ്രോജക്ടുകളുടെ എണ്ണം 150 ഉം അടങ്കൽ തുക 3.28 കോടിരൂപയുമാണ്. ഈ കണക്കുകൾ പ്രാദേശിക ആസൂത്രണത്തിന്റെ ശുഭകരമായ സൂചനകളാണ് നൽകുന്നത്.

"സുലേഖ" സോഫ്റ്റവെയർ 'വെബ്" അടിസ്ഥിതമാക്കിയതിലൂടെ പ്രോജക്ട് പരിശോധനാ സംവിധാനം തദ്ദേശ ഭരണ സ്ഥാപന – സൗഹൃദമാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ സമർപ്പണവും, അംഗീകാരവും 'ഓൺലൈൻ' വഴിയാക്കിയത് അനാവശ്യ കാലതാമസം ഒഴിവാക്കാൻ സഹായിച്ചിട്ടുമുണ്ട്. മാത്രവുമല്ല "സുലേഖ" സോഫ്റ്റ് വെയർ ബുദ്ധിപരമായ സവിശേഷതകൾ (Intelligent) ഉൾക്കൊള്ളുന്നത് കൊണ്ട് തന്നെ സൂക്ഷമപരിശോധനാ സംവിധാനം കൂടുതൽ സുഗമവുമായി പ്രോജക്ട് വിശദാംശങ്ങൾ രേഖപ്പെടുത്തുമ്പോൾ തന്നെ തെറ്റുകൾ കണ്ടെത്തി അവ കുറ്റമറ്റതാകുന്ന സംവിധാനമുള്ളതാണ് സുലേഖയുടെ പ്രത്യേകത.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സൂപ്പി നരിക്കാട്ടേരിയുടെ അഭിപ്രായത്തിൽ: "ഇത്രയും ലളിതവും സുഗമവുമായ സംവിധാനം ഇതിനു മുമ്പുണ്ടായിട്ടില്ല. പുതിയ സംവിധാനത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കാത്തതിനാൽ പ്രാരംഭത്തിൽ ആശങ്കയുണ്ടായിരുന്നു. എന്നാൽ 'സുലേഖ'യിൽ പ്രോജക്ടുകളുടെ ഡാറ്റാ എൻട്രിയും അംഗീകാരവും കഴിഞ്ഞപ്പോഴാണ് 'സുലേഖ'യുടെയും, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖകളുടെയും സവിശേഷതകൾ മനസ്സിലായത്". ഇത് അദ്ദേഹത്തിന്റെ മാത്രം ഒറ്റപ്പെട്ട ശബ്ദമല്ല; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുവേയുണ്ടാകുന്ന പ്രതികരണമാണ്. വിരൽ തുമ്പിലൂടെ പ്രോജക്ടുകളെ ചലിപ്പിക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കിയത് ഇതര സംസ്ഥാനങ്ങൾക്കും മാതൃകയാണ്.

പ്രോജക്ട് അംഗീകാരത്തിൽ ജില്ലാ ആസൂത്രണ സമിതികൾക്ക് (ഡി.പി.സി) കാര്യമായ പങ്കില്ലായെന്ന പരാതിയുണ്ടായിരുന്നുവെങ്കിലും പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഡി.പി.സി.കൾ കാര്യമായ പങ്ക് വഹിച്ചുവെന്നും ശ്രദ്ധേയമാണ്. പല ജില്ലകളിലും ഡി.പി.സി യുടെ ആഭിമുഖ്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അംഗീകാരം നൽകേണ്ട ഉദ്യോഗസ്ഥരുടേയും സംയുക്ത യോഗം വിളിച്ച് ഉചിതമായ തീരുമാനങ്ങൾ കൈകൊള്ളുകയും, 'അക്ഷയ' കേന്ദ്രങ്ങൾ വഴി കമ്പ്യൂട്ടർ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതിലൂടെ പ്രാദേശികാസൂത്രണത്തിലെ ഡി.പി.സി. യുടെ നിർണ്ണായക പരിപോഷക പങ്ക് (Facilitative Role) തെളിയിച്ചിരിക്കയാണ്.

പ്രാദേശികാസൂത്രണത്തിന് നിദാനമായ ഓരോ മാർഗ്ഗ രേഖകളും സർക്കാർ പുറപ്പെടുവിച്ചതനുസരിച്ച് സമയബന്ധിതമായും ചിട്ടയായും 'കില' പരിശീലനം നൽകിയത് ഈ പ്രവർത്തനങ്ങളെ സഹായിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ച് മൂന്നാഴ്ച്ചക്കുള്ളിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ, പ്ലാൻ കോർഡിനേറ്റർമാർ എന്നിവർ ഉൾപ്പെടെ 35,466 പേർക്കാണ് 'കില' പരിശീലനം നൽകിയത്. പ്രാന്തവൽകൃത വിഭാഗങ്ങളായ പട്ടിക വർഗ്ഗം, പരമ്പരാഗത മത്സ്യതൊഴിലാളികൾ എന്നിവരുടെ വികസനം പ്രാദേശികാസൂത്രണത്തിൽ ഉറപ്പ് വരുത്തുന്നതിലേക്കായി ഈ വിഭാഗങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രത്യേക പരിശീലനത്തിൽ ആകെ 912 പേർ പങ്കെടുത്തു; 832 പേർ പട്ടിക വിഭാഗത്തിലും 80 പേർ പരമ്പരാഗത മത്സ്യമേഖലയിലും. സൂക്ഷമ പരിശോധന അംഗീകാരവുമായി ബന്ധപ്പെട്ട് 1352 പേർക്കും കില പരിശീലനം നൽകി. (പട്ടിക – 2 കാണുക.)

പദ്ധതി അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് കാലതാമസം കൂടാതെനിർവ്വഹണം ആരംഭിക്കാവുന്നതാണ്. പതിനൊന്നാം പദ്ധതി കാലയളവ് വരെ അംഗീകാരം ലഭിച്ച് കഴിഞ്ഞ നിർമ്മാണ പ്രവൃത്തി പ്രോജക്ടുകളുടെ സാങ്കേതിക അനുമതിക്കായി (Technical Sanction) കുറഞ്ഞത് ഒരു മാസമെങ്കിലും എടുത്തിരുന്നു. എന്നാൽ പന്ത്രണ്ടാം പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരത്തോടൊപ്പം സാങ്കേതിക അനുമതി കൂടി നൽകുന്നത് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സഹായിക്കും. മുൻപദ്ധതി കാലയളവുകളിൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (TAG) യോഗങ്ങൾ മാർച്ച് മാസം വരെ കൂടി അതത് സാമ്പത്തിക വർഷത്തെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്! ഉദാഹരണത്തിന് പതിനൊന്നാം പദ്ധതിയുടെ അവസാന വർഷത്തെ (2011-12) പ്രോജക്ടുകളുടെ അംഗീകാരത്തിനായി സംസ്ഥാന "ടാഗ്" ന്റെ മേഖലായോഗം 2012 മാർച്ച് 15-ാം തീയ്യതി വരെയും കൂടിയിട്ടുണ്ട്! അതിൽ നിന്നും വ്യത്യസ്തമായി ഒരു പദ്ധതി കാലയളവിന്റെ പ്രാരംഭ ദശയിൽ സ്വാഭാവികമായുണ്ടാകുന്ന ആശങ്കകളെല്ലാം മറികടന്ന് പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ശരാശരി 76 പ്രോജക്ടിലായി 3.28 കോടി അടങ്കൽ തുകയ്ക്ക് അംഗീകാരം ലഭിച്ചത് നല്ല സൂചനയാണ്. ഈ സാമ്പത്തിക വർഷം (2012-13) പദ്ധതി

പട്ടിക - 1

	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി: ഒന്നാം വർഷ (2012-13): പ്രോജക്ട് സമർപ്പണ-സൂക്ഷ്മ പരിശാധന നിലവാരം	അംഗീകാരത്തിന് സമർപ്പിച്ചത്	അംഗീകാരം നൽകിയത്
1.	തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ	1208	1191
2.	പ്രോജക്ടുകൾ	182106	90960
3.	അടങ്കൽ തുക (കോടിയിൽ)		
	ഉൽപാദന മേഖല	942.54	439.36
	സേവന മേഖല	4726.86	2292.54
	പശ്ചാത്തല മേഖല	2981.37	1171.44
	ആകെ	**8650.76**	**3903.34**
4.	ശരാശരി പ്രോജക്ടുകൾ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്	151	76
5.	ശരാശരി അടങ്കൽ തുക (കോടി രൂപ) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്	7.16	3.28

2012 ഡിസംബർ 13ന്, 5മണിവരെയുള്ള നിലവാരം

പട്ടിക - 2

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017):
തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായി കില സംഘടിപ്പിച്ച പരിശീലനം

1.	സംസ്ഥാനതല പരിശീലനം- അദ്ധ്യക്ഷർക്കും, സെക്രട്ടറിമാർക്കും	: 3092
2.	ജില്ലാതല പരിശീലനം- സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർക്ക്	: 4101
3.	ബ്ലോക്ക്തല പരിശീലനം- വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾക്ക്	:28273
4.	പ്ലാൻ കോർഡിനേറ്റർമാർ	: 960
5.	പട്ടിക വർഗ്ഗ ഉപപദ്ധതി- ഊര്മൂപ്പൻമാർക്കും, ട്രൈബൽ പ്രൊമോട്ടർമാർക്കും	: 832
6.	മത്സ്യമേഖല വികസനം- വർക്കിംഗ് ഗ്രൂപ്പ് അദ്ധ്യക്ഷൻ, കൺവീനർ	: 80
7.	സൂക്ഷ്മ പരിശോധന- അംഗീകാര ഉദ്യോഗസ്ഥർക്ക്	: 1392
	ആകെ	**:37770**

നിർവ്വഹണത്തിനായി നാല് മാസത്തോളം ലഭിക്കുന്നുണ്ട്. കൃത്യമായ പ്രവർത്തന കലണ്ടർ തയ്യാറാക്കി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തുടർന്നും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ അംഗീകാരം ലഭിച്ച എല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാനാകും. അതിനോടൊപ്പം അടുത്ത വർഷത്തെ പ്രോജക്ടുകളുടെ രൂപീകരണവും 2013 ഫെബ്രുവരിയോടെ പൂർത്തീകരിക്കാനുമാകും. ഇത്തരുണത്തിൽ പ്രാദേശികാസൂത്രണത്തിൽ ഡി.പി.സി വഹിച്ച പരിപോഷക പങ്ക് തുടർന്നും നൽകേണ്ടതുണ്ട്. ■

ലേഖകൻ 'കില'യിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.

പതിനൊന്നാം പദ്ധതി കാലയളവ് വരെ അംഗീകാരം ലഭിച്ച് കഴിഞ്ഞ നിർമ്മാണ പ്രവൃത്തി പ്രോജക്ടുകളുടെ സാങ്കേതിക അനുമതിക്കായി (Technical Sanction) കുറഞ്ഞത് ഒരു മാസമെങ്കിലും എടുത്തിരുന്നു. എന്നാൽ പന്ത്രണ്ടാം പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരത്തോടൊപ്പം സാങ്കേതിക അനുമതി കൂടി നൽകുന്നത് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സഹായിക്കും.

നിയമദൃഷ്ടി

നികുതി പിരിവ് നിയമാനുസൃതമാകണം

ജോൺ എസ്. ജെയിംസ്

നിയമവ്യവസ്ഥകൾക്ക് പിന്നിലുള്ള അടിസ്ഥാന തത്വങ്ങൾ നിയമം നിർമ്മിക്കുന്നവരും നടപ്പിലാക്കുന്ന അധികാരസ്ഥരും അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്; അവയെപ്പറ്റിയുള്ള ഒരന്വേഷണം ഈ പംക്തികളിലൂടെ ആരംഭിക്കാം, എന്ന് കഴിഞ്ഞ ലക്കത്തിൽ കുറിച്ചിരുന്നു-അതിവിടെ ആരംഭിക്കാം.

നികുതി ചുമത്തുക-പിരിക്കുക എന്നീ കാര്യങ്ങൾ രാഷ്ട്രത്തിന്റെ പരമാധികാരത്തിന്റെ അത്യുദാത്ത ഭാവ പ്രകടനമാണ്. ജനാധിപത്യത്തിൽ പ്രത്യേകിച്ചും ഇത് നിയമത്തിന്റെ ആധികാരികതയോടും പിൻബലത്തോടെയും മാത്രമേ പാടുള്ളൂ. അല്ലെങ്കിൽ നികുതി പിരിവ് ഒരു തരം 'പിടിച്ചുപറി' ആയി ഭവിക്കാം. ഇത് സ്വാഭാവിക നീതി.

ഇതേ തത്വമാണ് ഭാരത ഭരണ ഘടനയിലെ അനുഛേദം 265-ൽ ഒറ്റ വാചകത്തിൽ പറഞ്ഞു വച്ചിരിക്കുന്നത്, അതായത്; "യാതൊരു നികുതിയും നിയമത്തിന്റെ ആധികാരികത ഇല്ലാതെ (അഥവാ നിയമാനുസൃതമല്ലാതെ) ചുമത്തുവാനോ പിരിക്കുവാനോ പാടുള്ളതല്ല" നിയമാനുസൃതമല്ലാതെ എന്നു പറഞ്ഞാൽ നിയമസഭയിൽ പാസാക്കിയ ഒരു നിയമം അനുസരിച്ചല്ലാതെ എന്നു തന്നെയാണർത്ഥം. നിയമം അധികാരപ്പെടുത്തിയതനുസരിച്ചാണെങ്കിൽ പോലും വിജ്ഞാപന പ്രകാരം നികുതി നിരക്ക് നിശ്ചയിക്കുന്നതും ചുമത്തുന്നതും പിരിക്കുന്നതും നിയമാനുസൃതമല്ല. എന്നാൽ ഈ നാട്ടിൽ നിയമത്തിൽ ഒന്നും തീർത്തു പറയാതെ വിജ്ഞാപനങ്ങളിലൂടെയും ചട്ടങ്ങളിലൂടെയും നികുതി നിരക്ക് നിർണ്ണയിക്കുന്നതും കൂട്ടുന്നതും കുറയ്ക്കുന്നതും ഒരു പ്രവണതായി കണ്ടു വരുന്നു. 2009 ലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഭേദഗതി നിയമവും ചട്ടങ്ങളും വരുന്നതിന് വളരെ മുമ്പു തന്നെ പുതിയ നികുതി സമ്പ്രദായം അവതരിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിരുന്നു. അനതിവിദൂര കാലത്താണല്ലോ ടെലഫോൺ ടവ്വറിന് സർക്കാരുത്തരവിലൂടെ വസ്തു നികുതി ചുമത്തിയതും കോടതി ആ ഉത്തരവ് സ്റ്റേ ചെയ്തതും. നിയമസഭാ സാമാജികർക്കു നികുതി നിശ്ചയിക്കുന്നതിലും ചുമത്തുന്നതിലും നേരിട്ടുള്ള പങ്ക് അനുപേക്ഷണീയമാണെന്നു ചുരുക്കം.

തറവിസ്തീർണ്ണം വർദ്ധിക്കുന്നതനുസരിച്ച് അടിസ്ഥാന നികുതി വർദ്ധിക്കുമെന്നിരിക്കെ വർദ്ധിക്കുന്ന തറ വിസ്തീർണ്ണത്തിന് വർദ്ധനവിന്റെ തോതനുസരിച്ച് സ്ലാബ ടിസ്ഥാനത്തിൽ പട്ടിക പ്രകാരം നിരക്കു വർദ്ധിപ്പി ക്കുന്നതിനുള്ള രീതി ഒഴിവാക്കി.

വർദ്ധനവുകളും ഇളവുകളും വരുത്താനുള്ള വ്യവസ്ഥ കൾ സങ്കീർണ്ണത ഇല്ലാതാക്കാൻ ലഘൂകരിച്ചു.

സർക്കാർ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ 2009-നു മുമ്പ് വരെ അനുഭവിച്ചുവന്ന വസ്തു നികുതി ഇളവ് പുനസ്ഥാപിച്ചു.

നികുതി ദായകർക്ക് 'ഫ്രണ്ട് ലി' ആയി വസ്തുനികുതി ഘടന പരിഷ്കരിച്ചു എന്ന് ആശ്വസിക്കാം. കൂടാതെ നികുതി ചുമത്താനും പരിക്കാനുമുള്ള തദ്ദേശഭരണ സ്ഥാപ നങ്ങളുടെ ചുമതലയും അധികാരവും പുനസ്ഥാപിച്ചു എന്നതും ഒരു വൻനേട്ടം തന്നെ. **നികുതി പിരിവിനെയും പഞ്ചവാർഷിക നികുതി പുതുക്കലിനെയും വീണ്ടും ശരിയായ 'ട്രാക്കിലാക്കി'എന്നത് നികുതി പിരിവിന്റെ ചരിത്രത്തിൽ ഒരു ചെറിയ കാര്യമല്ല.**

നീണ്ട രണ്ടു പതിറ്റാണ്ടുകാലത്തോളം നേരെ ചൊവ്വേ വസ്തു നികുതി പിരിക്കാൻ കേരളക്കരയിലെ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല എന്നത് ഒരു നഗ്നസത്യം. ഇത് നേരെയാക്കാൻ 2009-ൽ കൊണ്ടുവന്ന നിയമഭേദഗതി ഫലത്തിൽ ചീറ്റിപ്പോകുകയാണുണ്ടായത്. ശാസ്ത്ര സാങ്കേതികത വേണ്ടുവോളം പ്രയോഗിച്ച് പടു ത്തുയർത്തിയ ഈ നികുതി പരിഷ്കാരം അടിപതറി നിലം പതിക്കാൻ കാരണം, വാർഷിക വസ്തു നികുതി നിർണ്ണയത്തിന്റെയും ചുമത്തലിന്റെയും പിരിവിന്റെയും പിന്നിലുള്ള അടിസ്ഥാന നിയമ തത്വങ്ങൾ അവഗണിക്ക പ്പെട്ടതു തന്നെയാണ്. വാർഷിക വസ്തു നികുതി വാർഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, തറവി സ്തീർണ്ണം കണക്കാക്കി ആയാൽ പോലും, നിർണ്ണയി ക്കേണ്ടതായിരുന്നു. നികുതി ചുമത്താനും പിരിക്കാനു മുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരം അന്യാധീനപ്പെടുത്തരുതായിരുന്നു. നിയമാനുസൃതമായ നികുതി നിശ്ചയിക്കലിനു ശേഷം ചട്ടപ്രകാരമുള്ള ഇള വുകളും വർദ്ധനവുകളും അനുവദിക്കരുതായിരുന്നു. എന്നാൽ പൊതുജനാഭിപ്രായം അടുത്തറിഞ്ഞ് സർക്കാർ നികുതിദായകരുടെയും സ്വയം ഭരണ സ്ഥാപനങ്ങളു ടെയും താത്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതി നായി താമസംവിനാ 2012-ലെ ഭേദഗതി ഓർഡിനൻസ്

മുനിസിപ്പാലിറ്റി–പഞ്ചായത്തു നിയമങ്ങൾ ഉണ്ടായ കാലംമുതൽ നിയമ പ്രകാരം നികുതി അസ്സസ് ചെയ്യുക,ഡിമാന്റ് ചെയ്യുക, കളക്ട് ചെയ്യുക എന്നിവ സ്വയം ഭരണസ്ഥാപനങ്ങളുടെ മേൽ നിയമം ഏൽപിച്ച ചുമതലകളാണ്. 2009 ഭേദഗതി നിയമ പ്രകാരം പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഫലത്തിൽ ഈ നയ്യാമിക ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിവാക്കും വിധം നികുതി ദായകർക്ക് റിട്ടേൺ ഫയൽ ചെയ്ത് വസ്തുനികുതി നിശ്ചയിക്കാൻ അവസരം നൽകി.

പുറപ്പെടുവിച്ചു. ഇതിന് സർക്കാരിന്റെ ഇച്ഛാശക്തി യഥാ സമയം ഉണർന്നു പ്രവർത്തിച്ചുവെന്ന കാര്യം നന്ദിയോടെ ഓർക്കേണ്ടതുണ്ട്. സദുദ്ദേശത്തോടെയുള്ള സത്വര നിയമ നിർമ്മാണത്തിന് ഈ ഓർഡിനൻസ് ഭാവിയിൽ മാതൃകയാ കട്ടെ. ശുഭസ്യ! ശീഘ്രസ്യ!

നികുതി ചുമത്തൽ, പിരിവ് എന്നീ കാര്യങ്ങളിൽ നിയമവ്യവ സ്ഥകളുടെ പിന്നിലുള്ള അടിസ്ഥാന തത്വങ്ങളെ ഉൾക്കൊണ്ടു കൊണ്ട് നിയമഭേദഗതി രൂപപ്പെടുത്തി എന്നതാണ് 2012-ലെ ഓർഡിനൻസുകളുടെ പ്രത്യേകത. നിരക്കുകൾ നിശ്ചയിക്കുന്ന തിൽ കുറെക്കൂടി ജനകീയത വരുത്തുമാറ് നിയമസഭാ സാമാജി കരെ നിയമ നിർമ്മാണത്തിൽ ഇടപെടാൻ അനുവദിക്കുമ്പോഴെ ഭരണഘടനയുടെ അനുഛേദം 265-ലെ അന്തസത്ത പ്രയോഗ ത്തിൽ വരുത്തി എന്ന് പറയാനാവൂ.

ലൈസൻസ് സംബന്ധിച്ച കാര്യങ്ങൾ
അടുത്ത ലക്കത്തിൽ

*ലേഖകൻ സെക്രട്ടറിയേറ്റ്
ലോ ഡിപ്പാർട്ടുമെന്റിൽ നിന്നും
അഡീഷണൽ സെക്രട്ടറിയായി
വിരമിച്ചതാണ്*

നിയമവും ധാർമ്മികതയും
ഒരു ഫ്ളാഷ് ബാക്ക്

സ്വന്തം വീട് വാടകയ്ക്ക് കൊടുക്കുന്നത് ഒരു കുറ്റ കൃത്യമാണോ? ആണെന്ന മട്ടിൽ ആണ് 2009 ഭേദഗതി ആക്ട് പ്രകാരമുള്ള ചട്ടങ്ങളിൽ, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം വാടകയ്ക്ക് കൊടുത്താൽ 50% വസ്തു നികുതി വർദ്ധനവ് ചട്ടങ്ങളിലെ പട്ടിക 9 പ്രകാരം വരുത്തിയിരുന്ന ത്. കുട്ടികളുടെ പഠനാവശ്യത്തിനായി നാം നാട്ടിൻ പുറ ത്തുള്ള വീട് വാടകയ്ക്ക് കൊടുത്തിട്ട് പട്ടണത്തിനടുത്ത് വീട് വാടകയ്ക്ക് എടുക്കാറുണ്ട്. നാട്ടിലെ വീട് വാടകയ്ക്കും കൊടുക്കാറുമുണ്ട്. 2009-ലെ വസ്തു നികുതി നിയമവും ചട്ടവും അനുസരിച്ച് അധിക വരുമാനമുണ്ടാക്കാനായി നട ത്തിയ ഒരു ഇടപാടാണിത്. അതിനാൽ അധികം നികുതി കൊടുത്തേ തീരൂ.

സ്വന്തം വീട് വാടകയ്ക്ക് കൊടുക്കുന്നതും പകരം ഒരു വീട് വാടകയ്ക്കെടുക്കുന്നതും ഒരു കുറ്റകൃത്യമല്ല. വീട് വയ്ക്കുന്നത് ഒന്നുകിൽ താമസിക്കാനോ അല്ലെങ്കിൽ വാടകയ്ക്ക് കൊടുക്കാനോ തന്നെയാണ്. സ്വന്തമായി താമസിക്കുന്നില്ലെങ്കിൽ പൂട്ടിയിടണമെന്നില്ല അതിലേക്ക് അധികനികുതി കെട്ടിടത്തിന് ചുമത്തേണ്ടതില്ല. ഇത് മറുപക്ഷം.

ധാർമ്മികത ഒന്നാമത്തെ വാദത്തിലോ രണ്ടാമത്തേ തിലോ രണ്ടാമത്തേതിൽ തന്നെ. അതു കൊണ്ടാണ് 2012 ലെ ഓർഡിൻസ് പ്രകാരമുള്ള ചട്ടങ്ങളിൽ രണ്ടാമത്തെ വാദം അംഗീകരിച്ച് നിയമമാക്കിയത്. വാടകയ്ക്ക് കൊടുത്ത വീടിന്റെ അധികനികുതി ന്യായീകരിക്കാനാ വാത്തത് എന്ന നിലയ്ക്കാണ് പട്ടിക തന്നെ ഒഴിവാക്കി യത്. ഇത് ജനപക്ഷം. ■

.... നിയമം ധാർമ്മികതയുടെ വാൽക്കണ്ണാടി തന്നെ ....

ഇന്ദിരാഗാന്ധി
ഇന്ത്യയുടെ ശക്തിയും അഭിമാനവും

എം.വി. തോമസ്

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ 95-ാം പിറന്നാൾ ഇക്കഴിഞ്ഞ നവംബർ 19ന് രാജ്യത്തുടനീളം ആചരിക്കപ്പെട്ടു. 16 വർഷം ഇന്ത്യയുടെ ഭരണസാരഥ്യം വഹിച്ച അവർ ഇന്ത്യയെ സുശക്തമായ ഒരു രാഷ്ട്രമാക്കി തീർക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു. 1999ൽ ബി.ബി.സി നടത്തിയ ഒരു സർവേയിൽ കഴിഞ്ഞ ഒരു സഹസ്രാബ്ദത്തിനിടയിൽ ലോകത്തിലുണ്ടായ ഏറ്റവും മഹതിയായ വനിത ഇന്ദിരാഗാന്ധിയാണെന്ന് കണ്ടെത്തിയിരുന്നു.

സ്വാതന്ത്ര്യ സമരത്തിലെ മുന്നണിപ്പോരാളിയും ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും രാഷ്ട്രശില്പിയുമായിരുന്ന ജവഹർലാൽ നെഹ്റുവിന്റെയും കമലാ നെഹ്റുവിന്റെയും ഏക സന്താനമായി ഇന്ദിരാ പ്രിയദർശിനി ജനിച്ചത് 1917 നവംബർ 19ന് ആണ്. അച്ഛനും അമ്മയും മാത്രമല്ല മുത്തച്ഛനായ മോത്തിലാൽ നെഹ്റുവും സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്തിരുന്നു. ആ സാഹചര്യത്തിൽ വളർന്നു വന്ന ഇന്ദിരയ്ക്ക് ബാല്യത്തിൽ തന്നെ രാഷ്ട്രീയ കാര്യങ്ങളിൽ താത്പര്യം ജനിച്ചു. ജവഹർലാൽ നെഹ്റു മകളുടെ 12-ാം ജന്മദിനത്തിൽ അവൾക്ക് ആശംസ നേർന്നു കൊണ്ട് ഇങ്ങനെ എഴുതി: "പ്രിയപ്പെട്ട കുഞ്ഞേ, നീ വെളിച്ചത്തിന്റെ കുട്ടിയായി, ഭയമില്ലാത്തവളായി, പ്രഭയുള്ളവളായി, എന്തു സംഭവിച്ചാലും കുലുക്കമില്ലാത്തവളായി വളരും. കുഞ്ഞേ, ഇന്ത്യയുടെ സേവനത്തിൽ ഒരു ധീര പോരാളിയായി നീ വളർന്നാലും..."അച്ഛന്റെ ഈ ആശംസ അക്ഷരം പ്രതി സാർഥകമാക്കിയ ഒരു ജീവിതമാണ് ഇന്ദിര നയിച്ചത്.

ഗാന്ധിജി ഉൾപ്പെടെയുള്ള സമുന്നത ദേശീയ നേതാക്കളുമായി അടുത്ത് ഇടപെടാനും അവരുടെ വാത്സല്യഭാജനമായി വളർന്നു വരാനും ഇന്ദിരയ്ക്ക് ഭാഗ്യം ലഭിച്ചു. സ്വാതന്ത്ര്യ സമരത്തിൽ സജീവ താത്പര്യം പുലർത്തിയ ആ ബാലിക 14-ാം വയസ്സിൽ അലഹബാദ് കേന്ദ്രീകരിച്ച് കുട്ടികളുടെ ഒരു സംഘം രൂപീകരിച്ചു. "വാനര സംഘം" എന്ന പേരിലാണ് ഇത് അറിയപ്പെട്ടത്. അവർ ദേശീയ പതാകയുണ്ടാക്കി നഗരത്തിന്റെ പല ഭാഗങ്ങളിലും ഉയർത്തി; സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കി. ഉപ്പു സത്യാഗ്രഹത്തിൽ തന്റെ സംഘത്തെ നയിച്ചു കൊണ്ട് ഇന്ദിര ആവേശ പൂർവ്വം പങ്കെടുത്തു. ഇതിനിടയിലും വിദ്യാഭ്യാസ കാര്യങ്ങളിൽ അവർ അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഇന്ദിരയുടെ പ്രാഥമിക വിദ്യാഭ്യാസം നടന്നത് മഹാകവി ടാഗോറിന്റെ ശാന്തിനികേതനത്തോട് അനുബന്ധിച്ചുള്ള ഒരു ബോർഡിംഗ് സ്കൂളിലായിരുന്നു. 1934-ൽ ഇന്ദിര സ്കൂളിലെ അവസാന പരീക്ഷ പാസാവുകയും രവീന്ദ്ര ഭാരതി സർവ്വകലാശാലയിൽ ചേരാനുള്ള യോഗ്യത നേടുകയും ചെയ്തു. എന്നാൽ അമ്മയുടെ രോഗം മൂർച്ഛിച്ചതിനാൽ അവൾക്ക് പഠനം തുടരാനായില്ല. 1936-ൽ അമ്മയുടെ മരണശേഷം ഇന്ദിര ബ്രിട്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. അക്കാലത്ത് അവരുടെ സുഹൃത്തും ഭാവികാല ഭർത്താവുമായ ഫിറോസ് ഗാന്ധി ലണ്ടനിലെ സ്കൂൾ ഓഫ് എക്കണോമിക്സിൽ പഠിക്കുന്നുണ്ടായിരുന്നു. 1941-ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ഇന്ദിര അടുത്ത വർഷം ഫിറോസ് ഗാന്ധിയെ വിവാഹം ചെയ്തു. അതോടെ ഇന്ദിരാ പ്രിയദർശിനി ഇന്ദിരാ ഗാന്ധിയായി. 1944-ൽ മൂത്തമകനായ രാജീവും 1946-ൽ ഇളയ മകനായ സഞ്ജയും ജനിച്ചു. രാജീവ് ഗാന്ധി ഇന്ദിരയ്ക്കുശേഷം ഇന്ത്യയുടെ പ്രധാനമന്ത്രിയായി. സഞ്ജയ് ഗാന്ധി ഒരു അപകടത്തിൽ പെട്ട് 1980-ൽ മരണമടഞ്ഞു.

പഠനം കഴിഞ്ഞ് ഇന്ത്യയിൽ തിരിച്ചെത്തിയ ഇന്ദിര സ്വാതന്ത്ര സമര പ്രവർത്തനങ്ങളിൽ മുഴുകി. തുടർന്ന് അവർ ജയിലിൽ അടയ്ക്കപ്പെട്ടു. ജയിൽ വിമോചിതയായ അവരെ ഹിന്ദു-മുസ്ലീം ദൗത്യം കെട്ടിപ്പടുക്കുക എന്ന ദൗത്യം മഹാത്മഗാന്ധി ഏൽപ്പിച്ചു. ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടെയും വീടുകൾ സന്ദർശിച്ച ഇന്ദിര പരസ്പരം കൂടി കാണാൻ അവരെ പ്രേരിപ്പിച്ചു. ഈ ദൗത്യത്തിൽ ഇന്ദിര പ്രശംസനീയമായ വിജയം വരിച്ചു. മിക്ക ദിവസങ്ങളിലും വൈകുന്നേരം അവർ ബാപ്പുജിയെ സന്ദർശിച്ചിരുന്നു. ഏതാനും ദിവസം ഇന്ദിരയെ കാണാതായപ്പോൾ 1948 ജനുവരി 29 ന് ഗാന്ധിജി അവർക്കൊരു കുറിപ്പയച്ചു. തന്നെ അടിയന്തിരമായി വന്നു കാണണമെന്ന നിർദ്ദേശമാണ് അതിലുണ്ടായിരുന്നത്. ഇന്ദിര മകൻ രാജീവിനെയും കൂട്ടി ഗാന്ധിജിയുടെ അടുത്തെത്തി. വീട്ടുകാര്യങ്ങളും മറ്റുമാണ് അവർ സംസാരിച്ചത്. ഇന്ദിരയെയും ഇന്ത്യയെയും മാത്രമല്ല, ലോകത്തെ മുഴുവൻ ഞെട്ടിച്ചു കൊണ്ട് അടുത്ത ദിവസം ഗാന്ധിജി കൊലചെയ്യപ്പെട്ടു.

ജവഹർലാൽ നെഹ്റുവിന്റെ സഹായിയായി പ്രവർത്തിച്ചതിനൊപ്പം രാഷ്ട്രീയ പ്രവർത്തനങ്ങളിലും ഇന്ദിരാ ഗാന്ധി ഊർജസ്വലയായി പങ്കെടുത്തു. 1950 കളിൽ ഇന്ദിരാഗാന്ധി ഒരു യുവജന സംഘടന ഉണ്ടാക്കുകയും കോൺഗ്രസ്സിൽ ഒരു മഹിളാ വിഭാഗത്തിന് രൂപം നല്കുകയും ചെയ്തു. അവർ ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രമുഖ വ്യക്തിയായി വളർന്നു വരികയായിരുന്നു. 1959-ൽ ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായി അവർ തിരഞ്ഞെടുക്കപ്പെട്ടു. 1964-ൽ ജവഹർലാൽ നെഹ്റുവിന്റെ മരണത്തെ തുടർന്ന് ലാൽ ബഹദൂർ ശാസ്ത്രിയുടെ മന്ത്രിസഭയിൽ ഇന്ദിരാ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രിയായി. ഇന്ത്യയിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് തുടക്കം കുറിച്ചത് ഈ കാലഘട്ടത്തിലാണ്. 1966-ൽ ലാൽ ബഹദൂർ ശാസ്ത്രിയുടെ നിര്യാണത്തിനു ശേഷം ഇന്ദിരാ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായി ചുമതലയേറ്റു. 1971-ൽ നടന്ന തിരഞ്ഞെടുപ്പിൽ ജയിച്ച് അവർ വീണ്ടും പ്രധാനമന്ത്രിയായി.

രാജ്യത്തെ വമ്പിച്ച ബാങ്ക് നിക്ഷേപം സാധാരണക്കാർക്ക് പ്രയോജനകരമായി വിനിയോഗിക്കുക എന്ന ലക്ഷ്യത്തോടെ 14 വൻകിട സ്വകാര്യ ബാങ്കുകൾ ദേശസാത്കരിച്ചു. ഇന്ത്യയിലെ മുൻകാല നാടു വാഴികൾക്ക് നല്കി വന്നിരുന്ന പ്രിവി പേഴ്സും മറ്റ് ആനുകൂല്യങ്ങളും നിർത്തൽ ചെയ്തു. വിപ്ലവകരമായ ഈ പരിഷ്കരണ നടപടികളെത്തുടർന്ന് ഭരണകക്ഷിയായ കോൺഗ്രസ് പിളർന്നു. ഭൂരിപക്ഷം ജനങ്ങളും ഇന്ദിരാഗാന്ധിയുടെ പിന്നിൽ അണിനിരന്നു. അവർ നേതൃത്വം നൽകിയ വിഭാഗത്തിനാണ് കൂടുതൽ ജനപിന്തുണ ലഭിച്ചത്. എങ്കിലും പൊതുതിരഞ്ഞെടുപ്പാകുന്ന ഹിത പരിശോധന വഴി

പഠനം കഴിഞ്ഞ് ഇന്ത്യയിൽ തിരിച്ചെത്തിയ ഇന്ദിര സ്വാതന്ത്ര സമര പ്രവർത്തനങ്ങളിൽ മുഴുകി. തുടർന്ന് അവർ ജയിലിൽ അടയ്ക്കപ്പെട്ടു. ജയിൽ വിമോചിതയായ അവരെ ഹിന്ദു – മുസ്ലീം ദൗത്യം കെട്ടിപ്പടുക്കുക എന്ന ദൗത്യം മഹാത്മഗാന്ധി ഏൽപ്പിച്ചു.

ജനങ്ങളുടെ മനസ്സറിയാൻ അവർ ആഗ്രഹിച്ചു. 1971-ൽ നടന്ന ആ തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി തകർപ്പൻ വിജയം നേടി. അവരെ പിന്തുണയ്ക്കുന്നവർക്ക് പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചു. തുടർന്ന് ഇന്നത്തെ ബംഗ്ലാദേശായ കിഴക്കൻ പാക്കിസ്ഥാനിലുണ്ടായ സംഭവ വികാസങ്ങൾ ഇന്ത്യയുടെ സുരക്ഷിതത്വത്തിന് ഭീഷണിയായി പാക്ക് പട്ടാളം നടപ്പിലാക്കിയ നരഹത്യാ നയം മൂലം ദശലക്ഷക്കണക്കിന് ബംഗ്ലാദേശികൾ ഇന്ത്യയിൽ അഭയം തേടി. പാക്കിസ്ഥാനുമായി പോരാട്ടത്തിലേർപ്പെട്ട 'മുക്തി ബാഹിനി' എന്ന വിമോചന സേനയ്ക്ക് ഇന്ത്യ പിന്തുണ നല്കി. 1971 ഡിസംബർ നാലിന് പാക്കിസ്ഥാൻ യുദ്ധം പ്രഖ്യാപിച്ചു. ഇന്ത്യൻ സൈന്യത്തിന്റെ ശക്തമായ പിന്തുണ ലഭിച്ചതോടെ മുക്തി ബാഹിനി യുദ്ധത്തിൽ വിജയം വരിച്ചു. 1971 ഡിസംബർ 16 ന് ഒരു ലക്ഷത്തോളം പാക്കിസ്ഥാൻ ഭടന്മാർ ഇന്ത്യൻ സേനാധിപത്യത്തിന്റെ മുന്നിൽ ആയുധം വച്ച് കീഴടങ്ങി. അങ്ങനെയാണ് ബംഗ്ലാദേശ് എന്ന പുതിയ രാഷ്ട്രം രൂപം കൊണ്ടത്. യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് 1971 ആഗസ്റ്റ് 9ന് ഇന്ത്യ-സോവിയറ്റ് യൂണിയനുമായി ഒരു സമാധാന കരാർ ഒപ്പുവച്ച് സോവിയറ്റ് യൂണിയന്റെ പിന്തുണ ഉപ്പാക്കാൻ കഴിഞ്ഞു. ഇത് ഇന്ദിരാ ഗാന്ധിയുടെ ദീർഘവീക്ഷണത്തിന്റെയും നയതന്ത്രജ്ഞതയുടെയും വെന്നികൊടിയായി പ്രകീർത്തിക്കപ്പെട്ടു. ഇന്ത്യയുടെ പേരും പെരുമയും അന്താരാഷ്ട്രതലത്തിൽ വാനോളം ഉയർത്തുന്നതിന് ഈ വിജയം സഹായകമായി. എന്നാൽ രാജ്യത്തിനകത്തു രൂപം കൊണ്ട പല പ്രതിസന്ധികളും മൂലം രാജ്യത്തിന്റെ സുരക്ഷയും ക്രമസമാധാനവും തകരാറിലാകുമെന്ന് കണ്ടു 1975 ഏപ്രിൽ 26ന് രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു. നിയമ വാഴ്ച വീണ്ടെടുത്ത സർക്കാർ സാമൂഹ്യ സാമ്പത്തിക വികസന പരിപാടികൾ ഉൾകൊള്ളുന്ന 20 ഇനപരിപാടി നടപ്പിലാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. തുടർന്ന് 1977-ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ പരാജയപ്പെടുകയും ജനതാ പാർട്ടി അധികാരത്തിൽ വരികയും മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ മന്ത്രിസഭാ നിലവിൽ വരികയും ചെയ്തു.

1980-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയും അവരുടെ പാർട്ടിയും വൻ വിജയം നേടി. ഈ തിരിച്ചു വരവ് ഇന്ദിരയെ കൂടുതൽ ശക്തയാക്കി. ചേരിചേരാ പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവായി അവർ ഉയർന്നു. സത്വരവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിനു വേണ്ടി അവർ ആത്മാർത്ഥമായി അഭ്യർത്ഥിച്ചു. രാജ്യത്തിനകത്തെ വിഘടനശക്തികളെ അടിച്ചമർത്തി. ഇതിന്റെ ഭാഗമായി 1984 ജൂണിൽ സിഖ് വിഘടന വാദികളെ അമർച്ച ചെയ്യുന്നതിന് വേണ്ടി അമൃത്സറിലെ സുവർണ്ണ ക്ഷേത്രത്തിൽ പട്ടാളം പ്രവേശിച്ചു. ഇതിൽ ക്ഷുഭിതരായ രണ്ട് സിഖ് സുരക്ഷാ ഭടന്മാരുടെ വെടിയേറ്റ് 1984 ഒക്ടോബർ 31ന് ഇന്ദിരാഗാന്ധി അന്തരിച്ചു. മരിക്കുന്നതിന്റെ തലേന്നാൾ "ഒറീസയിലെ ഒരു വലിയ പൊതുയോഗത്തെ അഭിസംബോധന ചെയ്തു കൊണ്ട് ഇന്ദിരാഗാന്ധി പറഞ്ഞു:" എന്റ രാജ്യത്തിന്റെ സേവനം; മുൻനിർത്തി മരിക്കുന്നതിൽ ഞാൻ അഭിമാനിക്കും. എന്റെ ഓരോ തുള്ളി രക്തവും എന്റെ രാജ്യത്തിന് ശക്തിയും ചലനാത്മകതയും കൈവരിക്കാൻ സഹായിച്ചു കൊണ്ട് അതിന് സേവനം അനുഷ്ഠിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്ദിരാഗാന്ധി ജീവിത വ്രതമായി സ്വീകരിച്ച രാജ്യസ്നേഹവും സേവന തത്പരതയും കൈവരിക്കാൻ ആ മഹതിയെക്കുറിച്ചുള്ള ഓർമ്മകൾ നമ്മെ സഹായിക്കട്ടെ. ■

എന്താണ് എൽനിനോയും ലാനിനയും?

ഡോ. പ്രദീപ് കുമാർ പി.കെ.

എൽനിനോ എന്നും ലാനിന എന്നും കേൾക്കുമ്പോൾ ഒരമ്മ പെറ്റ രണ്ട് മക്കളാണെന്ന് പെട്ടെന്ന് തോന്നിപ്പോകുക. അതെ, നല്ല പേരുകൾ തന്നെ. ഇവയെക്കുറിച്ച് വളരെയേറെ ചർച്ചകളും പഠനങ്ങളും നടക്കുന്ന കാലഘട്ടമാണിത്. ആഗോളതലത്തിൽ അന്തരീക്ഷസ്ഥിതിയിലും കാലാവസ്ഥയിലും കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഈ രണ്ട് പ്രതിഭാസങ്ങൾക്കും ഉള്ള പങ്കിനെക്കുറിച്ച് ഇതിനകം ഒട്ടേറെ കാര്യങ്ങൾ സംഗ്രഹിക്കാൻ ശാസ്ത്രസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. എന്തിനേറെ പറയുന്നു, നമ്മുടെ ഇന്ത്യാ രാജ്യത്ത് പെയ്യുന്ന മൺസൂൺ മഴകളിലെ അളവുകളിൽ മാറ്റങ്ങൾ വരുത്താൻ വരെ ഇവയ്ക്ക് കഴിവുണ്ട്.

എൽനിനോ (El Nino)

എല്ലാ വർഷവും ഡിസംബർ മാസത്തോടെ പസഫിക് സമുദ്രത്തിൽ തെക്കെ അമേരിക്കയുടെ പടിഞ്ഞാറൻ തീരത്ത് ഭൂമദ്ധ്യരേഖയ്ക്ക് സമീപം അതായത് പെറു, ഇക്വഡോർ എന്നീ രാജ്യങ്ങളുടെ കടൽ ഭാഗത്ത് പോഷണമൂല്യം കുറവുള്ള ചൂട് ജലപ്രവാഹം കടന്നുവരികയും അതുവരെ ഉണ്ടായിരുന്ന പോഷണമൂല്യം കൂടുതലുള്ള തണുത്ത ജലപ്രവാഹം ആ ഭാഗത്ത് നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. മിക്ക വർഷങ്ങളിലും ഈ പ്രതിഭാസം കുറച്ച് ആഴ്ചകളോ ഒന്നോ രണ്ടോ മാസങ്ങളോ മാത്രമേ നിലനിൽക്കാറുള്ളൂ. അതിനുശേഷം കടലിനടിയിലെ പോഷണമൂല്യം കൂടുതലുള്ള തണുത്ത ജലം തന്നെ പെറു, ഇക്വഡോർ കടലിൽ സ്ഥാനം പിടിക്കുന്നതിനാൽ അന്തരീക്ഷസ്ഥിതിക്കും സാമ്പത്തിക മേഖലയ്ക്കും കാര്യമായ ക്ഷതം ഏൽപ്പിക്കുന്നില്ല. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള ചൂട് ജലപ്രവാഹത്തിന് ചൂട് വീണ്ടും കൂടുകയും അത് മാസങ്ങളോളം, ഏകദേശം എട്ട്, ഒൻപത് മാസത്തോളം തുടർന്നുകൊണ്ടേയിരിക്കുകയും കടലിൽ അതിന്റെ വ്യാപ്തി വർദ്ധിക്കുകയും ചെയ്താൽ അന്തരീക്ഷ കാലാവസ്ഥാ ഘടകങ്ങളിലും സാമ്പത്തിക മേഖലകളിലും പ്രതികൂലമായ മാറ്റങ്ങൾ ഇതുമൂലം ഉണ്ടാകാൻ ഇടയാകുന്നു. നിർവചന പ്രകാരം പസഫിക് സമുദ്രത്തിൽ പെറു, ഇക്വഡോർ കടലിന്റെ ഉപരിതല ചൂട് മാസങ്ങളോളം ശരാശരിയേക്കാൾ 0.5^0 സെന്റിഗ്രേഡിൽ കൂടുതലാണെങ്കിൽ അത് എൽനിനോ പ്രതിഭാസമാണ്. ഇത് ചിലപ്പോൾ 6^0 സെന്റിഗ്രേഡ് വരെയൊക്കെ എത്താറുണ്ട്. അത്തരം സന്ദർഭങ്ങളിൽ എൽനിനോയുടെ കാഠിന്യവും വർദ്ധിക്കുന്നു. എൽനിനോ ഉണ്ടാകുന്നതിന് കൃത്യമായ കാലചക്രമില്ല. തുടർച്ചയായി എല്ലാവർഷവും അപൂർവമായേ ഇത് ഉണ്ടാകാറുള്ളൂ. രണ്ട് വർഷം മുതൽ ഏഴ് വർഷം വരെയുള്ള ഇടവേളകളിലാണ് എൽനിനോ ഉണ്ടാകാറുള്ളത്. ഇടവേളകൾക്ക് എന്തുകൊണ്ട് വ്യത്യാസം വരുന്നു എന്നതിനെക്കുറിച്ച് പഠനങ്ങൾ നടക്കുന്നതേയുള്ളൂ. എൽനിനോ ഉണ്ടാകുന്നതിന്റെ വ്യക്തമായ അടിസ്ഥാന കാരണങ്ങൾ ഇപ്പോഴും അജ്ഞാതമാണ്. സ്പാനിഷ് ഭാഷയിൽ ആൺകുട്ടി എന്ന അർത്ഥം വരുന്ന എൽനിനോ എന്ന വാക്ക് തദ്ദേശിയർ കൊടുത്തതാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

എൽനിനോയെക്കുറിച്ച് പറയുമ്പോൾ ആദ്യം മനസ്സിലാക്കേണ്ടത് ട്രേഡ് കാറ്റുകളെക്കുറിച്ചാണ്. എന്താണ് ട്രേഡ് കാറ്റുകൾ അഥവാ വ്യാപാരക്കാറ്റുകൾ? ഭൂമിയുടെ അന്തരിക്ഷത്തിൽ വായുവിന് പല വിധത്തിലുള്ള സഞ്ചാരമുണ്ട്. അതിലൊന്നാണ് ജനറൽ സർക്കുലേഷൻ (General Circulation) അഥവാ വായുവിന്റെ പൊതുസഞ്ചാരം. പൊതു സഞ്ചാരത്തിന്റെ ഒരു ഭാഗമാണ് ട്രേഡ് കാറ്റുകൾ.

എൽനിനോയെക്കുറിച്ച് പറയുമ്പോൾ ആദ്യം മനസ്സിലാക്കേണ്ടത് ട്രേഡ് കാറ്റുകളെക്കുറിച്ചാണ്. എന്താണ് ട്രേഡ് കാറ്റുകൾ അഥവാ വ്യാപാരക്കാറ്റുകൾ? ഭൂമിയുടെ അന്തരിക്ഷത്തിൽ വായുവിന് പലവിധത്തിലുള്ള സഞ്ചാരമുണ്ട്. അതിലൊന്നാണ് ജനറൽ സർക്കുലേഷൻ (General Circulation) അഥവാ വായുവിന്റെ പൊതുസഞ്ചാരം. പൊതു സഞ്ചാരത്തിന്റെ ഒരു ഭാഗമാണ് ട്രേഡ് കാറ്റുകൾ. ഭൂമിയുടെ അന്തരീക്ഷ മർദ്ദം എല്ലാ സ്ഥലത്തും ഒരുപോലെയല്ല. ഭൂമിയുടെ സ്വയം തിരിയലും സൂര്യന് ചുറ്റുമുള്ള ഭ്രമണവും നിമിത്തം ഭൂമിയുടെ പ്രതലവും ഒപ്പം അന്തരീക്ഷവും ചൂടുപിടിക്കുന്നതിന്റെ തീവ്രതയും ദൈർഘ്യവും മാറിമാറി വരുന്നു. എന്നാൽ പൊതുവായി പറയുകയാണെങ്കിൽ സൂര്യരശ്മികളുടെ പതനം നിമിത്തം ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള അന്തരീക്ഷം കൂടുതൽ ചൂടാകുകയും ആ ഭാഗത്ത് വായുവിന്റെ സാന്ദ്രത കുറഞ്ഞ് മുകളിലേക്ക് പൊങ്ങി ഉത്തരധ്രുവത്തെയും ദക്ഷിണധ്രുവത്തെയും ലക്ഷ്യമാക്കി നീങ്ങുന്നു. എന്നാൽ ഈ വായുപ്രവാഹം ധ്രുവപ്രദേശത്ത് എത്താതെ ഏകദേശം 30^0 ഉത്തര അക്ഷാംശ ഭാഗത്തും 30^0 ദക്ഷിണ അക്ഷാംശ ഭാഗത്തും താഴുന്നു. ക്രമേണ ആ ഭാഗങ്ങൾ അതിമർദ്ദ ഭാഗമായി തീരുകയും താഴ്ന്നു വന്ന വായു പ്രവാഹത്തിൽ കുറച്ചു ഭാഗം ഭൂമദ്ധ്യരേഖാ ഭാഗത്തേക്ക് തന്നെ താഴ്ന്ന തലത്തിലൂടെ തിരിച്ചു പോകുകയും ചെയ്യുന്നു. ഇപ്രകാരം തിരിച്ചുവരുന്ന കാറ്റിന് ഭൂമി സ്വയം തിരിയുന്നതുമൂലമുള്ള കോറിയോളിസ് ബലം നിമിത്തം ദിശയിൽ മാറ്റം വരികയും ഉത്തരാർദ്ധഗോളത്തിലെ കാറ്റ് വടക്ക് കിഴക്കൻ ദിശയിൽ നിന്നുമായും ദക്ഷിണാർദ്ധഗോളത്തിൽ തെക്ക് കിഴക്കൻ ദിശയിൽ നിന്നുമായും മാറ്റം സംഭവിക്കുന്നു. ഈ കാറ്റുകളെയാണ് ട്രേഡ്കാറ്റുകൾ എന്ന് പറയുന്നത്. ഇവയ്ക്ക് പൊതുവെ വേഗത കുറവാണ്. എന്നാൽ ഋതുക്കൾക്കനുരിച്ചും സ്ഥലങ്ങൾക്കനുസരിച്ചും വേഗത മാറിക്കൊണ്ടിരിക്കും. വ്യാപാരാവശ്യങ്ങൾക്കുമായി കടലിൽ സഞ്ചരിക്കുന്ന പായ്ക്കപ്പലുകൾ ഇത്തരം കാറ്റുകളെ വളരെയേറെ ആശ്രയിക്കുന്നതിനാലാണ് ഇതിനെ ട്രേഡ് കാറ്റുകൾ അഥവാ വ്യാപാരക്കാറ്റുകൾ എന്ന് പറയുന്നത്.

ഉഷ്ണമേഖലയിലെ പസഫിക് സമുദ്രത്തിൽ കിഴക്ക് ഭാഗത്തുള്ള പെറു രാജ്യത്തിന് സമീപം പൊതുവെ ഉയർന്ന അന്തരീക്ഷ മർദ്ദവും സമുദ്രത്തിലെ പടിഞ്ഞാറു ഭാഗത്ത് അതായത് ഇന്തോനേഷ്യയുടെ സമീപം താഴ്ന്ന വായുമർദ്ദവുമാണുണ്ടാകുക. ഇത് പ്രകാരം ഭൂമദ്ധ്യരേഖാ ഭാഗത്തുള്ള ട്രേഡ് കാറ്റുകൾ കിഴക്കുനിന്നും പടിഞ്ഞാറോട്ടേക്ക് വീശുന്നു. കാറ്റിന്റെ ശക്തിയാൽ പെറുകടലിലെ ഉപരിതലത്തിൽ നിന്നും വെള്ളം നീങ്ങുമ്പോൾ കടലിനടിയിലെ തണുത്ത വെള്ളം മുകളിലോട്ട് വരുന്നു. അതുപ്രകാരമാണ് സാധാരണയായി പെറുകടലിന്റെ ഉപരിതലം തണുത്തിരിക്കുന്നത്. ഈ സമയങ്ങളിൽ പെറുകടലിലേക്കുള്ള ചൂടുസമുദ്രജല പ്രവാഹവും കുറവായിരിക്കും.

എൽനിനോയുള്ള വർഷങ്ങളിൽ ഉഷ്ണമേഖലയിൽ പസഫിക് സമുദ്രത്തിലെ പെറുകടലിൽ അന്തരീക്ഷവായു മർദ്ദം കുറയുകയും ഇന്തോനേഷ്യൻ

സമുദ്രോപരിതലം ചൂടുള്ളതാകുമ്പോൾ അതിനു തൊട്ടുമുകളിലുള്ള അന്തരീക്ഷവും ചൂടാകുകയും ക്രമേണ ആ ഭാഗം ന്യൂനമർദ്ദ മേഖലയായി മാറുകയും ചെയ്യുന്നു. സമുദ്രത്തിന്റെ ഉപരിതലത്തിൽ വലിയൊരു ഭാഗത്തുള്ള ന്യൂനമർദ്ദം വിവിധ മേഖലകളിലെ കാറ്റുകളുടെ ദിശകളിൽ മാറ്റം വരുത്തുന്നു. ആയതിനാൽ എൽനിനോ പ്രതിഭാസത്തിന്റെ ആഘാതങ്ങൾ പല രാജ്യങ്ങളിലും പല വിധത്തിലായിരിക്കും.

കടലിൽ അന്തരീക്ഷ വായുമർദ്ദം കൂടുകയും ചെയ്യുന്നു. ഇതുപ്രകാരം ട്രേഡ് കാറ്റുകൾ പടിഞ്ഞാറു നിന്ന് കിഴക്കോട്ടാകുകയും ഒപ്പം പെറുതിരത്തേക്ക് ചൂടുള്ള സമുദ്രജലപ്രവാഹവും ഉണ്ടാകുന്നു. അങ്ങനെയാണ് പെറുതീരത്ത് ഉപരിതലം ചൂടായ കടൽവെള്ളം പരക്കുന്നത്. ഈ പ്രക്രിയ നിലനിൽക്കുന്ന കാലത്തോളം എൽനിനോ പ്രതിഭാസവും ഉണ്ടാകും. ഈ പ്രതിഭാസത്തിന് ശേഷം, സാവധാനം ഉഷ്ണമേഖലയിലെ പസഫിക് സമുദ്രത്തിലെ അന്തരീക്ഷ മർദ്ദവ്യത്യാസം വീണ്ടും പൂർവ സ്ഥിതിയിലാകുന്നു. ഇങ്ങനെ ഉഷ്ണമേഖലയിലെ പസഫിക് സമുദ്രത്തിന്റെ തെക്കുഭാഗത്ത് മർദ്ദവ്യത്യാസങ്ങൾ വിപരീത സ്ഥലങ്ങളിൽ മാറിമാറി വരുന്നതിനെ തെക്കുഭാഗത്തെ ദോലനം (Southern oscillation) എന്നു പറയുന്നു. അന്തരീക്ഷ മർദ്ദവ്യത്യാസങ്ങളും കടലിലെ ഉപരിതല താപവ്യത്യാസങ്ങളും ഒരേ സമയത്തുതന്നെയായതിനാൽ ഇതിനെ ഒരുമിച്ച് എൽനിനോസതേൺ ഓസിലേഷൻ അല്ലെങ്കിൽ എൻസോ (ENSO) എന്ന ചുരുക്കപ്പേരിലും അറിയപ്പെടുന്നുണ്ട്. വിവിധ വർഷങ്ങളിലുണ്ടാകുന്ന എൻസോയുടെ കാഠിന്യവും ദൈർഘ്യവും വ്യത്യാസപ്പെട്ടിരിക്കും.

മുൻ സൂചിപ്പിച്ചതുപോലെ, അതിശക്തമായ എൻസോ ഉണ്ടാകുന്ന കാലഘട്ടത്തിൽ പസഫിക് സമുദ്രത്തിൽ ട്രേഡ് കാറ്റുകൾ പടിഞ്ഞാറു നിന്ന് കിഴക്കോട്ടാകുകയും ഈ കാറ്റുകൾ സമുദ്രജലത്തെ കിഴക്കോട്ട് തള്ളുകയും ചെയ്യുന്നു. ആയതിനാൽ പസഫിക് സമുദ്രത്തിന്റെ കിഴക്കു ഭാഗത്ത് സമുദ്രജലനിരപ്പ് ഉയരുകയും പടിഞ്ഞാറു ഭാഗത്ത് സമുദ്ര നിരപ്പ് താഴുകയും ചെയ്യുന്നു. പസഫിക് സമുദ്രത്തിൽ കിഴക്കോട്ട് അതായത് തെക്കേ അമേരിക്കയുടെ തീരത്തേക്ക് തള്ളപ്പെടുന്ന സമുദ്രജലം സൂര്യ രശ്മികളാൽ ചൂടാകുകയും സമുദ്രത്തിന്റെ പടിഞ്ഞാറൻ ഭാഗത്തെ അപേക്ഷിച്ച് ഏകദേശം $5^{\circ}C$ വരെ താപം കൂടുതലാകുകയും ചെയ്യുന്നു. ഇങ്ങനെ തള്ളപ്പെടുന്ന ചൂടുള്ള സമുദ്രജലം ക്രമേണ കിഴക്കൻ പസഫിക് സമുദ്രത്തിൽ ഉയർന്നുവരികയും അതിന്റെ വ്യാപ്തി വർദ്ധിക്കുകയും ചെയ്യുന്നു. അതേസമയം ഈ ഭാഗത്ത് കടലിനടിയിൽ നിന്നുള്ള പോഷണമൂല്യം കൂടുതലുള്ള തണുത്ത ജലം പൊങ്ങിവരാനുള്ള സാഹചര്യവും നിലയ്ക്കുന്നു. ഭൂമദ്ധ്യരേഖയ്ക്ക് സമീപം തെക്കേ അമേരിക്കയുടെ പടിഞ്ഞാറൻതീരത്ത് മുഴുവൻ ഈ പ്രതിഭാസം അനുഭവപ്പെടുന്നു.

ഇതിൽ തീവ്രമായിട്ടുള്ളത് ഇക്വഡോർ, പെറു എന്നീ രാജ്യങ്ങളുടെ കടൽത്തീരത്താണ്. ഇത് ഈ രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിതിയെ തകിടം മറിക്കുന്നു. എന്തെന്നാൽ കാഠിന്യമുള്ള എൽനിനോ കാരണം ചെറുമത്സ്യങ്ങളും സമുദ്ര ജീവികളും ചത്തുപൊങ്ങുന്നു. വലിയ മത്സ്യങ്ങൾ കൂട്ടത്തോടെ സ്ഥലം മാറുന്നു മത്സ്യങ്ങൾ ഇല്ലാതാകുന്നതോടെ മത്സ്യ വ്യാപാരവും അനുബന്ധ വ്യാപാരങ്ങളും കൃഷിയും താറുമാറാകുന്നു. ജീവജാലങ്ങൾ ചത്തുപൊങ്ങുന്നതുകാരണം ഈ രാജ്യങ്ങളുടെ സമുദ്രതീരഭാഗങ്ങൾ ദുർഗന്ധപൂരിതമാകുകയും വിനോദ സഞ്ചാരത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

ഒരു സമുദ്രത്തിൽ വളരെയേറെ വിസ്തൃതിയിൽ ഉപരിതലം പതിവിൽ നിന്നും വിപരീതമായി ചൂടുള്ളതായാൽ ആഗോളതലത്തിലെ കാറ്റുകളെയും ഇത് ബാധിക്കും. സമുദ്രോപരിതലം ചൂടുള്ളതാകുമ്പോൾ അതിനു തൊട്ടുമുകളിലുള്ള അന്തരീക്ഷവും ചൂടാകുകയും ക്രമേണ ആ ഭാഗം ന്യൂനമർദ്ദ മേഖലയായി മാറുകയും ചെയ്യുന്നു. സമുദ്രത്തിന്റെ ഉപരിതലത്തിൽ വലിയൊരു ഭാഗത്തുള്ള ന്യൂനമർദ്ദം വിവിധ മേഖലകളിലെ കാറ്റുകളുടെ ദിശകളിൽ മാറ്റം വരുത്തുന്നു. ആയതിനാൽ എൽനിനോ പ്രതിഭാസത്തിന്റെ ആഘാതങ്ങൾ പല രാജ്യങ്ങളിലും പല വിധത്തിലായിരിക്കും. ചില ഭാഗങ്ങളിൽ ദോഷകരമായിരിക്കാമെങ്കിലും മറ്റു ചില ഭാഗങ്ങളിൽ അത് ഗുണകരമായിരിക്കും. കഠിനമായ എൽനിനോ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഇന്തോനേഷ്യ, തെക്കെ ആഫ്രിക്ക, ആസ്ട്രേലിയ എന്നിവിടങ്ങളിൽ വരൾച്ചയുണ്ടായിട്ടുണ്ടെന്നും ഇക്വഡോർ, പെറു എന്നിവിടങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകും വിധം മഴയും തെക്കെ അമേരിക്കയുടെ ചില രാജ്യങ്ങളിൽ ഗുണപ്രദമായ മഴയും ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഒരു എൽനിനോ ഉണ്ടാകുമ്പോൾ ഭൂമിയിലെ വിവിധ പ്രദേശങ്ങളിൽ അന്തരീക്ഷ – കാലാവസ്ഥാസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങളുടെ വിപരീതമായിരിക്കും ലാനിന ഉണ്ടാകുമ്പോൾ സംഭവിക്കാറുള്ളത്. ഉദാഹരണമായി, എൽനിനോ ഉണ്ടാകുമ്പോൾ മദ്ധ്യപശ്ചിമ അമേരിക്കൻ ഭാഗത്ത് മഴ കൂടുതലുണ്ടാകുന്നു. എന്നാൽ ലാനിന സന്ദർഭങ്ങളിൽ പ്രസ്തുത ഭാഗത്ത് വരണ്ട അവസ്ഥ സൃഷ്ടിക്കുന്നു.

ഇന്ത്യയെക്കുറിച്ച് പറയുകയാണെങ്കിൽ അതികഠിനമായ എൽനിനോ ഉണ്ടാകുന്ന കാലഘട്ടങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ പ്രവാഹത്തിന് കുറവനുഭവപ്പെടുന്നതായും അത് മഴയുടെ അളവിനെ കുറയ്ക്കുന്നതായും പഠനങ്ങൾ സൂചിപ്പിക്കുന്നു.

ലാനിന (La Nina)

ഒരു എൻസോ പ്രതിഭാസത്തിന് ശേഷം പസഫിക് സമുദ്രത്തിൽ ട്രേഡ് കാറ്റുകൾ സാധാരണ നിലയിലാകുന്നു; അതായത് കിഴക്കു നിന്നും പടിഞ്ഞാറോട്ടാകുന്നു. ഈ ട്രേഡ് കാറ്റുകൾ സാധാരണത്തേതിലും ശക്തി പ്രാപിക്കുകയാണെങ്കിൽ ഭൂമദ്ധ്യരേഖാ ഭാഗത്തെ കിഴക്കൻ പസഫിക് സമുദ്രത്തിലും മധ്യഭാഗത്തും അതായത് പെറു, ഇക്വഡോർ കടലുകളിൽ സമുദ്രത്തിനടിയിൽ നിന്നും കൂടുതൽ തണുത്ത ജലം പൊങ്ങിവന്ന് ഉപരിതലം കൂടുതൽ തണുത്തതാക്കുന്നു. അതേസമയം ഭൂമദ്ധ്യരേഖയോടടുപ്പിച്ച് പസഫിക് സമുദ്രത്തിലെ പടിഞ്ഞാറൻ ഭാഗത്തെ (ഇന്തോനേഷ്യൻ കടലുകളിൽ) സമുദ്രജല ഉപരിതലം ചൂടുള്ളതുമാകുന്നു. ഇപ്രകാരം എൽനിനോ പ്രതിഭാസത്തിനു വിപരിതമായി ഇക്വഡോർ, പെറു രാജ്യങ്ങളുടെ സമീപത്തുള്ള സമുദ്രജലം സാധാരണയിൽ കൂടുതൽ തണുക്കുകയാണെങ്കിൽ ഈ പ്രതിഭാസത്തെ ലാനിന (La Nina) എന്ന് പറയുന്നു. സ്പാനിഷ് ഭാഷയിൽ പെൺകുട്ടി എന്നാണർത്ഥം. വർഷങ്ങൾക്ക് മുൻപ് ലാനിനയെ 'ആന്റി എൽനിനോ' എന്നും എൽ വിജോ (El Viejo) അതായത് വൃദ്ധൻ എന്നും വിളിച്ചിരുന്നതായി കാണുന്നു.

ഒരു എൽനിനോ ഉണ്ടാകുമ്പോൾ ഭൂമിയിലെ വിവിധ പ്രദേശങ്ങളിൽ അന്തരീക്ഷ – കാലാവസ്ഥാ സ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങളുടെ വിപരീതമായിരിക്കും ലാനിന ഉണ്ടാകുമ്പോൾ സംഭവിക്കാറുള്ളത്. ഉദാഹരണമായി, എൽനിനോ ഉണ്ടാകുമ്പോൾ മദ്ധ്യപശ്ചിമ അമേരിക്കൻ ഭാഗത്ത് മഴ കൂടുതലുണ്ടാകുന്നു. എന്നാൽ ലാനിന സന്ദർഭങ്ങളിൽ പ്രസ്തുത ഭാഗത്ത് വരണ്ട അവസ്ഥ സൃഷ്ടിക്കുന്നു. ശക്തിയായ എൽനിനോ ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ മൺസൂൺ മഴയെ പ്രതികൂലമായാണ് ബാധിക്കാറുള്ളത്. എന്നാൽ ലാനിന ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ മൺസൂൺ മഴയെ സംബന്ധിച്ചിടത്തോളം ഒരു അനുകൂല ഘടകമാണ്. ഇത് 2010 ൽ പ്രകടമായിട്ടുള്ളതാണ്. 2010 ൽ ഉണ്ടായ ശക്തമായ ലാനിനയാണ് ആസ്ട്രേലിയയിലും ബ്രസീലിലും ശ്രീലങ്കയിലുമൊക്കെ ഉണ്ടായ അതിശക്തമായ മഴകൾക്കും വെള്ള പ്പൊക്കത്തിനും കാരണമായതെന്നാണ് അനുമാനിക്കുന്നത്.

എൽനിനോയുടെയും ലാനിനയുടെയും കാര്യ-കാരണങ്ങളെക്കുറിച്ചും ഈ പ്രതിഭാസങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ-കാലാവസ്ഥാ മാറ്റങ്ങളെക്കുറിച്ചും കൂടുതൽ അറിയാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പല പഠനങ്ങളും തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതിനകം പല കാര്യങ്ങളും അപഗ്രഥിച്ചെടുത്തിട്ടുണ്ട്. ഇനിയും കൂടുതൽ മനസ്സിലാക്കാനിരിക്കുന്നതേയുള്ളൂ. ■

ലേഖകൻ
CWRDM-ൽ സയന്റിസ്റ്റാണ്.

പഞ്ചായത്ത് രാജ്

നാം അറിയേണ്ട ലോകം

വൻ മതിൽ കടന്ന നോബൽ

ഈ വർഷത്തെ സാഹിത്യ ത്തിനുള്ള നോബൽ സമ്മാ നം-ചൈനക്കാരനായ മൊയാൻ എന്ന ഗുവാൻ മോയെ ആണ് പരമോന്നത പുരസ്കാരം തേടിയെത്തിയത്. ആദ്യമായാണ് ഒരു ചൈനീസ് പൗരന് സാഹിത്യ നോബെൽ സമ്മാനം ലഭിക്കുന്നത്. പ്രധാന കൃതികൾ: റെഡ് സൊർഗം, ദ റിപ്പബ്ലിക്ക് ഓഫ് വൈൻ, ചേഞ്ച്, സാൻഡ് വുഡ് ഡെത്ത്, ഫ്രോഗ്, ലൈഫ് ആൻഡ് ഡെത്ത് ആർ വിയറിംഗ് മി ഔട്ട്

ചൊവ്വയിലേക്ക് ഇനി സ്വകാര്യ സർവ്വീസ്

അഞ്ചു ലക്ഷം ഡോളറുണ്ടെങ്കിൽ ഇനി ചൊവ്വയിലേക്കു പറക്കാം. ഇരുപതു വർഷം കൊണ്ട് 80000 ആളുകളെ ചൊവ്വയിൽ എത്തിക്കാനുള്ള പദ്ധതിക്കാണ് ലക്ഷ്യമിടുന്നത്. ബഹിരാകാശ ഗവേഷണ രംഗത്തെ ആദ്യസ്വകാര്യ മേഖലാ സംരംഭമായ സ്പേസ് എക്സ് കമ്പനിയുടെ സ്ഥാപകനും ചീഫ് എക്സി:ഓഫീസറുമായ ഇലോൺ മസ്കാണ് ലണ്ടനിലെ റോയൽ എയ്റോ നോട്ടിക്കൽ സൊസൈറ്റിയിൽ പദ്ധതി പ്രഖ്യാപിച്ചത്.

കൂടുതൽ നേരം ബഹിരാകാശത്ത്

ഏറ്റവും കൂടുതൽ നേരം ബഹിരാകാശത്ത് നടന്ന വനിതയെന്ന റെക്കോഡിന് ഇന്ത്യൻ വംശജയായ സുനിത വില്യംസ് അർഹയായി. നാലു മാസം നീണ്ട ബഹിരാകാശ ദൗത്യം പൂർത്തിയാക്കി സുനിത വില്യംസ് ഉൾപ്പെടെ മൂന്നുപേർ ഭൂമിയിൽ തിരിച്ചെത്തി. റഷ്യൻ ബഹിരാകാശ വാഹനമായ സോയൂസിലായിരുന്നു യാത്ര.

ടൈറ്റൻ

എന്താണ് "ടൈറ്റൻ" സൂപ്പർ കമ്പ്യൂട്ടറിലെ സുപ്പീരിയർ ഈ കഴിഞ്ഞ മാസം വരെ ലോകത്തിലെ ഏറ്റവും വേഗമേറിയ സൂപ്പർ കമ്പ്യൂട്ടർ ഐബിഎം. കമ്പനി നിർമ്മിച്ച "സെക്വയ" ആയിരുന്നു. എന്നാൽ ഇപ്പോൾ അമേരിക്കയിലെ ഓക്റിഡ്ജ് നാഷണൽ ലബോറട്ടറിയിൽ സ്ഥാപിതമായിരിക്കുന്ന "ടൈറ്റൻ" (Titan) ആണ് ലോകത്തിലെ ഏറ്റവും വേഗമേറിയ സൂപ്പർ കമ്പ്യൂട്ടർ. ടൈറ്റന് സെക്കന്റിൽ 20000 ട്രില്യൻ കണക്കു കൂട്ടലുകൾ നടത്താൻ കഴിയുന്നു.

- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

"കേരളത്തിലെ ഫോക്‌ലോർ കലാരൂപങ്ങൾ"

തമിഴകവും തെക്കൻതിരുവിതാംകൂറും താലോലിക്കുന്ന വില്പ്പാട്ട്

ടി.സി സുനിൽദത്ത്, കല്ലമ്പലം

വില്ലടിച്ചാൻ പാട്ട് എന്നുള്ള തനിനാടൻ കലാരൂപം തെക്കൻ തീരുവിതാംകൂറിലും തെക്കെൻ തമിഴകത്തും ഒരുകാലത്ത് സർവ്വസാധാരണമായി അരങ്ങുനിറഞ്ഞുനിന്നിരുന്നു. വില്ലടിപ്പാട്ടെന്നും വില്ലുക്കൊട്ടിപ്പാട്ടെന്നും ഗ്രാമ്യമായ പേരുകളിൽ ഈ കലാരൂപം അറിയപ്പെട്ടിരുന്നു. ഈ വിളിപേരുകൾക്കെല്ലാം ഒരു പേരായ്ക തോന്നിയിട്ടായിരിക്കാം സമിതിക്കാരും സംഘാടകരും ഇതിനെ വിൽക്കഥാമേള എന്ന് പേരിട്ട് വിളിച്ചു വരുന്നത്. എന്നിരിക്കിലും പരക്കെ അംഗീകരിക്കപ്പെട്ട പേര് വില്പാട്ട് എന്നുതന്നെയാണ്. പേരിനു മാറ്റം വരുത്തിയാലും ഇല്ലെങ്കിലും നാടൻ കലകളുടെ കൂട്ടത്തിൽ കഥകളും പാട്ടും വാദ്യപ്രയോഗവും ഫലിതവും ഒക്കെ ചേർന്നിട്ടുള്ള ഒരു രസികൻ പരിപാടി തന്നെയാണ് വില്പ്പാട്ട്. എല്ലാത്തരം ആസ്വാദകരെയും ഒരുപോലെ ഉത്സാഹ ഭരിതരാക്കുവാൻ വില്പ്പാട്ടിന് കഴിയാറുണ്ട്.

കഥാപ്രസംഗത്തിന്റെ ആദിമരൂപമായി വേണമെങ്കിൽ നമുക്ക് വില്പ്പാട്ടിന് സ്ഥാനം നൽകാം. കഥാപ്രസംഗത്തിന്റെ അടിസ്ഥാന സ്വഭാവമുള്ള ചില കഥാ കഥനരൂപങ്ങൾ ഭാരതത്തിൽ അന്യസംസ്ഥാനങ്ങളിലും നിലവിലുണ്ട് "കഥാവാചക്"എന്നാണതിനെ അവിടെ അറിയപ്പെടുന്നത്. കേരളത്തിൽ ഹരികഥാ കാലക്ഷേപം എന്ന കലാപരിപാടി നിലനിന്നിരുന്നു. വിഷ്ണുവിന്റെ കഥകൾ പറഞ്ഞ് സമയം ചെലവഴിക്കുന്നത് എന്ന അർത്ഥമാണിതിനുള്ളത്. ഈ ഹരികഥ പരിഷ്കൃതമായതാണ് കഥാപ്രസംഗം. വില്പാട്ടിന്റെ സ്വഭാവം ഇതിനോട് സമാനതയുള്ളതത്രേ.

കവിതകളെയും ഇതര സാഹിത്യത്തെയും സാധാരണ ജന മനസ്സുകളിൽ അവർക്ക് ഹൃദ്യമാക്കുന്ന തരത്തിൽ ലളിതമായ ഭാഷയിൽ പകരുന്നതിന് കലകൾക്കു കഴിയണം. അതിന് പ്രാപ്തമായ ഏതാനും പ്രാക്തനകലകളുടെ ഇടനാഴികളിൽ വില്പാട്ടിന് എന്തായാലും ഗണ്യമായ ഒരു സ്ഥാനമുണ്ട്.

പത്തും പതിനഞ്ചും വയസ്സുള്ള ബാലന്മാർ ചെറിയ കുടുംബ സദസ്സുകളിൽ വളരെപ്പെട്ടന്ന് തട്ടിക്കൂട്ടുന്ന വില്പാട്ടുകൾക്കുപോലും രംഗവിജയവും അംഗീകാരവും ഈ നാട്ടിൽ ഒരു കാലത്ത് നന്നായി ലഭിച്ചിരുന്നു. വാത്സല്യതിരേകത്തോടെ അത്തരം കലാപ്രകടനങ്ങൾ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. മാത്രമല്ല ഇത്തരം കലകൾക്കും കലാകാരന്മാർക്കും സമൂഹത്തിൽ നിന്ന് അന്നൊന്നും അവഗണനയും പരിഹാസവും ഇന്നത്തെ പോലെ ഉണ്ടായിട്ടുമില്ല.

കാവ്യങ്ങളെ ആസ്പദമാക്കി വില്പാട്ട് അവതരിപ്പിക്കുന്ന രീതി കേരളത്തിൽ നിലനിന്നിരുന്നു. ഈരടികളെ ധാരളമായി ഉൾപ്പെടുത്താറുമുണ്ടായിരുന്നു. ചങ്ങമ്പുഴയുടെ വാഴക്കുല, തിരുനെല്ലൂരിന്റെ റാണി, വയലാറിന്റെ ആയിഷ തുടങ്ങിയ കാവ്യങ്ങളെ പലരും വില്പാട്ടിന് വിഷയമാക്കി. അങ്ങനെ നമ്മുടെ നാട്ടിൽ വില്പാട്ടിന് ക്രമേണ ഒരു പുരോഗമന സ്വാഭാവം കൈവന്നു. കലാസമിതികളുടെ പ്രവർത്തകർ പുരോഗമന സാഹിത്യത്തിൽ ആകൃഷ്ടരായി. അതു മൂലം സാമൂഹ്യ കഥകൾക്ക് നല്ല പരിഗണന ലഭിക്കുകയും ചെയ്തു. ചരിത്രകഥകളും പുരാണ കഥകളും വില്പാ ട്ടിന്റെ സ്വാഭാവിക വിഷയങ്ങളായി പരിലസിക്കുകയും ചെയ്തു. വടക്കൻ പാട്ടിലെ വീരഗാഥകൾ വിൽമണിയൊച്ചയുടെ ലാളനയിൽ വിജയിച്ച സന്ദർഭങ്ങൾ ഒട്ടേറെയാണ്. പത്തും പതിനഞ്ചും വയസ്സുള്ള ബാലന്മാർ ചെറിയ കുടുംബ സദസ്സുകളിൽ വളരെപ്പെട്ടന്ന് തട്ടിക്കൂട്ടുന്ന വില്പാട്ടുകൾക്കുപോലും രംഗവിജയവും അംഗീകാരവും ഈ നാട്ടിൽ ഒരു കാലത്ത് നന്നായി ലഭിച്ചിരുന്നു. വാത്സല്യതിരേകത്തോടെ അത്തരം കലാപ്രകടനങ്ങൾ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. മാത്രമല്ലാ ഇത്തരം കലകൾക്കും കലാകാരന്മാർക്കും സമൂഹത്തിൽ നിന്ന് അന്നൊന്നും അവഗണനയും പരിഹാസവും ഇന്നത്തെപോലെ ഉണ്ടായിട്ടുമില്ല. അതുകൊണ്ട് തന്നെ അന്നു ഉത്സാഹികളായ കുട്ടികൾ അതാത് സന്ദർഭങ്ങളിലെ ആഘോഷങ്ങളെ മുൻനിർത്തി ഒരു വില്പാട്ടിനുള്ള കഥ സംഘടിപ്പിക്കും. വീടിനടുത്തുള്ള ഉത്സവം, വായനശാലയുടെ വാർഷികം, പരീക്ഷകൾ കഴിഞ്ഞ് വരാറുള്ള വെക്കേഷൻ കാലം, പ്രാദേശികോത്സവം, മറ്റു മംഗളാവസരങ്ങൾ തുടങ്ങിയ വേളകളിൽ വളരെ ചുരുങ്ങിയ സമയം കൊണ്ടാണ് ഗ്രാമീണ കൂട്ടായ്മയുടെ ഒരു നാടൻ വില്പ്പാട്ട് രൂപം കൊള്ളുന്നത്.

നല്ല ഒരു നീണ്ട കമ്പു വളച്ച്, ചരടു കൊണ്ട് വലിച്ചുകെട്ടി വില്ലുണ്ടാക്കി അതിൽ മണികൾ കെട്ടുന്നു. കിലുക്കമുള്ള മുത്തുമണികൾ കെട്ടിയാൽ വില്ല് റെഡിയായി കഴിഞ്ഞു. അല്പം വർണ്ണം കൂടി വില്ലിന്റെ തണ്ടിൽ തേയ്ച്ചാൽ അതിലും ഭംഗിയായി. ഇന്നിപ്പോൾ വില്ലിന്റെ പരിഷ്കൃത രൂപങ്ങൾക്ക് സൗകര്യങ്ങൾ ഏറിയിട്ടുണ്ട്. നാലും അഞ്ചും കഷ്ണങ്ങളായി ഇളക്കിമാറ്റുകയും വീണ്ടും കലാപ്രകടനത്തിന് നിഷ്പ്രയാസം ഉറപ്പിച്ചെടുക്കുകയും ചെയ്യാവുന്ന ഘടനയാണ് ഇന്നത്തെ വില്ലുകൾക്ക് ഉള്ളത്. കലാ സമിതിക്കാരുടെ ഭാവനയും താല്പര്യവുമനുസരിച്ച് വില്ലിനെ ചിത്രപ്പണിക്കൊണ്ടും വർണ്ണപൊലിമക്കൊണ്ടും അലങ്കരിക്കുന്ന പതിവുമുണ്ട്.

ഈ വില്ലിൽ അടിച്ചുപാടുന്നതിന് രണ്ട് മണിക്കോലുകൾ വേണം. മുത്തുകൾ നിറച്ചതായ വെള്ളി പൂശിയ മണിക്കോലുകൾ ചലനാനുസൃതമായി നല്ല കിലുക്കം പ്രദാനം ചെയ്യുന്നവയാണ്. വില്ലാശാന്റെ കൈകളിലെ ഈ മണിക്കോലുകളാണ് വില്ലടിച്ചാൻ പാട്ടിന്റെ പ്രധാന ധ്വനിയെന്ന് പറയാം. വാദ്യങ്ങളുടെ കൂട്ടത്തിൽ മറ്റൊരു പ്രാധാന ഉപകരണമാണ് കുടം. കുടത്തിന്റെ വായ്പ്രയോഗത്തിന് വിശറിയായി മുറിച്ചെടുത്ത കമുകിൻ പാളയാണ് ഉപയോഗിക്കാറ്. കുടം കൂടാതെ ഹർമ്മോണിയം, തബല, ഗഞ്ചിറ, കൈമണി, സിംബൽ തുടങ്ങിയ വാദ്യങ്ങൾ സൗകര്യാനുസരണം സംഘാംഗങ്ങൾ ഉപയോഗിക്കുകയും ചെയ്യും.

വില്ലടിക്കുന്ന കലാകാരനെ വില്ലനെന്നാണ് പറയുക, വില്ലനെന്ന ആംഗലേയപദത്തിന് നീചൻ, ദുഷ്ടൻ എന്നൊക്കെ ലോകമാകമാനം അർത്ഥം കല്പിക്കപ്പെട്ടുപോയെങ്കിലും മലയാളത്തിൽ വില്ലൻ എന്ന വാക്കിന് വില്ല് പ്രയോഗിക്കുന്നവൻ എന്നേ അർത്ഥമുള്ളൂ. അത് കൊണ്ടാണ് ശ്രീ അയ്യപ്പനെയും അർജ്ജുനനെയും നാം വില്ലൻ, വില്ലാളിവീരൻ എന്നൊക്കെ വിളിക്കുന്നത്. നമ്മുടെ വില്പാട്ടിലെ വില്ലന് വിൽക്കാരൻ, വില്ലാശാൻ, വില്ലുകാരൻ എന്നും പേരുകളുണ്ട്. ഈ വില്ലാശാന് കൂട്ടത്തിലുള്ളവരേക്കാൾ വേഷം കെട്ടൽ അഥവാ മേക്കപ്പ് കൂടുതലാണ്. ഏറ്റവുമധികം ആകർഷകമായി ചമഞ്ഞൊരുങ്ങുന്നത് ഈ വിൽക്കാരനാണ്. വലിയ കപ്പടാമീശ വരച്ച് വച്ച്, മുഖത്തു മിനുക്ക് തേച്ച്, വാലിട്ട് കണ്ണെഴുതി, തലപ്പാവും കങ്കണവുമണിഞ്ഞ് വില്ലാശാൻ ഗംഭീരനാവുന്നു. കിന്നരികളും മെയ്യാഭരണങ്ങളും കൂടാതെ കടുക്കനോ കമ്മലോ കാതുകളിലുമണിയും.

വില്ലിന്റെ ഒത്ത മദ്ധ്യത്ത് വില്ലാശാനും അയാൾക്ക് ഇരുവശത്തുമായി ഇതരകലാകാരന്മാരും സ്ഥാനം പിടിക്കും. കലാകാരന്മാർ എണ്ണത്തിൽ കൂടുതലാണെങ്കിൽ കുറച്ചു പേർ വില്ലാശാന്റെ പിന്നിലായും ഇരിക്കും. കലാകാരന്മാർ ഏവരും വർണ്ണപ്രഭയുള്ള മെയ്വസ്ത്രം (ചട്ട) ധരിക്കുന്നരീതി ചില സമിതിക്കാർ സ്വീകരിക്കാറുണ്ട്. ഈ ചട്ട ഒഴിവാക്കി മുണ്ടുടുത്ത് കഴുത്താരവും തലപ്പാവും മാത്രമണിഞ്ഞ് വില്ലടിച്ചാൻ പാട്ട് നടത്താറുമുണ്ട്.

കഥ പറയുന്ന ആൾ കാഥികൻ എന്ന പേരിൽ അറിയപ്പെടുന്നു. കഥയുടെ വികാരപരമായ അവതരണവും പറച്ചിലും കാഥികൻ നടത്തും. ഗണപതിസ്തുതിയോടെയും അവതരണ ഗാനത്തോടെയും പരിപാടി ആരംഭിക്കും. ദേവന്മാരുടെയും രാജക്കന്മാരുടെയും വീരചരിത്രകഥകൾ അനുഗ്രഹ ശാപ സന്ദർഭങ്ങളുടെ പശ്ചാത്തലത്തിൽ പകർന്ന് വില്ലടിച്ചാൻപാട്ട് പുരോഗമിക്കുമ്പോൾ ഈരടികൾ പ്രധാനപാട്ടുകാരൻ പാടി സുഖിപ്പിക്കും. മറ്റുള്ളവർ പിന്നണിയെന്നോണം കൂടെപ്പാടി ആകർഷകമാക്കും. ഈരടികൾക്ക് വില്ലടിച്ച് കൊഴുപ്പേകും. മനോധർമ്മമനുസരിച്ചുള്ള ഈ കൂട്ടായ്മയും സ്വാതന്ത്ര്യവും എല്ലായിപ്പോഴും കലാവേദിയുടെ "സ്പിരിറ്റ്" വർദ്ധിപ്പിക്കും. വില്ലിനോട് ചേർന്നിരിക്കുന്ന ഈ കൂട്ടുപാട്ടുകാർ കൈമണിപ്പോലുള്ള അവരവരുടെ വാദ്യം കൈകാര്യം ചെയ്യുന്നതോടൊപ്പം ഇടയ്ക്കിടെ സന്ദർഭമനുസരിച്ചുള്ള തമാശകളും, കോമാളിത്തരങ്ങളും വിളമ്പി രംഗം മുഷിയാതെ ഉഷാറാക്കുകയും ചെയ്യും. തലപ്പാവിൽ കിന്നരികൾ കുത്തി നിർത്തിയ ഈ കലാകാരന്മാർ കപ്പടാമീശക്കാരനായ വില്ലാശാന്റെ നേതൃത്വത്തിൽ ചടുല ചലന പ്രയോഗങ്ങൾ നടത്തുമ്പോൾ അരങ്ങ് സ്വതേ രസപ്രദമായി മാറും.

വില്ലാശാൻ ചിലപ്പോൾ തന്റെ കൈക്കോലുകളുടെ തുമ്പിൽ വർണ്ണ റിബൺ കെട്ടി വില്ലടിച്ച് പറത്തി വിസ്മയം സൃഷ്ടിക്കാറുണ്ട്. വികാര ത്രീവ്രമായ സംഘർഷരംഗങ്ങൾ വരുമ്പോൾ കോലിന്റെ തുമ്പിൽ തീപ്പന്തം കെട്ടി വില്ലടിച്ച് ജ്വലിപ്പിച്ച് ദീപപ്രഭ ചൊരിയുന്ന വില്ലാശാന്മാരുമുണ്ട്. സദസ്സിനെ ഉന്മേഷഭരിതരാക്കി ത്രസിപ്പിക്കാൻ ഇത്തരം മൗലികമനോധർമ്മ പ്രവൃത്തികൾ വില്പാട്ടിൽ അനുവദനീയമാണ്. അതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. സർക്കസ്സിലെ കോമാളികളെപ്പോലും ഫലിത്തിന്റെ കാര്യത്തിൽ പിന്നിലാക്കുവാൻ പ്രാപ്തരായ കോമാളികൾ വില്ലിന്റെ രണ്ടറ്റത്തുമിരുന്ന് കാട്ടിക്കൂട്ടുന്ന രസവിക്രിയകൾ ഒരു കാര്യം വിളിച്ചോതുന്നു. "വില്പാട്ട് ജനകീയമാണ്".

തമിഴനാടിന്റെ തെക്കൻ നാടുകളിൽ വില്പാട്ട് വളരെ പ്രചാരവും അംഗീകാരവും നേടിയിട്ടുള്ള ഒരു കലയാണ്. പണ്ട് കാലത്ത് തെക്കൻ കേരളത്തിലും വളരെ സജീവമായിരുന്നു. ഈയടുത്ത കാലത്ത് എല്ലാ നാടൻ കലകൾക്കുമെന്ന പോലെ ഒരു അപചയം വില്പാട്ടിനും ഉണ്ടായിട്ടുണ്ട്. വെറും ഒരു വിനോദപരിപാടി എന്ന നിലയ്ക്കല്ല അതിന്റെ പ്രസക്തി. ദൈവീക പരിവേഷമുള്ള ഒരു അനുഷ്ഠാന കലകൂടിയാണത്. അത്തരത്തിൽ മറ്റൊരു പ്രയോഗരീതികൂടി വില്പാട്ട് അവലംബിക്കുന്നുണ്ട്. ദേവതകളെയും ദുർദേവതകളെയും പാടിപുകഴ്ത്തി പ്രീതിപ്പെടുത്തുന്നുവെന്ന വിശ്വസമാണ് ഇതിന്റെ പിന്നിലുള്ളത്. അമ്മൻകോവിലുകളിലും ഭദ്രകാളിക്ഷേത്രങ്ങളിലും മാടൻ കാവുകളിലും ഒഴിച്ചുകൂടാനാകാത്ത കലാസമർപ്പണമായി ഈ രംഗകല പലയിടങ്ങളിലും അംഗീകാരം ഉറപ്പിച്ചിട്ടുണ്ട്.

വില്ലടിക്കുന്ന കലാകാരനെ വില്ലനെന്നാണ് പറയുക, വില്ലനെന്ന ആംഗലേയപദത്തിന് നീചൻ, ദുഷ്ടൻ എന്നൊക്കെ ലോകമാകമാനം അർത്ഥം കല്പിക്കപ്പെട്ടുപോയെങ്കിലും മലയാളത്തിൽ വില്ലൻ എന്ന വാക്കിന് വില്ല് പ്രയോഗിക്കുന്നവൻ എന്നേ അർത്ഥമുള്ളൂ. അത് കൊണ്ടാണ് ശ്രീ അയ്യപ്പനെയും അർജുനനെയും നാം വില്ലൻ, വില്ലാളിവീരൻ എന്നൊക്കെ വിളിക്കുന്നത്.

എന്നാൽ ഇത്തരം കേന്ദ്രങ്ങളിലെ അരങ്ങ് ഒഴിച്ചാൽ ഇതൊരു വിനോദകലയായി മാത്രം അവതരിപ്പിക്കപ്പെടുന്നുവെന്നതാണ് വസ്തുത. അനുഷ്ഠാന കലയായി അവതരിപ്പിക്കുന്ന രീതിയും, വിനോദകലയായി അവതരിപ്പിക്കുന്ന രീതിയും തികച്ചും വ്യത്യസ്തമാണ്. രണ്ടു ശൈലിയിലാണ് അത് തുടർന്നു വരുന്നത്. അനുഷ്ഠാനരീതിയിൽ തമിഴകസ്വാധീനം മുന്തി നിൽക്കുന്നുണ്ട്. അതിന്റെ ഘടനയിലും വ്യത്യാസമുണ്ട്. അവിടെ കഥപറയുന്നതിലും വില്ലടിക്കുന്നതിലും പാട്ടുപാടുന്നതിലും സ്ത്രീകൾ പ്രാധാന പങ്കുവഹിക്കാറുമുണ്ട്. കേരളത്തിൽ സ്ത്രീകൾ വില്പാട്ടിൽ പങ്കെടുക്കുന്നതേയില്ല. കഥാസന്ദർഭങ്ങളിൽ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും സംവാദങ്ങളും നിരന്തരമായി പ്രയോഗിക്കുന്ന രീതിയാണ് തമിഴകത്തുക്കാരുടേത്.

വില്ലടിക്കുന്ന ആൾ തന്നെ കഥപറയുന്നുവെന്നുള്ളതും തമിഴ് രീതിയാണ്. വില്ലടിക്കുന്ന ആളും കുടമടിക്കുന്ന ആളും തമ്മിൽ കഥാപാത്രങ്ങളായി ഭാവിച്ച് സംവദിക്കുന്നത് അവരുടെ രീതിയാണ്. വില്പാട്ടിന്റെ പകുതിയിലേറെ സമയം ഈ സംവാദത്തിന് വിനിയോഗിക്കാറുമുണ്ട്. ഒരു ദിവസം തന്നെ രണ്ടും മൂന്നും ഘട്ടങ്ങളായി "ടൈം ടേബിൾ" പ്രകാരം തമിഴ്നാട്ടിൽ അനുഷ്ഠാന വില്പാട്ട് നടത്തിവരുന്നുണ്ട്. പ്രത്യേകം വേഷം കെട്ടലോ ചമയങ്ങളോ ഇല്ലാതെ തന്നെ അവർ വില്പാട്ട് നടത്താറുമുണ്ട്.

തെക്കൻ കേരളത്തിലാകട്ടെ വിനോദപരിപാടിയുടെ സ്വഭാവത്തിൽ കലാകാരന്മാർ വേഷമണിഞ്ഞ്, വേണ്ടത്ര ചിട്ടപ്പെടുത്തി കഥാവിഷ്ക്കാരത്തിന്റെ സംവിധാനം കാര്യക്ഷമമായി നിർവ്വഹിച്ചിരിക്കും. കുറച്ച് കൂടി പ്രൊഫഷണലായി മുന്നോട്ട് പോയി കർട്ടന്റേയും ബാക്ക് കർട്ടന്റേയും ഏതാനും വർണ്ണ പ്രകാശ ബൾബുകളുടേയും സഹായത്തോടെ തന്നെയാണ് വില്പാട്ടുകൾ നടന്നു വരുന്നത്. ഓരോ ദശാസന്ധിയിലും എല്ലാക്കലയ്ക്കുമെന്ന പോലെ ഔചിത്യബോധത്തോടുകൂടിയ പരിഷ്ക്കാരവും പരിരക്ഷയും ഈ കലയ്ക്കും ഉണ്ടായേക്കാം. ഉണ്ടാവുകയും വേണം. അതോടൊപ്പം വില്പാട്ട് എന്ന കലാവിഭാഗത്തെ കുറച്ചുകൂടി ആദരവോടെ കാണുകയും വേണം. വില്പാട്ടിന് കലകളുടെയിടയിൽ പിൻ സ്ഥാനം നൽകിയും അല്പം തരം താഴ്ത്തിയും നോക്കിക്കാണുന്ന പലരും ഇന്നത്തെ ഈ തലമുറയിലുണ്ടെന്ന് സമ്മതിക്കാതെ വയ്യ. ഇത്തരക്കാർക്ക് വില്പാട്ട് എന്ന മഹനീയ കലാ രൂപത്തിന്റെ 'ഫോക്ക്ലോർ' സൗന്ദര്യം അറിയുവാൻ അല്ലെങ്കിൽ ആസ്വദിക്കുവാൻ കഴിയുന്നില്ല എന്നേ കരുതേണ്ടതുള്ളൂ. ഈ മനോഭാവത്തിന് മാറ്റമുണ്ടാവുകയും അല്പം അനുകൂലമായി ചിന്തിക്കുകയും ചെയ്താൽ വിൽമണിയൊച്ചയുടെ പശ്ചാത്തലം നിശ്ചയമായും മെച്ചപ്പെടും. അതിന്റെ ഫലമായി നാടൻ സംസ്കൃതി ഉഷാറാകുകയും ചെയ്യും. ■

ജലക്ഷാമമോ? മഴ കൊയ്ത് നേരിടാം

കെ. ഫിലിപ്പോസ്

ലോകസ്ഥിതിയിൽ നിന്ന് വിഭിന്നമായി കേരളത്തിന് ജലക്ഷാമം നേരിടാനുള്ള സംവിധാനം പ്രകൃതി കനിഞ്ഞു നൽകിയിട്ടുണ്ട്. സമൃദ്ധമായ മഴ, നിരവധി ശുദ്ധജലാശയങ്ങൾ, 50 ലക്ഷം കിണറുകൾ പക്ഷെ ഇവയെ ഫലപ്രദമായി ഉപയോഗിക്കുവാൻ കൂട്ടാക്കാതെ നഷ്ടപ്പെടുത്തുകയാണ് നാം.

മറ്റൊരു വരൾച്ചാക്കാലം സമീപിക്കുന്ന ആശങ്കയിലാണ് കേരളം. വർഷം തോറും ശുദ്ധജല ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. നദികളും ശുദ്ധജലാശയങ്ങളും, കിണറുകളും വറ്റി വരളുന്നു. കാട്ടിലെ ജല സ്ത്രോതസുകൾ വറ്റുന്നതിനാൽ കാട്ടിലെ മൃഗങ്ങളും, ഉരഗങ്ങളും, പച്ചപ്പും വെള്ളവും തേടി നാട്ടിലേക്കിറങ്ങുന്നു. ഡാമുകളിലെ വറുതി, ഊർജ്ജ പ്രതിസന്ധിക്കും ഉല്പാദന നഷ്ടത്തിനുമിടയാക്കുന്നു. കാർഷിക രംഗത്തെ അതിഭീമമായ നഷ്ടം ഭക്ഷ്യ സുരക്ഷയെ പ്പോലും ഭീതിപ്പെടുത്തും വിധമാണ്. കുടിവെള്ളത്തിനായ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാവുന്ന അളവിലില്ലാതെയായിരിക്കുന്നു. ദൈനം ദിനം ഈ രംഗം രൂക്ഷമായ പ്രതിസന്ധി വളർത്തിക്കൊണ്ടേയിരിക്കുന്നു.

ലോക ജലവിഭവത്തിന്റെ ഒരു പരിച്ഛേദം മാത്രമാണ് കേരളത്തിലും കാണുന്നത്. ഇനി ഒരു ലോകമഹായുദ്ധമുണ്ടായാൽ അത് ശുദ്ധജലത്തിന് വേണ്ടിയായിരിക്കുമത്രേ!

ലോകസ്ഥിതിയിൽ നിന്ന് വിഭിന്നമായി കേരളത്തിന് ജലക്ഷാമം നേരിടാനുള്ള സംവിധാനം പ്രകൃതി കനിഞ്ഞു നൽകിയിട്ടുണ്ട്. സമൃദ്ധമായ മഴ, നിരവധി ശുദ്ധജലാശയങ്ങൾ, 50 ലക്ഷം കിണറുകൾ പക്ഷെ ഇവയെ ഫലപ്രദമായി ഉപയോഗിക്കുവാൻ കൂട്ടാക്കാതെ നഷ്ടപ്പെടുത്തുകയാണ് നാം. ജലാശയങ്ങൾ മാലിന്യം തള്ളാനുള്ള സ്ഥലമായി കാണുന്നു. പ്രകൃതിയുടെ ജലസംഭരണികളായ പാടശേഖരങ്ങളും, കുന്നുകളും മണിക്കൂറുകൾകൊണ്ട് ഇല്ലാതാകുന്നു. ഇതിന്റെ ദൂഷ്യഫലങ്ങൾ വ്യക്തമായി അറിയാതെ, കൂട്ടുനിൽക്കുന്നവരെ മുമ്പിൽ നിർത്തി ഭൂമാഫിയാ സമരം നയിക്കുന്നു. വെള്ളത്തിനുവേണ്ടി ഭൂമിയിലേക്ക് വെള്ളം കിനിഞ്ഞിറങ്ങി പോഷിപ്പിക്കപ്പെടേണ്ട ഭൂഗർഭജല സ്ത്രോതസുകളിലും ഉറവകളിലും വെള്ളം എത്തരുതെന്ന ദുർവാശി പോലെ മുറ്റവും പരിസരവും കഴിയുന്നത്ര 'വാട്ടർ പ്രൂഫാക്കി' കോൺക്രീറ്റും ടാറും, ടൈലും നിരത്തി സൗന്ദര്യവത്കരണം നടത്തി പണത്തിന്റെ ഹുങ്ക് പ്രദർശിപ്പിക്കുന്നു. സമരം ചെയ്താൽ കുടിവെള്ളം കിട്ടുമോ?

ഇന്ത്യയിൽ പ്രതിശീർഷ ജലാവശ്യം 1500 യൂണിറ്റും ഇപ്പോഴത്തെ ലഭ്യത 1260 യൂണിറ്റുമാണ്. 2020 ൽ ലഭ്യത 621 ആയി ചുരുങ്ങും. പ്രകൃതി കനിഞ്ഞു നൽകുന്ന മഴ ഫലപ്രദമായും ശാസ്ത്രീയമായും ഉപയോഗിക്കുക മാത്രമാണ് ഈ ദുരവസ്ഥ നേരിടാനുള്ള കുറുക്കുവഴി! ഏറ്റവും ചെലവു കുറഞ്ഞതും പ്രകൃതിയിൽ ലഭ്യമാകുന്നതിൽ ശുദ്ധവുമായ കുടിവെള്ളവും മഴവെള്ളം തന്നെ.

നിലവിലുള്ള ശുദ്ധജല സ്ത്രോതസുകൾ സംരക്ഷിക്കണം. അവ പുനരുദ്ധരിക്കണം. മഴവെള്ളം കുടിവെള്ളമായി സംഭരിക്കണം. വരൾച്ചകാലത്ത് ഉപയോഗിക്കണം. ഭൂമിക്കടിയിലെ ജലവിതാനം ഉയർത്താനാവും വിധം മഴവെള്ളം ഭൂമിയിലേക്കിറങ്ങാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തണം. ഇതിനായി കൂടുതൽ ചെടികൾ നട്ടുപിടിപ്പിക്കണം. ഉള്ളവ സംരക്ഷിക്കണം. അമിതമായ ഭൂമി ചൂഷണവും വനനശീകരണവും, മണ്ണൊലിപ്പും ചെലവുകുറഞ്ഞ രീതിയിൽ തടയണം. ഭൂജലവിതാനം ഉയർത്താൻ മഴക്കുഴികൾക്കാവും

മഴവെള്ളം ശ്രദ്ധിച്ച് ശേഖരിച്ചാൽ പ്രത്യേകം ശുദ്ധീകരിക്കാതെ തന്നെ കുടിവെള്ളമായി ഉപയോക്കാം.

മഴവെള്ള സംരഭണം

കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം പാത്തികളിൽ കൂടി ചെലവു കുറഞ്ഞ ഫെറോസിമന്റ് സംഭരണികളിൽ ശേഖരിച്ച് അടച്ചു സൂക്ഷിക്കാം. 1000 ചതുരശ്രയടി കൂരയിലെ വെള്ളം ഒരു ലക്ഷം ലിറ്റർ ടാങ്ക് നിറയ്ക്കാൻ മതിയാകും. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിലുംമഴ കുറവായ സ്ഥലങ്ങളിലും മഴവെള്ളം സംഭരണികളിലാക്കി സൂക്ഷിക്കുന്നത് സാധാരണ കാഴ്ചയാണ്.

മഴ കുറവായ വടക്കൻ സംസ്ഥാനങ്ങൾ ലഭിക്കുന്ന മഴ സമർത്ഥമായി ഉപയോഗിക്കാൻ വിപുലമായ മാതൃകാ സംവിധാനങ്ങൾ ഏർപ്പെടത്തി ജലക്ഷാമം നേരിടുന്നുണ്ട്.

കേരളത്തിലെ ജലക്ഷാമം നേരിടാൻ 5 സെന്റിൽ കൂടുതൽ വസ്തു ഉള്ളതിൽ പണിയുന്ന കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി പണിയണമെന്ന് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധന പ്രാദേശിക ഭരണകൂടങ്ങൾ ഗൗരവമായി എടുക്കുന്നതേയില്ല. 5% കെട്ടിടങ്ങൾ പോലും ഈ നിബന്ധന.

പ്രകാരം പൂർത്തിയാക്കുന്നില്ല. അതിനാൽ സർക്കാരിന്റെ ഉദ്ദേശശുദ്ധി തകിടം മറിക്കപ്പെടുന്നു.

മഴവെള്ള സംഭരണികളുടെ നിർമ്മാണത്തിന് ശ്രദ്ധിക്കേണ്ടുന്ന സംഗതികൾ

* വീടിന്റെ മേൽക്കൂരയിൽ നിന്ന് ഏറ്റവും കൂടുതൽ വെള്ളമെത്തുന്ന സ്ഥലത്ത് സംഭരണികൾ നിർമ്മിക്കണം.
* മേൽക്കൂരയുടെ താഴത്തെ അരികിൽ പാത്തികൾ ഉറപ്പിച്ച് വെള്ളം ഒരു സ്ഥലത്ത് എത്തിക്കണം.
* ഉറപ്പുള്ള പ്രതലത്തിൽ വേണം സംഭരണികൾ നിർമ്മിക്കാൻ.
* വൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന സ്ഥലം ഒഴിവാക്കുന്നതാണുത്തമം.

സംഭരണ ടാങ്ക്

അറിയപ്പെടുന്ന നിർമ്മാണ വിദ്യയിൽ ഏറ്റവും ചെലവുകുറഞ്ഞതും, ഈടുറ്റതും, ദീർഘകാലം നിലനിൽക്കുന്നതും, ഫെറോസിമന്റ് ടാങ്കുകളാണ്. ഏതുതരം സംഭരണികളിലായാലും ശേഖരിക്കുന്ന വെള്ളത്തിൽ സൂര്യപ്രകാശം പതിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഇങ്ങനെ സൂക്ഷിച്ചാൽ 6–8 മാസം വെള്ളം കേടുകൂടാതിരിക്കും.

സംഭരണം

മേൽക്കൂരയിൽ ആദ്യം എത്തുന്ന മഴവെള്ളത്തിൽ പൊടിപടലങ്ങളും മേൽക്കൂരയിലെ അഴുക്കുകളും ചേർന്നതാകയാൽ ടാങ്കുകളിൽ എത്തരുത്. സംഭരണികളിലേക്ക് വെള്ളം എത്തിക്കുന്ന പ്ലംബിംഗ് സംവിധാനത്തിൽ ഇത്തരം ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. തുടർന്ന് കിട്ടുന്ന വെള്ളം സംഭരണിയുടെ മുകളിൽ സ്ഥാപിക്കുന്ന അരിപ്പകളിൽ കൂടി കടത്തി ശുദ്ധീകരിച്ച് ശേഖരിക്കാം.

മുൻകരുതലുകൾ

മഴക്കാലത്ത് വെള്ളം ശേഖരിക്കാൻ തുടങ്ങുന്നതിന് മുമ്പും മഴക്കാലത്തിനു ശേഷവും മേൽക്കൂര, വെള്ളം എത്തിക്കുന്ന പാത്തി ഇവ വൃത്തിയാക്കിയിടണം. അരിപ്പകളിലെ ഫിൽട്ടർ മാദ്ധ്യമവും കഴുകി വൃത്തിയാക്കി വീണ്ടും നിറക്കണം. സംഭരണി നിറഞ്ഞ ശേഷം ബാക്കി വരുന്ന വെള്ളം വറ്റിപ്പോകുന്ന കിണറുകൾ ചാർജ് ചെയ്യാൻ ഉപയോഗിക്കാം. ഇതിനും പ്ലംബിംഗ് നടത്തുമ്പോൾ ക്രമീകരണം ചെയ്യാം. കിണർ ചാർജ്ജു ചെയ്യുന്നതുമൂലം കിണറ്റിലെ ജലവിതാനം ക്രമേണ ഉയരാനും തുടർ വർഷങ്ങളിൽ കൂടുതൽ വെള്ളം കിണറ്റിൽ ലഭ്യമാക്കാനും സഹായിക്കും.

ടാങ്ക് നിർമ്മാണം

ടാങ്കിന്റെ ഫൗണ്ടേഷൻ ചട്ടിയുടെ ആകൃതിയിലായതിനാൽ ചട്ടിക്കുഴി എന്നറിയപ്പെടും. ഫൗണ്ടേഷൻ ഉറപ്പുള്ള മണ്ണിലല്ലായെങ്കിൽ ടാങ്ക് പൊട്ടിയോ, ചരിഞ്ഞോ നഷ്ടപ്പെടും. കുട്ടനാട് പോലെയുള്ള അയഞ്ഞ മൺഘടനയുള്ള പ്രദേശങ്ങളിൽ അടിത്തറ ബലപ്പെടുത്തിയേ ടാങ്ക് നിർമ്മിക്കാനാവൂ.

ടാങ്കിന്റെ ശരീര ഭാഗം നിർമ്മാണം

ടാങ്ക് വൃത്താകൃതിയിലാണ്. ഈ ആകൃതി തന്നെ വെള്ളത്തിന്റെ ഭാരവും ബലവും ചെറുക്കാൻ സഹായിക്കുന്നു.

ടാങ്കിന്റെ ഫ്രെയിം 8 മി.മീ, 6മി.മീ കമ്പി കെട്ടിയുണ്ടാക്കുന്നു. ഈ ഫ്രെയിമിന് പുറമെ 2x2 ഇഞ്ച് ചതുര കണ്ണികളുള്ള വെൽഡ് മെഷ് കെട്ടി ബലപ്പെടുത്തുന്നു. വെൽഡഡ് മെഷിന്റെ ഇരുപുറത്തും 1/2 ഇഞ്ച് ഹെക്സഗണൽ ആകൃതിയിലുള്ള ചിക്കൻ മെഷ് ഓരോ നിര ഉറപ്പിക്കുന്നു.

ഈ 4 നിര ഇരുമ്പു ചട്ടത്തിന്മേൽ 1:3 അനുപാതത്തിൽ കൂട്ടിയ സിമന്റ് ചാന്ത് ഒരു നിര തേച്ചു പിടിപ്പിക്കുന്നു. ഈ ചാന്ത് സെറ്റ് ചെയ്തതിനു ശേഷമേ അടുത്ത പണി ചെയ്യാനാവൂ. ഒന്നാം നിര സിമന്റ് ചാന്ത് ഉറച്ച ശേഷം ടാങ്കിന്റെ ഫ്രെയിമിന്റെ പുറത്തുവശം 1:3 അനുപാതത്തിൽ കൂട്ടിയ ചാന്ത് 3/4 ഇഞ്ച് കനത്തിൽ തേച്ച് പിടിപ്പിക്കും. ഈ നിര ചാന്ത് ഉറച്ച ശേഷം, ടാങ്കിന്റെ ഉൾവശം 1:3 അനുപാതത്തിൽ ചാന്ത് തേക്കുന്നു. അന്നു തന്നെ ചാന്തിന്റെ ഉൾവശം കട്ടികൂടിയ സ്മന്റ് ഗ്രൗട്ട് പൂശി ലീക്ക് പ്രൂഫാക്കിയെടുക്കണം. അകവും പുറവും, സിമന്റ് വെള്ളത്തിൽ കലക്കി, പെയിന്റ് പോലെയാക്കി ബ്രഷ് ചെയ്ത് പിടിപ്പിക്കണം.

ജലം ശേഖരിക്കുന്ന പാത്തി

പി.വി.സി പാത്തികളിലാണ് ജലം സംഭരണികളിലേക്കെത്തിക്കുന്നത്. കട്ടികൂടിയ ഉറപ്പുള്ള പാത്തികളുപയോഗിച്ചാൽ തുടർ ചെലവുകൾ ഒഴിവാക്കാം. കൂടുതൽ വിസ്തൃതിയിലെ വെള്ളം പാത്തിയിലെത്തിച്ചാൽ അതിനെ മുഴുവൻ താങ്ങാൻ ശേഷിയുള്ള പാത്തിയും ക്ലാമ്പും പിടിപ്പിക്കണം.

ജലം ശുദ്ധീകരിക്കൽ

മേൽക്കൂരയിൽ നിന്നെത്തുന്ന മഴവെള്ളത്തിൽ പൊടിപടലങ്ങൾ ഉണ്ടാവും. വെള്ളം സംഭരണികളുടെ മേൽഭാഗത്ത് ഉറപ്പിക്കുന്ന അരിപ്പകളിൽ എത്തിക്കുന്നു. അരിപ്പക്കുള്ളിൽ 3/4 ഇഞ്ച് മെറ്റൽ, കരി, കരിങ്കൽ ചിപ്സ്, ചകിരി ഇവ ഉപയോഗിക്കാം. മഴക്കാലത്ത് തുടർച്ചയായി അരിക്കൽ നടക്കുന്നതിനാൽ പൊടിപടലങ്ങൾകൊണ്ട് അരിപ്പക്കണ്ണുകൾ അടയാം. വർഷത്തിലൊരിക്കൽ ഈ മാദ്ധ്യമം വാരി കഴുകി തിരികെ നിറയ്ക്കണം.

ഫെറോസിമന്റ് ടാങ്കുകളുടെ സവിശേഷതകൾ

ചെലവു കുറഞ്ഞ നിർമ്മാണ മാർഗം, ബലവത്തായത്, സാധാരണ അറ്റകുറ്റപ്പണികൾ വേണ്ടി വരില്ല.

ആവശ്യവും സ്ഥല ലഭ്യതയും, മേൽക്കൂര വിസ്തൃതിയുമനുസരിച്ച് ടാങ്കിന്റെ ശേഷി നിശ്ചയിക്കാം.

ടാങ്കിന്റെ അളവ് വലുതാകുന്നതനുസരിച്ച് നിർമ്മാണ ചെലവ് നിരക്കിൽ കുറവ് വരും.

വീട്ടിലെ ടാങ്ക് എത്ര അളവിലാക്കണം?

ഒരു വ്യക്തിയുടെ ആവശ്യത്തിന് പ്രതിദിനം 150 ലിറ്റർ വെള്ളം വേണം. 5 പേരുള്ള ഒരു കുടുംബത്തിൽ 150x5 = 750 ലിറ്റർ വെള്ളം ഒരു ദിവസം ആവശ്യമാണ്.

ഒരു വീട്ടിൽ ഒരു മാസത്തേക്ക് 750 x 30 = 22500 ലിറ്റർ 3 മാസത്തെ വറുതിയുണ്ടെന്ന് കണക്കാക്കിയാൽ ആ വീട്ടിലേക്ക് 22500 x 3 = 67500 ലിറ്റർ ശേഷിയുള്ള ടാങ്ക് ആവശ്യമായിരിക്കും.

ടാങ്കിന്റെ വാർഷിക അറ്റകുറ്റ പണികൾ

വർഷം തോറും ടാങ്കിന്റെ പുറവശം വൈറ്റ് സിമന്റ് പൂശണം.

മഴക്കാലത്തിന് മുമ്പ് ടാങ്കിന്റെ ഉൾവശം കഴുകി വൃത്തിയാക്കണം. മെറ്റൽ ബ്രഷ് ഉപയോഗിക്കരുത്.

പാത്തികൾ വത്തിയാക്കണം.

നിരപ്പായ റൂഫിൽ പായൽ നീക്കി വൈറ്റ് സിമന്റ് പൂശുന്നത് നന്നാണ്.

ഫിൽട്ടർ മീഡിയം വർഷത്തിലൊരിക്കൽ വാരി കഴുകി വൃത്തിയാക്കി തിരികെ നിറയ്ക്കണം. കേരളത്തിലെ മഴക്കാലവും മഴയുടെ അളവും കണക്കാക്കി 10000 ലിറ്റർ ടാങ്കിന് 100 ചതുരശ്രയടി മേൽക്കൂരയിലെ വെള്ളം ശേഖരിച്ചാൽ മതിയാകും.

ടാങ്കിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം

10000 ലിറ്റർ 9 $^{1}/_{2}$ അടി വൃത്തത്തിലും
20000 ലിറ്റർ 13 അടി വൃത്തത്തിലും
25000 ലിറ്റർ 13$^{1}/_{4}$ അടി വൃത്തത്തിലും
50000 ലിറ്റർ 18 അടി വൃത്തത്തിലും
100000 ലിറ്റർ 25 അടി വൃത്തത്തിലും
150000 ലിറ്റർ 32 അടി വൃത്തത്തിലും
സ്ഥലം വേണം.

പൊക്കത്തിൽ അല്പം കൂട്ടി വിസ്തൃതി 1 അടി വരെ കുറയ്ക്കാം. 7 അടി ഉയരത്തിൽ കൂടുതൽ കൊടുക്കാതിരിക്കുന്നതാണ് അഭികാമ്യം. ■

ലേഖകൻ റിട്ട. കൃഷി ഓഫീസറാണ്



പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

ഉദയഭാനു കണ്ടേത്ത്

? തുക നൽകുന്നത് ഡിമാൻഡ് ഡ്രാഫ്റ്റായിട്ടാണെങ്കിൽ സാംഖ്യയിൽ എന്തായിരിക്കണം 'ഇൻസ്ട്രമെന്റ്' ആയി രേഖപ്പെടുത്തേണ്ടത്?

= പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നു പണം നൽകുന്നത് ബാങ്കിന് 'Yourselves' എന്ന പേരിൽ എഴുതി നൽകുന്ന ചെക്ക് വഴിയായിട്ടായിരിക്കും. അല്ലെങ്കിൽ സെൽഫ് ചെക്ക് വഴി ക്യാഷ് പിൻവലിക്കുകയും ക്യാഷ് നൽകി ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങുകയും ചെയ്യും. ചെക്ക് നൽകിയാണ് ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങുന്നതെങ്കിൽ ഇൻസ്ട്രമെന്റ് 'ചെക്ക്' ആയിരിക്കും. നേരേ മറിച്ച് ക്യാഷ് നൽകിയാണ് ഡിമാൻഡ് ഡ്രാഫ്റ്റ് വാങ്ങുന്നതെങ്കിൽ ഇൻസ്ട്രെന്റ് ക്യാഷ് എന്നു രേഖപ്പെടുത്തുക

? മുൻവർഷം വികസന ഫണ്ടിൽ നിന്നു നൽകിയ തുകയിൽ ചെലവാകാതെ ബാക്കി വന്ന തുക ഒരു നിർവ്വഹണ ഏജൻസി ചെക്ക് ആയി പഞ്ചായത്തിന് തിരികെ നൽകുന്നു. പഞ്ചായത്ത് ചെലാൽ സഹിതം പ്രസ്തുത ചെക്ക് സർക്കാർ അക്കൗണ്ടിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ ട്രഷറിയിൽ നിക്ഷേപിക്കുന്നു. തുക ലഭിക്കുമ്പോഴും ട്രഷറിയിൽ അടയ്ക്കുമ്പോഴും എന്തായിരിക്കും ഇൻസ്ട്രമെന്റ്?

= തുക ലഭിച്ചത് ചെക്ക് ആയിട്ടാണെങ്കിലും അത് പഞ്ചായത്തിന്റെ ഒരു ബാങ്ക് അക്കൗണ്ടിലും നിക്ഷേപിക്കുന്നില്ല. അതുപോലെ ട്രഷറിയിൽ നിക്ഷേപിക്കാനായി നൽകുന്ന ചെക്ക് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നല്ല. അതിനാൽ തുകയ്ക്ക് സാംഖ്യയിൽ രസീത് രേഖപ്പെടുത്തുമ്പോഴും പേയ്മെന്റ് രേഖപ്പെടുത്തുമ്പോഴും ഇൻസ്ട്രമെന്റ് ക്യാഷ് ആയിരിക്കും.

? ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതില്ലാത്ത ചില ഇടപാടുകൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഉണ്ടല്ലോ? ഏതെല്ലാമാണ് അവ?

= ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയിൽ മൂന്ന് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. (1) ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് (2) ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്തു കിട്ടിയ സർക്കാർ ഓഫീസായ ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസ് (3) മഹാത്മഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസ്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ എല്ലാ ഇടപാടുകളും സാംഖ്യയിൽ രേഖപ്പെടുത്തണം. ഉദാ: 'എ' മുതൽ 'ജി' വരെയുള്ള ഫണ്ടുകൾ. എന്നാൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ ഒരിടപാടും സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതില്ല. കാരണം അതൊരു സർക്കാർ ഓഫീസാണ്. ഉദാ: ജീവനക്കാരുടെ ശമ്പളവും അലവൻസുകളും. അതുപോലെ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ചുമതലയുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസും മറ്റൊരു സർക്കാർ ഓഫീസാണ്. അതിനാൽ ഓഫീസിലെ ഇടപാടുകളും സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതില്ല. കാരണം ബ്ലോക്ക് പഞ്ചായത്തിന് മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പു ചുമതലയില്ല.

? 'ബി' ഫണ്ട് അലോട്ട്മെന്റ് ലഭിക്കുമ്പോൾ രസീത് രേഖപ്പെടുത്തേണ്ടതുണ്ടോ?

= 'ബി' ഫണ്ട് അലോട്ട്മെന്റ് ലഭിക്കുമ്പോൾ രസീത് രേഖപ്പെടുത്തരുത്. അലോട്ട്മെന്റ് മാത്രം രേഖപ്പെടുത്തുക. അപ്പോൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിവരം പ്രത്യക്ഷപ്പെടും. ട്രഷറിയിൽ നിന്നു പണം പിൻ വലിക്കുമ്പോഴാണ് രസീത് രേഖപ്പെടുത്തുന്നത്. ഉടൻ തന്നെ ചെലവ് നടത്തുന്നുണ്ടെങ്കിൽ ചെലവും രേഖപ്പെടുത്തണം.

? 'എ', 'ബി', 'സി' ഫണ്ടുകളിൽ നിന്നും അലോട്ട്മെന്റ് നൽകുമ്പോൾ, ലഭിക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ പലപ്പോഴും ചെവല് സ്റ്റേറ്റ്മെന്റ് നൽകാറില്ല. അതിനാൽ അലോട്ട്മെന്റ് നൽകിയാൽ ഉടനെ സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തുന്നതല്ലേ ഉചിതം?

= നിർവഹണക ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകിയാൽ ചെലവ് എപ്രകാരമാണ് രേഖപ്പെടുത്തേണ്ടതെന്ന് 12-04-2006 ലെ ജി ഒ(പി) 177/2006/ഫിൻ-നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഓരോ മാസവും 5-ാം തീയതി മുൻമാസത്തെ ചെലവ് സ്റ്റേറ്റ്മെന്റ് നിശ്ചിത ഫോറത്തിൽ പഞ്ചായത്തിനു സമർപ്പിക്കുവാൻ ഒരോ നിർവഹണ ഉദ്യോഗസ്ഥനും ബാദ്ധ്യസ്ഥനാണ്. ഈ സ്റ്റേറ്റ്മെന്റിനെ വൗച്ചറായി കണക്കാക്കി പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തിയാണ് 'എ', 'ബി', 'സി' ഫണ്ടുകളുടെ ചെലവ് രേഖപ്പെടുത്തുന്നത്.

? മുൻപ് നൽകിയ ഒരു ചെക്ക് തിരികെ നൽകി, കാലാവധി കഴിഞ്ഞതിനാൽ പുതിക്കിയ ചെക്ക് നൽകണമെന്ന് കരാറുകാരൻ അഭ്യർത്ഥിക്കുന്നു. എന്തു ചെയ്യാൻ കഴിയും?

= 350 800 101 Liability for state cheque എന്ന ഹെഡിന് ക്രെഡിറ്റ് നൽകി ചെക്കിന് രസീത് രേഖപ്പെടുത്തുക. cheque cancelled for issuing fresh cheque എന്ന് നരേഷനും രേഖപ്പെടുത്തുക. അതേ തുകയ്ക്ക് പുതിയ ചെക്ക് എഴുതി പേയ്മെന്റ് രേഖപ്പെടുത്തുന്നതും 350 800 101 Liability for state cheques എന്ന ഹെഡിനു തന്നെയാണ്. fresh cheque issued in lieu of cancelled എന്നായിരിക്കും നരേഷൻ.

? ജീവനക്കാരുടെ ശമ്പളത്തിൽ നിന്നു റിക്കവറി നടത്തി ഓഫീസ് മേധാവി അടയ്ക്കുന്ന "പ്രൊഫഷൻ ടാക്സ് - എംപ്ലോയീസ്" എന്ന വരുമാനത്തിന്റെ കാര്യത്തിൽ കുടിശ്ശിക അക്കൗണ്ട് ചെയ്യുന്ന തെങ്ങനെ?

= "പ്രൊഫഷൻ ടാക്സ് - എംപ്ലോയീസ്" എന്ന വരുമാന ഹെഡിൽ തുക അക്കൗണ്ട് ചെയ്യുന്നത് അക്രൂവൽ രീതിയിലല്ല; യഥാർത്ഥത്തിൽ ലഭിക്കുന്ന തുക മാത്രം അക്കൗണ്ട് ചെയ്താൽ മതി. അതിനാൽ ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ കുടിശ്ശിക അക്കൗണ്ടിംഗ് ഇല്ല.

? കറന്റ് ചാർജ് അടയ്ക്കാൻ വേണ്ടി 2100 രൂപ സെൽഫ് ചെക്ക് വഴി പിൻവലിച്ചു. എന്നാൽ 1900 രൂപയ്ക്കു മാത്രമുള്ള രസീതാണ് വൈദ്യുതി ഓഫീസിൽ നിന്നു ലഭിച്ചത്. ബാക്കി വന്ന 200 രൂപയ്ക്ക് രസീത് നൽകേണ്ടതുണ്ടോ?

= ആവശ്യമില്ല. 200 രൂപ പുറത്തുനിന്നു ലഭിച്ചതല്ല. സെൽഫ് ചെക്ക് വഴി പിൻവലിച്ച്

കയ്യിൽ വന്ന ക്യാഷിൽ ബാക്കി വന്നതാണ്. ഈ തുക ബാങ്കിൽ തിരിച്ചടച്ച് കോൺട്രാ എൻട്രി രേഖപ്പെടുത്തിയാൽ മതി.

? ഡി.എ.കുടിശ്ശിക ചെലവ് എങ്ങനെ രേഖപ്പെടുത്തണം?

= 'സാലറീസ്' എന്ന ഹെഡിന് 'ഡെബിറ്റ് റിക്കവറീസ് പേയബിൾ-പ്രോവിഡന്റ് ഫണ്ട്' എന്ന ഹെഡിന് ക്രഡിറ്റും നൽകി ജേണൽ എൻട്രി രേഖപ്പെടുത്തുക. 'റിക്കവറീസ് പേയബിൾ-പ്രോവിഡന്റ് ഫണ്ട്' എന്ന ഹെഡിന് ഡെബിറ്റും ബാങ്കിന് ക്രെഡിറ്റും നൽകി പേയ്മെന്റ് ഓർഡറും പേയ്മെന്റും രേഖപ്പെടുത്തുക.

? 2020 രൂപയായിരുന്നു തലേദിവസത്തെ കളക്ഷൻ. എന്നാൽ പിറ്റേന്ന് ബാങ്കിൽ അടച്ചതും കോൺട്രാ എൻട്രി രേഖപ്പെടുത്തിയതും 2030 രൂപയായിരുന്നു. ഇപ്പോൾ ക്യാഷ് ബുക്കിലെ നീക്കിയിരുപ്പിൽ 10 രൂപയടെ കൂടുതൽ കാണുന്നു. ഇത് സംഭവിച്ചത് 10 ദിവസം മുമ്പാണ്. ഇത് എങ്ങനെ തിരുത്തും? ഏതു ദിവസത്തെ അക്കൗണ്ടിൽ തിരുത്തു വരുത്തും?

= ഏതു ദിവസമാണോ തെറ്റു കണ്ടുപിടിച്ചത്, ആ ദിവസമോ അതിനു ശേഷമോ മാത്രമേ തിരുത്ത് അക്കൗണ്ടിൽ വരുത്താനാവുകയുള്ളൂ. അക്കൗണ്ടിൽ കൂടുതൽ തുകയായ 10 രൂപയ്ക്ക് രസീത് രേഖപ്പെടുത്തുക. 180 800 199 Miscellaneous Receipts എന്ന ഹെഡിന് ക്രെഡിറ്റ് നൽകുക. Excess cash found in cash-chest എന്ന് നരേഷൻ രേഖപ്പെടുത്തുക.

? മുൻവർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ 'പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്)' ഇനത്തിൽ ഔട്ട് ഡോർ കളക്ഷൻ ആയി രസീത് നൽകി പിരിച്ചെടുത്ത 500 രൂപ ബാങ്കിൽ അടച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ രേപ്പെടുത്തിയിട്ടുണ്ട്. ഇത് എങ്ങനെ ഈ വർഷം അക്കൗണ്ടിൽ ഉൾപ്പെടുത്തും? പഞ്ചായത്തിന്റെ രേഖകൾ പ്രകാരം കഴിഞ്ഞ വർഷം പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) പിരിവ് 100 ശതമാനമാണ്. അതിനാൽ പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്)-കുടിശ്ശിക ഇനത്തിൽ വരവ് രേഖപ്പെടുത്താനാവില്ല.

= ഔട്ട് ഡോർ കളക്ഷൻ ആയി പിരിച്ചെടുത്ത 500 രൂപ കഴിഞ്ഞ വർഷം പഞ്ചായത്ത് ഓഫീസിൽ അടച്ചിട്ടില്ലെന്നും, അതു കൊണ്ട് തന്നെ ഈ തുക ബാങ്കിൽ അടച്ചിട്ടില്ലെന്നുമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് നിരീക്ഷണത്തിന്റെ പൂർണ്ണരൂപം. 'പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്)' ഇനത്തിൽ പിരിച്ചെടുത്ത 500 രൂപ ഉൾപ്പെടുത്താതെ തന്നെ 100 ശതമാനം പിരിവു കാണിച്ചതിനാൽ, കഴിഞ്ഞ വർഷത്തെ 100 ശതമാനം പിരിവ് യഥാർത്ഥമല്ല. പ്രൊഫഷൻ ടാക്സ്-ട്രേഡേഴ്സ് ഇനത്തിൽ കഴിഞ്ഞ വർഷം പിരിച്ചെടുത്ത തുകയായതിനാൽ 'പിരിഞ്ഞു കിട്ടാനുള്ള പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്)-കുടിശ്ശിക' എന്ന ഹെഡിനു ക്രെഡിറ്റ് നൽകി വരവ് രേഖപ്പെടുത്തണം. തൊട്ടടുത്ത ദിവസം മൊത്തം കളക്ഷൻ തുക കോൺട്രാ എൻട്രി രേഖപ്പെടുത്തി ബാങ്കിൽ അടയ്ക്കണം. 'പിരിഞ്ഞു കിട്ടാനുള്ള പ്രൊഫഷൻ ടാക്സ്-(ട്രേഡേഴ്സ്)-കുടിശ്ശിക' ഇനത്തിൽ ഡെബിറ്റ് ഒന്നും ഇപ്പോൾ ഇല്ലാത്തതിനാൽ താഴെപറയുന്ന ജേർണൽകൂടി രേഖപ്പെടുത്തണം.

431 190 102 Receivable for profession Tax Institutions/Professionals/ Traders (Arrear)	500	
To 280 100 102 Prior period Income - Profession Tax Institutions/Professionals/ Traders (being collection of Profession Tax-Traders relating to previous years		500

? 'പേപ്പർ ലെസ് ഓഫീസ്' എന്ന രീതിയിലേക്ക് കാര്യങ്ങൾ പുരോഗമിക്കുമ്പോൾ ദിനംപ്രതി ക്യാഷ് ബുക്ക്. പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നതെന്തിനാണ്?

= പേപ്പർ ലെസ് ഓഫീസ് നിലവിൽ വന്നിട്ടില്ലല്ലോ. ഓരോ ദിവസത്തേയും ഇടപാടുകൾ സാംഖ്യയിൽ അന്നേ ദിവസം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധനയ്ക്ക് അധികാരപ്പെടുത്തിയ ഏത് ഉദ്യോഗസ്ഥനും നിഷ്പ്രയാസം ബോദ്ധ്യപ്പെടുവാനും മുൻ ദിവസങ്ങളിലെ ഇടപാടുകൾ പരിശോധിക്കുന്നതിനുള്ള എളുപ്പത്തിനും വേണ്ടിയാണിത്.

? അപ്രുവൽ രേഖപ്പെടുത്തേണ്ടത് സെക്രട്ടറിയാണ്. എന്നാൽ സൗകര്യാർത്ഥം സെക്രട്ടറിയുടെ പാസ്വേഡ് അക്കൗണ്ടന്റിനു നൽകുകയും അക്കൗണ്ടന്റ് തന്നെ സെക്രട്ടറിയുടെ ലോഗനിൽ കയറി അപ്രുവൽ രേഖപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളുണ്ടെന്ന് ചില റിപ്പോർട്ടുകളിൽ കാണുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന അപകടം എന്താണ്?

= സെക്രട്ടറിയുടെ അറിവുകൂടാതെ അക്കൗണ്ടന്റ് നടത്തുന്ന ചില രേഖപ്പെടുത്തലുകൾ സെക്രട്ടറിക്ക് ദോഷകരമായേക്കാം. അതുപോലെ സെക്രട്ടറി ദീർഘ നാളത്തെ ലീവിൽ ആയിരുന്ന ദിവസങ്ങളിലെല്ലാം അക്കൗണ്ടന്റ് സെക്രട്ടറിയുടെ ലോഗനിൽ കയറി നടത്തിയ അപ്രൂവലുകൾ അക്കൗണ്ടിന്റെ പേരിലുള്ള കുറ്റമായി തീരാനും സാദ്ധ്യതയുണ്ട്. മാത്രമല്ല, ഇത്തരം രേഖപ്പെടുത്തലുകളിൽ സത്യസന്ധതയില്ല എന്ന കാര്യം സെക്രട്ടറിയുടെയും അക്കൗണ്ടന്റിന്റേയും സവിശേഷ ശ്രദ്ധയർഹിക്കുന്നതാണ്.

? വസ്തു നികുതിയുടെ ആദ്യഅർദ്ധവർഷ ഗഡു സെപ്തംബർ 30-നകം അടച്ചില്ലെങ്കിൽ പിഴ പലിശ നൽകേണ്ടതുണ്ടോ?

= കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203-ാം വകുപ്പിന്റെ 15-ാം ഉപവകുപ്പു പരിശോധിക്കാം. 2009 ഒക്ടോബർ 7ന് നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള 203-ാം വകുപ്പാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. ഇതു പ്രകാരം വാർഷിക വസ്തു നികുതി രണ്ട് അർദ്ധവാർഷിക ഗഡുക്കളായാണ് നൽകേണ്ടത്. ഒന്നാം അർദ്ധവാർഷിക ഗഡു ഒന്നാം വർഷം അവസാനിക്കുന്നതിനുള്ളിൽ ലഭിക്കണം. അതായത് സെപ്തംബർ 30-ാം തീയതിക്കകം. ഇപ്രകാരം നൽകിയില്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ പിഴപ്പലിശ നൽകണം. പിഴപ്പലിശ പ്രതിമാസം ഒരു ശതമാനമാണെന്ന് 209 ഇ-വകുപ്പ് അനുശാസിക്കുന്നു. ഇതിനർത്ഥം സെപ്തംബർ 30-നകം അടക്കേണ്ടിയിരുന്ന ഒന്നാം അർദ്ധവാർഷിക ഗഡു ഒക്ടോബർ-1നാണ് അടയ്ക്കുന്നതെങ്കിൽ ഒരു ശതമാനം പിഴപ്പലിശ നൽകണമെന്നാണ്.

നേരത്തെ നിലവിലുണ്ടായിരുന്ന ഗവ: സർക്കുലർ പ്രകാരം വർഷാന്ത്യത്തിനു ശേഷം പിഴപ്പലിശ നൽകിയാൽ മതിയായിരുന്നു. മാത്രമല്ല, കഴിഞ്ഞ കുറെ വർഷങ്ങളായി മാർച്ച് മാസത്തിൽ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കി കൊടുക്കാൻ നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് ഇറങ്ങാറുണ്ട്. ഇവയുടെയൊക്കെ അടിസ്ഥാനത്തിൽ പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച പല തെറ്റിദ്ധാരണകളും നിലനിൽക്കുന്നുണ്ട്. 2000-മാണ്ടിലെ സർക്കുലർ 2009-ലെ നിയമഭേദഗതിക്കു ശേഷവും നിലനിൽക്കുന്നുണ്ടെന്നാണ് ഒരു തെറ്റിദ്ധാരണ. പുതിയ സർക്കാർ ഉത്തരവ് പുറത്തിറങ്ങിയില്ലെങ്കിലും പിഴപ്പലിശ ഒഴിവാക്കാമെന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. തെറ്റിദ്ധാരണ ഒഴിവാക്കിയാൽ ഇതാണ് വസ്തുത: സെപ്തംബർ 30 നകം ഒന്നാം അർദ്ധവാർഷിക ഗഡു അടയ്ക്കണം. ഇപ്രകാരം അടച്ചില്ലെങ്കിൽ ഒക്ടോബർ 1 മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിൽ പലിശ പിഴ നൽകണം.

■

E- ഗവേണൻസ് വാർത്തകൾ

E- Governance News

എം. ഗവേണൻസ് സംസ്ഥാനതല ഉദ്ഘാടനം തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു

കേരളത്തിൽ ആദ്യമായി കെട്ടിട നിർമ്മാണത്തിനുള്ള ഏകദിന പെർമെറ്റ് സമ്പ്രദായവും, ജില്ലയിൽ ആദ്യമായി വിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗും ഓൺലൈനാക്കി മാതൃകയായ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ എം-ഗവേണൻസ് പരിപാടിയുടെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി 2012 നവംബർ 17-ന് നിർവ്വഹിച്ചു. പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ സംബന്ധിച്ച് വിശദാംശങ്ങളും അതിന്റെ പുരോഗതിയും മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് വഴി ലഭ്യമാക്കും. കൂടാതെ www.filetracking.lsgkerala.gov.in എന്ന വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാകും. ഈ സംവിധാനത്തിന്റെ ഉദ്ഘാടനത്തോടുകൂടി ഓഫീസ് നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനോടൊപ്പം സുതാര്യതയും വേഗതയും കൈവരിക്കാൻ കഴിയും. ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ എം-ഗവേണൻസ് സംവിധാനം പൂർണ്ണമായും നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഗ്രാമപഞ്ചായത്തായി തൃക്കരിപ്പൂർ മാറുകയാണ്.

ജനന-മരണ രജിസ്ട്രേഷൻ 24 മണിക്കൂറിനകം നടപ്പിലാകുന്ന ഹോസ്പിറ്റൽ കിയോസ്കിന്റെ ഉദ്ഘാടവും മുഖ്യമന്ത്രി തദവസരത്തിൽ നിർവഹിച്ചു. തൃക്കരിപ്പൂർ എം.എൽ.എ. ശ്രീ. കെ.കുഞ്ഞിരാമൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ സ്വാഗതം പറഞ്ഞു.

ചോറ്റാനിക്കര ടാറ്റാ ട്രസ്റ്റ് ആശുപത്രിയിൽ ഹോസ്പിറ്റൽ കിയോസ്ക്

ചോറ്റാനിക്കര ഗ്രാമപഞ്ചാത്തിലെ സർ ദൊരാബ്ജി ടാറ്റാ ട്രസ്റ്റ് ആശുപത്രിയിൽ ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം 07.11.2012-ൽ നിലവിൽ വന്നു. ഇതുവഴി ആശുപത്രിയിൽ നടക്കുന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനും സെക്ഷൻ 12 സർട്ടിഫിക്കറ്റുകൾ 24 മണിക്കൂറിനുള്ളിൽ നൽകുന്നതിനും സാധിക്കുന്നു. സംസ്ഥാനത്ത് 73 ഗ്രാമപഞ്ചായത്തുകളിലായി 113 ആശുപത്രികളിൽ ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം നിലവിലുണ്ട്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ ഇ–ഫയലിംഗ്, എം–ഗവേണൻസ് സൗകര്യങ്ങൾ

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് 2012, നവംബർ 1 മുതൽ ഇ-ഗ്രാമപഞ്ചായത്തായി മാറി. ഇ-ഫയലിഗും എസ്.എം.എസ് അലെർട്ടും നടപ്പാക്കുന്ന പാലക്കാട് ജില്ലയിലെ ആദ്യത്തെ പഞ്ചായത്താണ് കൊഴിഞ്ഞാമ്പാറ. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഇ-ഫയലിംഗിലൂടെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ജനന-മരണ-വിവാഹങ്ങൾ രജിസ്റ്റർ ചെയ്ത വിവരം എസ്.എം.എസ് സന്ദേശത്തിലൂടെ അപേക്ഷന്റെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നു. ജനന-മരണ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് സംവിധാനം, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചാണ് ഈ മുന്നേറ്റം നടത്തിയിരിക്കുന്നത്.

മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി ഇ–പേയ്മെന്റും എം–ഗവേണൻസ് സൗകര്യം

പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീറിന്റെ ഗ്രാമ യാത്രയുടെ ഭാഗമായി 2012, നവംബർ 22-ന് മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി ഇ-പേയ്മെന്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഓൺലൈനായി നൽകൽ, എം-ഗവേണൻസ്, 1979 മുതലുള്ള ജനന സർട്ടിഫിക്കറ്റ് വെബ്സൈറ്റു വഴി ലഭ്യമാക്കാൻ തുടങ്ങിയ ഇ-ഗവേണൻസ് പരിപാടികൾക്ക് തുടക്കമിട്ടു. ഗ്രാമപഞ്ചാത്ത് പ്രസിഡന്റ് ശ്രീമതി നജ്മ അബ്ദുൾ ഖാദറിന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകികൊണ്ടാണ് മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചത്.

സുലേഖ സോഫ്റ്റ്‌വെയറിലൂടെ ഒന്നരലക്ഷത്തോളം പ്രോജക്ടുകളുടെ രേഖപ്പെടുത്തൽ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതി രൂപീകരണം മുതൽ നിർവഹണം വരെയുള്ള വിവധ ഘട്ടങ്ങൾ ഓൺലൈനായി നടപ്പാക്കുന്നതിനുള്ള വെബ് അധിഷ്ഠിത സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെ ഒന്നരലക്ഷത്തോളം പ്രോജക്ടുകൾ രേഖപ്പെടുത്തി. മുമ്പൊരുകാലത്തും ഇത്രയും സുതാര്യത ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നും, എല്ലാ പ്രോജകടുകൾക്കും അംഗീകാരം ലഭിക്കുന്ന പഞ്ചായത്തുകൾക്കും ബ്ലോക്കുകൾക്കും ഇൻസെന്റീവ് നൽകുമെന്നും, പദ്ധതി നിർവ്വഹണം കുറച്ചുകൂടി വേഗത്തിലാക്കാൻ കഴിയുമെന്നും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പു മന്ത്രി ഡോ.എം.കെ മുനീർ പത്ര സമ്മേളനത്തിലൂടെ അറിയിച്ചു. www.plan.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ പദ്ധതികളുടെ രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവരങ്ങളും, തയ്യാറാക്കിയതും അംഗീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങളും അധികാരപ്പെട്ടവർക്ക് ലോഗിനിലൂടെ അറിയാൻ കഴിയുന്നതാണ്. ■

ഇൻഫർമേഷൻ കേരളാ മിഷനും കേരളാ സ്റ്റേറ്റ് ഐ.ടി മിഷനും കൈകോർക്കുന്നു – ജനന മരണ വിവാഹ രജിസ്ട്രേഷൻ വിവരങ്ങൾ ഇനി എസ്.എം.എസിലൂടെ

ജനന-മരണ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ എസ്.എം.എസ് സന്ദേശങ്ങളിലൂടെ അറിയിക്കുന്ന സംവിധാനം 25 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സഹായത്തോടെ കേരളത്തിലെ മുഴുവൻ ജനന-മരണ രജിസ്ട്രേഷൻ യൂണിറ്റുകളിലും ഈ സംവിധാനം നിലവിൽ വരുന്നതാണ്. ഇതിലൂടെ ബന്ധപ്പെട്ടവർ നൽകുന്ന മൊബൽ ഫോണിലേക്ക് ജനന-മരണ വിവാഹ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ എസ്.എം.എസ് സന്ദേശത്തിലൂടെ ലഭിക്കുന്നതാണ്.

അജിത് വെണ്ണിയൂർ

മലയാണ്മയുടെ വേരുകൾ തേടി

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി വേണമെന്ന് നാമെല്ലാം തീവ്രമായി ആഗ്രഹിക്കുമ്പോഴും വീറോടെ വാദിക്കുമ്പോഴും മാതൃഭാഷയെ സാർവത്രികമായി ഭരണഭാഷയാക്കാൻ ദശാബ്ദങ്ങളായി തുടരുന്ന പരിശ്രമങ്ങൾ എവിടെയെത്തിയെന്ന ചോദ്യം നമ്മെ നിരന്തരം പിന്തുടരുന്നു.

മലയാളം നമ്മുടെ മണ്ണിൽ നിന്ന് അകലുകയാണോ; മലയാളിയുടെ മനസ്സിൽ നിന്ന് നമ്മുടെ നന്മകളും തനിമകളും അപ്രത്യക്ഷമാകുകയാണോ; നമ്മുടെ നിത്യ ജീവിതത്തിൽ നിന്ന് മലയാളിത്തം മായുകയാണോ- ചിന്തിക്കുന്ന ഓരോ കേരളീയനേയും വേട്ടയാടുന്ന ആശങ്കൾ ഇങ്ങനെ അനേകം.

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി വേണമെന്ന് നാമെല്ലാം തീവ്രമായി ആഗ്രഹിക്കുമ്പോഴും വീറോടെ വാദിക്കുമ്പോഴും മാതൃഭാഷയെ സാർവത്രികമായി ഭരണഭാഷയാക്കാൻ ദശാബ്ദങ്ങളായി തുടരുന്ന പരിശ്രമങ്ങൾ എവിടെയെത്തിയെന്ന ചോദ്യം നമ്മെ നിരന്തരം പിന്തുടരുന്നു.

അതേസമയം വിദ്യാലയങ്ങളിൽ മാതൃഭാഷ ഒന്നാം ഭാഷയാക്കിയും മലയാളം സർവകലാശാല എന്ന സ്വപ്നം സാക്ഷാത്കരിച്ചും മലയാളം മിഷന്റെ പ്രവർത്തനം സജീവമാക്കിയും മലയാളത്തിന്റെ പ്രതാപവും പ്രാധാന്യവും വീണ്ടെടുക്കാൻ സംസ്ഥാന സർക്കാർ കാണിക്കുന്ന ഇച്ഛാശക്തി ഭാഷാപ്രേമികൾക്ക് പ്രത്യാശപകരുന്നതാണ്.

ഈ പശ്ചാത്തലത്തിലാണ് കുറവുകളെന്തൊക്കെയുണ്ടായെങ്കിലും സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ സാംസ്കാരികവകുപ്പ് സംഘടിപ്പിച്ച വിശ്വമലയാള മഹോത്സവത്തിന്റേയും 2012 നവംബർ ഒന്നു മുതൽ ഒരു വർഷം മാതൃഭാഷാവർഷമായി ആചരിക്കാനുള്ള സർക്കാർ തീരുമാനത്തിന്റേയും പ്രസക്തി നാം വിലയിരുത്തേണ്ടത്.

വിശ്വമലയാള മഹോത്സവം

മൂന്നര ദശാബ്ദത്തിനു ശേഷം അങ്ങനെ അനന്തപുരി മറ്റൊരു വിശ്വമലയാള സമ്മേളനത്തിന് വേദിയായി. സംഘാടകർ അങ്ങനെ പേരിട്ടു വിളിക്കുന്നില്ലെങ്കിലും ഒരർത്ഥത്തിൽ രണ്ടാം വിശ്വമലയാള സംരംഭമെന്ന് ഇതിനെ വിശേഷിപ്പിക്കാം.

കേരളത്തിന്റെ കലാ-സാംസ്കാരിക-സാഹിത്യ പാരമ്പര്യത്തെ ലോക പൈതൃകനിരയിൽ പ്രതിഷ്ഠിക്കുക എന്ന ലക്ഷ്യത്തോടെ അർത്ഥപൂർണ്ണമായ സാഹിത്യസംവാദങ്ങൾക്കും കലാ-സാംസ്കാരിക പരിപാടികൾക്കും വേദിയൊരുക്കിയ വിശ്വമലയാള മഹോത്സവം വിവാദങ്ങളുടെ വിളഭൂമിയായ അനന്തപുരിക്ക് പുതിയൊരു ഉണർവ് പകർന്നു എന്ന കാര്യത്തിൽ സംശയമില്ല.

മലയാള സംസ്കാരത്തെ ആത്മാവിലേറ്റുകയും പ്രണമിക്കുകയും ചെയ്യുന്നതിനൊപ്പം സമ്പന്നമായ കലാ-സാംസ്കാരിക സാഹിത്യപാരമ്പര്യങ്ങളിലേക്ക് ലോകശ്രദ്ധ ക്ഷണിച്ചുകൊണ്ട് ശ്രേഷ്ഠ ഭാഷാപദവിക്ക് തീർത്തും അർഹമാണ് മലയാളം എന്ന് തെളിയിക്കാനുള്ള ശ്രമം കൂടിയായിരുന്നു സംഘാടകരുടെ സ്വപ്നത്തിൽ വിശ്വമലയാള മഹോത്സവം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സജീവതയും ജൈവികതയും പൈതൃകവും സർഗശേഷിയുമുള്ള ഒരു ഭാഷ ലോകതലത്തിൽ ആദരിക്കപ്പെടുകയായിരുന്നു, ഈ മഹോത്സവത്തിലൂടെ.

സർഗാത്മക പ്രതികരണം

അനന്തപുരിയിലെ ആറു വേദികളിലായി മൂന്നുദിവസം നീണ്ടുനിന്ന മഹോത്സവത്തിന് രാഷ്ട്രത്തിന്റെ പ്രഥമ പൗരൻ തിരിതെളിയിച്ചതോടെ മലയാളത്തെ സ്നേഹിക്കുന്നവരുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും ചിറകു മുളച്ചു. ഇത്തരം ഒത്തുചേരലുകളും മഹോത്സവങ്ങളും ഭാഷയെ വളർത്തുമോ എന്ന ആശങ്കകൾക്കുള്ള സർഗാത്മക പ്രതികരണമായിരുന്നു ആധികാരികമായ സംവാദങ്ങൾക്ക് വഴിതെളിയിച്ച മഹോത്സവത്തിലെ സെമിനാറുകളും ഭാഷയേയും സാഹിത്യത്തെയും കുറിച്ചുള്ള ആഴമേറിയ ചർച്ചകളും.

ഓരോ മലയാളിയെയും രൂപപ്പെടുത്തുന്ന, അവന്റെയുള്ളിൽ അറിയാതെയെങ്കിലും വേരുറച്ചുപോയ മൂല്യബോധത്തിന്റെ അടിത്തറ അന്വേഷിക്കുന്നവയായിരുന്നു പാരമ്പര്യത്തെയും സംസ്കൃതിയെയും അടിസ്ഥാനമാക്കിയുള്ള സെമിനാറുകൾ. നാടൻകലാ സംസ്കൃതി, നവമാധ്യമ സംസ്കാരം, കേരളീയ ദളിത് ജീവിതം കാലഘട്ടങ്ങളിലൂടെ, മലയാളത്തിന്റെ നോവൽ കാലങ്ങൾ, മലയാളത്തിന്റെ കവിതാ കാലങ്ങൾ, മലയാളിയുടെ എഴുത്തും ചിന്തയും, പാരമ്പര്യ സംസ്കൃതി തുടങ്ങി ഭാഷയുടെയും കലയുടെയും സംസ്കാരത്തിന്റെയും വേരുകൾ ചികയുന്ന പതിനാറ് സെമിനാറുകളിൽ മുഖ്യപ്രഭാഷണം നടത്തിയത് എം.ടിയും അടൂരും ഒ.എൻ.വിയും ഉൾപ്പെടെയുള്ള മലയാളത്തിന്റെ പ്രിയ എഴുത്തുകാരാണ്.

പ്രത്യാശ പകരുന്ന വാക്കുകൾ

കാലാനുസൃതമായ മാറ്റത്തിനു വിധേയമായില്ലെങ്കിൽ ഏതു ഭാഷയുടെയും പ്രസക്തിയും ജനകീയതയും നഷ്ടപ്പെടുമെന്ന രാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയുടെ വാക്കുകൾ അതീവ ശ്രദ്ധയോടെയാണ് വിശ്വമലയാളം ശ്രവിച്ചത്. പുരോഗതിക്കും വളർച്ചയ്ക്കുമായി ആധുനിക സങ്കേതങ്ങൾ സ്വീകരിക്കുമ്പോൾ ഭാഷയുടെ മൗലികത നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും രാഷ്ട്രപതി ഓർമ്മിപ്പിച്ചു. മഹത്തായ സാംസ്കാരിക പാരമ്പര്യവും ചരിത്രവും അവകാശപ്പെടാവുന്ന ഭാഷയാണ് മലയാളം. ആശയവിനിമയ ഭാഷയായി ഒൻപതാം നൂറ്റാണ്ടിൽതന്നെ മലയാളം നിലവിലുണ്ടായിരുന്നുവെന്നും ചരിത്രം വ്യക്തമാക്കുന്നു. സാഹിത്യത്തിന്റെയും കലയുടെയും മേഖലകളിലും അദ്വിതീയമായ സ്ഥാനമാണ് മലയാളത്തിനുള്ളത്. അതേസമയം പുതിയ

തലമുറയുടെ ആവശ്യങ്ങൾക്കൂടി പരിഹരിക്കാൻ സജ്ജമായാൽ മാത്രമേ ഏത് ഭാഷയ്ക്കും നിലനിൽക്കാനാവുകയുള്ളുവെന്നും രാഷ്ട്രപതി പറഞ്ഞു. വിശ്വമലയാള മഹോത്സവം ഇക്കാര്യം ഗൗരവമായി പരിഗണിക്കുമെന്ന പ്രത്യാശയോടെയാണ് രാഷ്ട്രപതി തന്റെ ഉദ്ഘാടന പ്രസംഗം ഉപസംഹരിച്ചത്.

വിശ്വമലയാള സമ്മേളനത്തിൽ ഉരുത്തിരിയുന്ന ആശയങ്ങൾ മലയാള ഭാഷയുടെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തേകുമെന്ന് ചടങ്ങിൽ ആശംസാ പ്രസംഗം നടത്തിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും പ്രത്യാശിച്ചു. ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കാനുള്ള കരുത്ത് മലയാള ഭാഷയ്ക്കുണ്ട്. മലയാളം സാർവ്വത്രികമായി ഉപയോഗിക്കപ്പെടണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതിനനുസരിച്ച് ഭാഷാപരമായ ഓജസ്സും തേജസ്സും മലയാളത്തിന് വർദ്ധിക്കും. വിശ്വമലയാള മഹോത്സവം ഒരു തുടർപ്രക്രിയായാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഗവർണർ എച്ച്.ആർ. ഭരദ്വാജും തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ മലയാളത്തിന്റെ ആഗോളപ്രസക്തി എടുത്തു പറഞ്ഞു.

മലയാള ഭാഷയുടെ വികാസത്തിനും വളർച്ചയ്ക്കുമുതകുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞതായി ചടങ്ങിൽ സ്വാഗതമാശംസിച്ച സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ഭരണഭാഷ ഒന്നാം ഭാഷയാക്കിയതും മലയാള സർവകലാശാല സാക്ഷാത്കരിക്കുന്നതും മലയാളം മിഷന്റെ പ്രവർത്തനം സജീവമാക്കിയതും ഇതിനുദാഹരണങ്ങളാണ്. മലയാളത്തെ ശ്രേഷ്ഠ ഭാഷായാക്കാനുള്ള ശ്രമങ്ങൾ തുടരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ജ്ഞാനപീഠ ജേതാക്കളായ എം.ടി. വാസുദേവൻ നായർ, പ്രൊഫ. ഒ.എൻ.വി. കുറുപ്പ്, മന്ത്രിമാരായ കെ.എം. മാണി, പി.കെ. അബ്ദുറബ്ബ്, രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, കേന്ദ്രമന്ത്രിമാരായ കെ.സി. വേണുഗോപാൽ, ശശി തരൂർ, മന്ത്രി വി.എസ്. ശിവകുമാർ, മേയർ അഡ്വ. കെ. ചന്ദ്രിക, എം.എൽ.എ.മാരായ കെ. മുരളീധരൻ, പാലോട് രവി, സംഘടകസമിതി ചെയർമാൻ പെരുമ്പടവം ശ്രീധരൻ തുടങ്ങിയവരും ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു.

അരങ്ങുണർത്തിയ വിളംബര സന്ധ്യകൾ

മലയാളമഹോത്സവത്തിന്റെ വരവറിയിച്ച് നഗരത്തിലെമ്പാടും ഒരാഴ്ച മുമ്പേ തുടങ്ങിയ വിളംബര സന്ധ്യകളും കേരളത്തനിമയാർന്ന കലാപരിപാടികളും തലസ്ഥാനത്തിന്റെ സായാഹ്നങ്ങൾക്ക് മിഴിവേകി. കേരളത്തിന്റെ കലാസാന്നിദ്ധ്യത്തിൽനിന്ന് മറഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന മംഗലംകളിയും ചരടുപിന്നിക്കളിയും കോലാട്ടവും കോൽപ്പാവക്കൂത്തും ഉൾപ്പെടുന്ന തനതു കലാരൂപങ്ങളാണ് വിളംബര സന്ധ്യകളിലെ കേളികൊട്ടിലൂടെ അരങ്ങുണർത്തിയത്. മലയാളിയുടെ പ്രിയങ്കര കലാവിനോദങ്ങളായ നാടകങ്ങളും കഥാപ്രസംഗങ്ങളും കവിയരങ്ങുകളും ലോക കലാസംസ്കാരത്തിലേയ്ക്കുള്ള മലയാളിയുടെ കലാസംഭാവനയായ കഥകളിയും അതിലൂടെ മലയാള മഹോത്സവത്തിന് ചാരുതപകർന്നു.

ചിത്രഭാഷ, ചിത്രോദകം

കനകക്കുന്നിൽ കേരള ലളിതകലാ അക്കാദമി സംഘടിപ്പിച്ച ചിത്രപ്രദർശനം 'ചിത്രഭാഷ' ആണ് മലയാളമഹോത്സവത്തിലെ ശ്രദ്ധേയമായ മറ്റൊരു

ചങ്ങമ്പുഴ

പരിപാടി. വിഖ്യാത സംവിധായകൻ അടൂർഗോപാലകൃഷ്ണനാണ് ചിത്രപ്രദർശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ആർട്ടിസ്റ്റ് നമ്പൂതിരി, ബോസ് കൃഷ്ണമാചാരി, എം.വി ദേവൻ, ടി.കെ ഹരീന്ദ്രൻ, ജനാർദ്ദനൻ കോട്ടമ്പ്രം, ബാബുനമ്പൂതിരി, അനുരാധ നാലപ്പാട്, അഭിമന്യു, അജയകുമാർ, ജ്യോതിബസു, ടി.കലാധരൻ, സി.എൻ കരുണാകരൻ, മുഹമ്മദ് അലി ആദം, മുരളി ചീരോത്ത്, മുത്തുക്കോയ എൻ.കെ.പി, നിജിനാ നീലാമ്പരൻ, ജി.രാജേന്ദ്രൻ, പ്രൊഫ.കെ.കെ രാജപ്പൻ, കെ.പി റെജി, രാജൻ എം കൃഷ്ണൻ, എ.എസ് സജിത്ത്, സജിത ആർ ശങ്കർ, ശശിധരൻ. എം, സുരേഷ് കെ നായർ എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

മൺമറഞ്ഞ സാഹിത്യകാരൻമാരുടെ ഛായാചിത്രങ്ങൾ ഉൾപ്പെടുത്തി 'ചിത്രോദകം' എന്ന പേരിട്ടിരിക്കുന്ന ചിത്രപ്രദർശനവും കനകക്കുന്നിൽ നടന്നു.

കേരളത്തിനകത്തും പുറത്തും വസിക്കുന്ന മറുനാടൻ മലയാളികളും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വസിക്കുന്ന പ്രവാസികളും നമ്മുടെ സംസ്കാരത്തിലും സാഹിത്യത്തിലും താൽപര്യമുള്ള ചില വിദേശ പ്രതിനിധികളും മലയാളത്തിന്റെ യുവതലമുറയെ പ്രതിനിധീകരിച്ച് കേരളത്തിലെ വിവിധ കോളേജുകളിൽനിന്നും അറുന്നൂറിൽപ്പരം വിദ്യാർത്ഥികളും ഈ ഉത്സവത്തിൽ പങ്കെടുത്തു.

വൈക്കം മുഹമ്മദ് ബഷീർ

കടൽ കടന്നെത്തിയ ഭാഷാസ്നേഹം

മലയാള ഭാഷയേയും സംസ്കാരത്തേയും പുതുതലമുറ അവഗണിക്കുകയും മറക്കുകയും ചെയ്യുന്നുവെന്ന പരിദേവനം ഇവിടെ അലയടിക്കുമ്പോഴാണ് കടലുകൾ കടന്ന് വിശ്വമലയാള മഹോത്സവത്തിൽ പങ്കെടുക്കാൻ വിദേശീയരായ ജെസ്സിയും, എസ്തറും, ഇസബല്ലയും ആന്റേർസ് ഗുൾമാർക്കും അടക്കമുള്ള വിദേശ പ്രതിനിധികൾ എത്തിയത്.

കേരളത്തിൽ വന്നപ്പോൾ മഹോത്സവവേദിയിൽ അറിയാതെ കയറിപ്പോയവരല്ല ഇവർ. അത്യാവശ്യത്തിന് മലയാളം എഴുതാനും വായിക്കാനും അറിയാവുന്നവരാണ്. എസ്ത്തറും ഇസബല്ലയും ജർമ്മൻകാരാണ്. ജെസ്സി യു.എസ് പൗരനും ഗുൾമാർക്ക് ഡെൻമാർക്കുകാരനും.

തകഴി ശിവശങ്കരപ്പിള്ള

വിശ്വമലയാള മഹോത്സവത്തെക്കുറിച്ച് ഇന്റർനെറ്റിലൂടെ അറിഞ്ഞാണ് അതീവ താൽപര്യത്തോടെ എസ്ത്തർ അനന്തപുരിയിലെത്തിയത്. ജെസ്സി കഴിഞ്ഞ ജൂലൈമാസംതന്നെ ഇവിടെയെത്തി. പി.എച്ച്.ഡി വിദ്യാർഥിനിയായ ദർശനയാണ് ഇവരെ മലയാളം പഠിപ്പിക്കുന്നത്. ജർമ്മനിയിൽ ഫോട്ടോഗ്രാഫറാണ് ജെസ്സി. എസ്ത്തർ അമേരിക്കയിൽ ടീച്ചറും. കേരളത്തിന്റെ സംസ്കാരവും പ്രകൃതിഭംഗിയും എല്ലാം തങ്ങൾക്ക് ഒത്തിരി ഇഷ്ടമാണെന്നും കേരളത്തെക്കുറിച്ച് കൂടുതൽ പഠിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അവർ മാധ്യമങ്ങളോട് പറഞ്ഞപ്പോൾ അത് വിശ്വമലയാള മഹോൽസത്തിന് അഭിമാനിക്കാൻ വകയായി.

വള്ളത്തോൾ

വൈജ്ഞാനിക സംവാദങ്ങൾ

കനകക്കുന്ന്, ചന്ദ്രശേഖരൻനായർ സ്റ്റേഡിയം, എന്നിവിടങ്ങളിലെ നാലു വേദികളിലായി കല, സാഹിത്യം, സംസ്കാരം, മാധ്യമങ്ങൾ എന്നിവ വിഷയമായി നടന്ന 16 സെമിനാറുകൾ വിഷയവൈവിധ്യം കൊണ്ടും വൈജ്ഞാനിക സംവാദങ്ങൾ കൊണ്ടും ശ്രദ്ധേയമായി. 'നാം നമ്മുടെ സിനിമ', നവമാധ്യമസംസ്കാരം, നാം നമ്മുടെ ഭാഷ, നാടൻ കലാസംസ്കൃതി, ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, കേരളീയ ദളിത്ജീവിതം കാലഘട്ടങ്ങളിലൂടെ, മലയാളത്തിന്റെ കഥാകാലങ്ങൾ, മാതൃഭാഷ അദ്ധ്യായനം, ആദാന പ്രദാനം മലയാളത്തിൽ, ജീവനസംസ്കൃതി, വിജ്ഞാനസംസ്കൃതി, മലയാളത്തിന്റെ കവിതാകാലങ്ങൾ, മലയാളത്തിന്റെ നോവൽ കാലങ്ങൾ, മലയാളത്തിന്റെ നാടകകാലങ്ങൾ, മലയാളത്തിന്റെ വിമർശനകാലങ്ങൾ എന്നിവയായിരുന്നു പ്രധാന സെമിനാർ വിഷയങ്ങൾ.

തിരുവനന്തപുരം പുസ്തകമേള

കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച 6-ാമത് തിരുവനന്തപുരം പുസ്തകമേളയും വിശ്വമലയാള മഹോത്സവത്തിന് കൊഴുപ്പേകി. കനകക്കുന്നിൽ എം.ടി. വാസുദേവൻ



കുമാരാനാശൻ

നായർ ഉദ്ഘാടനം ചെയ്ത പുസ്തക മേളയിൽ വിദേശത്തുനിന്നുൾപ്പെടെ നൂറിൽപ്പരം പ്രസാധകരാണ് പങ്കെടുത്തത്.

ആദരസന്ധ്യ, ആചാര്യപൂജ

മലയാളത്തിന്റെ സാഹിത്യ സന്ധ്യകളിൽ തങ്ങളുടെ സർഗസൃഷ്ടികളാൽ വസന്തം തീർത്ത പ്രതിഭകളെ ആദരിച്ച ആദരസന്ധ്യയും ആചാര്യപൂജയും മഹോത്സവത്തിന് പ്രൗഢിയേകി.

മലയാള ഭാഷയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ എം.ടി വാസുദേവൻ നായർ. ഒ.എൻ.വി.കുറുപ്പ്, അടൂർ ഗോപാലകൃഷ്ണൻ, ടി.പദ്മനാഭൻ, സുഗതകുമാരി, പി.ഗോവിന്ദപ്പിള്ള, കാവാലം നാരായണപണിക്കർ, ഡോ.പുതുശ്ശേരി രാമചന്ദ്രൻ എന്നിവരെയാണ് ആചാര്യപൂജയിലൂടെ ആദരിച്ചത്.

മലയാള സാഹിത്യകൃതികളുടെ ചലച്ചിത്രാവിഷ്കാരങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത ഗാനങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള സംഗീതസന്ധ്യ, ഗുരു ഗോപിനാഥ് നടനകേന്ദ്രം അവതരിപ്പിച്ച 'ഓട്ടൻതുള്ളലും മോഹിനിയാട്ടവും' സൂര്യകൃഷ്ണമൂർത്തി ആവിഷ്കാരം

ഒ.എൻ.വി. കുറുപ്പ്

നിർവഹിച്ച 'നാട്ടറിവുകൾ' എന്നിവയാണ് ശ്രദ്ധേയമായ മറ്റുചില പരിപാടികൾ.

മലയാളത്തിലെ പ്രമുഖരായ എഴുത്തുകാർക്കു പുറമെ ഇന്ത്യയിലെയും വിദേശത്തെയും പ്രശ്സ്തരായ എഴുത്തുകാരുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ സംഘാടകർക്ക് കഴിഞ്ഞു. സാമൂഹിക യാഥാർത്ഥ്യങ്ങളുടെ ഉള്ളറിഞ്ഞ സർഗസൃഷ്ടികളിലൂടെ ശ്രദ്ധേയനായ ബുക്കർ പ്രൈസ് ജേതാവും ആഫ്രിക്കൻ നോവലിസ്റ്റുമായ ബെൻ ഒക്രി, നഗരജീവിതങ്ങളുടെ കഥപറയുന്ന രചനകളിലൂടെ തമിഴിന്റെ പ്രിയ സാഹിത്യകാരനായിത്തീർന്ന ഇന്ദിര പാർത്ഥസാരഥി, ഒരു ഗിരാമത്ത്നദി എന്ന കവിതാസമാഹാരത്തിലൂടെ പ്രശസ്തനായ തമിഴകത്തെ ഡോ.സിർപ്പി ബാലസുബ്രഹ്മണ്യം, ചൈനീസ് സാഹിത്യത്തിലും അഭ്രപാളികളിലും തന്റേതായ മുദ്രപതിപ്പിച്ച ടിങ് യാങ്, കവിതയെ ജനകീയവത്കരിക്കാൻ നടത്തിയ ശ്രമങ്ങളിലൂടെ സമകാലീന ഇന്ത്യൻ സാഹിത്യചിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട ഷർമ്മിള റേ തുടങ്ങി സമ്മേളനത്തിലെ അന്യഭാഷാ എഴുത്തുകാർ അനവധി.

പ്രമുഖ ആഫ്രിക്കൻ നോവലിസ്റ്റും ബുക്കർ പ്രൈസ് ജേതാവുമായ ബെൻ ഒക്രിയുമായുള്ള മുഖാമുഖം ഭാഷാപരമായ അതിർവരമ്പുകൾ ഭേദിച്ച ശക്തമായ നോവലുകളിലൂടെ ലോകമെമ്പാടും ആരാധകരെ നേടിയെടുത്ത നൈജീരിയൻ നോവലിസ്റ്റുമായി സംവദിക്കാൻ സാഹിത്യ പ്രേമികൾക്ക് അവസരമൊരുക്കി.

ആലങ്കാരികവും കാവ്യാത്മകവുമായ രചനാശൈലിയും മാനവവികാരങ്ങൾ പ്രതിഫലിപ്പിക്കുന്ന പാത്രശൈലിയുമാണ് ഒക്രിയുടെ നോവലുകൾക്ക് അന്തർദേശീയ ശ്രദ്ധ നേടിക്കൊടുത്തത്. ഫാമിനിഷ്ഡ് റോഡ് എന്ന കൃതിയിലൂടെ ബുക്കർ പ്രൈസ് നേടിയ ഒക്രി നൈജീരിയ അഭ്യന്തരയുദ്ധവും അതിൽ നിന്നുരുത്തിരിഞ്ഞ സംസ്കാരവുമെല്ലാം തന്റെ നോവലുകൾക്ക് പ്രമേയമാക്കി. സോ ഓഫ് എൻചാന്റ്മെന്റ്, ഇൻഫിനിറ്റ് റിച്ചസ് എന്നീ നോവലുകൾ ഒക്രിയുടെ സവിശേഷമായ രചനാ ശൈലിയുടെ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

സംസ്കാരത്തിന്റെ മാധുര്യം

ആശയവിനിമയത്തിനുള്ള ഒരു ഉപാധി എന്നതിനപ്പുറം ഭാഷ ഇപ്പോൾ സമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യങ്ങളുടെ അനശ്വരമായ ഈടുവയ്പ്പായാണ് പരിഗണിക്കപ്പെടുന്നത്. നമ്മുടെ അമ്മയും വീടും മണ്ണും കുളവും കാടും മേടും മഴയും പുഴയും ഈണവും താളവും ചിരിയും കണ്ണീരുമെല്ലാം ഇടകലർന്ന ഒരു സംസ്കാരത്തിന്റെ മാധുര്യമാണ് മലയാളം എന്ന് മലയാളമഹോൽസവത്തിനള്ള ആശംസയിൽ സുഗതകുമാരി ടീച്ചർ എഴുതിയത് എത്ര ശരി!.

വേരുകളും ശിഖരങ്ങളും നഷ്ടപ്പെടുത്തി മലയാളി ആധുനികനാകുമ്പോൾ

അടൂർ ഗോപാലകൃഷ്ണൻ

പി.എൻ.പണിക്കർ

അവൻ ഭാഷയിൽനിന്നും അതുവഴി സംസ്കാരത്തിൽനിന്നും പുറത്താവുകയാണ്. സംസ്കാര ശുദ്ധമായ ജീവിതത്തിന്റെ പുണ്യങ്ങളിൽനിന്നും പുറത്താ

എം.ടി.വാസുദേവൻ നായർ

വുകയാണ്. അതിപ്രാചീനകാലം മുതൽ കടലും മലയും കടന്ന് പച്ചപ്പുതേടിയെത്തിയ എല്ലാ സംസ്കാരങ്ങളെയും സ്വന്തംപോലെ സ്നേഹിച്ച നാടാണ് നമ്മുടേത്. മലയാളിയുടെ ഭാഷയുടേയും സംസ്കാരത്തിന്റെയും പരിണാമ വഴികൾ കൊടുക്കൽവാങ്ങലുകൾ നിറഞ്ഞതുമാണ്. അതുകൊണ്ടുതന്നെയാണ്, കേരളപ്പിറവിയോടനുബന്ധിച്ച് ഒരു ലോക മലയാള മഹോത്സവം കൊണ്ടാടുന്നത് നമ്മുടെ സംസ്കൃതികളുടെ വിളംബരമാകട്ടെയെന്ന് ഒ.എൻ.വി ആശംസിച്ചത്.

പക്ഷെ, പ്രാദേശിക ഭാഷകൾക്ക് തനിമ നഷ്ടപ്പെടുകയും ലോക ഭാഷകളിലേയ്ക്ക് അവ ഇഴുകിച്ചേരുകയും ചെയ്യുന്നകാലത്ത് നമ്മുടെ ഭാഷയേയും അതിന്റെ സാഹിത്യ-കലാ-പാരമ്പര്യങ്ങളേയും സംരക്ഷിക്കേണ്ടതുണ്ട്. ആ യാഥാർത്ഥ്യത്തിന്റെ ഓർമ്മപ്പെടുത്തലാണ് കേരള സാഹിത്യ അക്കാദമിയും സാംസ്കാരിക വകുപ്പും ചേർന്നു നടത്തിയ വിശ്വമലയാള മഹോത്സവം. ■

(കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഗവേണിങ് ബോഡി അംഗമാണ് ലേഖകൻ)

അന്താരാഷ്ട്ര വ്യാപാര മേള–2012
ന്യൂഡൽഹി

പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാളിന് മേളയിലെ കേരളാ പവലിയണിൽ വെള്ളി മെഡൽ ലഭിച്ചു.

ഡൽഹിയിൽ പ്രഗതി മൈതാനിയിൽ നടന്ന അന്താരാഷ്ട്ര വ്യാപാര മേള 2012-ൽ സംസ്ഥാന പഞ്ചായത്ത് വകുപ്പ് ചരിത്ര നേട്ടത്തോടെ അരങ്ങേറ്റം നടത്തി.

ആദ്യമായാണ് ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ പഞ്ചായത്ത് വകുപ്പിന് പ്രവേശനം ലഭിച്ചത്. മേളയുടെ തുടക്കം മുതൽ തന്നെ പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. പ്രശസ്ത വ്യക്തികളുടെ പ്രശംസയ്ക്ക് പാത്രീഭവിച്ച പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാളിന് മേളയിൽ കേരളാ പവലിയണിൽ വെള്ളി മെഡൽ ലഭിച്ചു.

കേരളത്തിന്റെ ചരിത്രവും വർത്തമാന കാല നേട്ടങ്ങളും വരച്ചു കാട്ടുന്ന ദൃശ്യങ്ങളും ഉൽപ്പന്നങ്ങളും സ്റ്റാളിൽ ഒരുക്കിയിരുന്നു. ആൽ മുതൽ ആപ്പിൾ കമ്പ്യൂട്ടർ വരെയുള്ള മലയാളിയുടെ വളർച്ചയെ ചിത്രീകരിക്കുന്നതായിരുന്നു പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാൾ. ആൽമരചോട്ടിൽ കൂട്ടം കൂടിയിരുന്ന് നാട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിരുന്ന ഗതകാല സ്മരണകൾ ഉണർത്തുന്ന ദൃശ്യാവിഷ്കരണം സ്റ്റാളിൽ ഒരുക്കിയിരുന്നു. ജൈവ കൃഷി രീതിയിൽ നേട്ടങ്ങൾ കൈവരിച്ച ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ വിത്തിനങ്ങൾ അടാട്ട് ഗ്രാമ പഞ്ചായത്ത് ജൈവകൃഷിയിലൂടെ വികസിപ്പിച്ച അരി കലർപ്പില്ലാത്ത വെളിച്ചെണ്ണ മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിന്റെ വെന്ത വെളിച്ചെണ്ണ, അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പപ്പടം, അഞ്ചൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ബാംബു ഉൽപന്നങ്ങൾ, തൃക്കോവിൽ വട്ടം ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വൈക്കോൽ ചിത്രങ്ങൾ ആഗോള പ്രശസ്തി നേടിയ പേരുകേട്ട ആറൻമുള കണ്ണാടി, നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ അപ്പാരൽ പാർക്കിൽ നിന്നുള്ള ഷർട്ടുകൾ, ആയുർവ്വേദ ഉത്പന്നങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്കായി ഒരുക്കിയിരുന്നു. കൂടാതെ പ്ലാസ്റ്റിക് മാലിന്യത്തെ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാകുന്ന ചെമ്പിലോട്ട് ഗ്രാമപഞ്ചായത്ത്, ചെറുകിട ജലവൈദ്യുത പദ്ധതിയിലൂടെ സ്വന്തമായി വൈദ്യുതി ഉല്പാദനം നടത്തുന്ന മാങ്കുളം ഗ്രാമ പഞ്ചായത്ത്, സമ്പൂർണ്ണ കമ്പ്യൂട്ടർ വത്കരണത്തിലൂടെ ജനങ്ങൾക്ക് അതിവേഗം സേവനം നൽകി ഐ.ടി യുഗത്തിന്റെ ഭാഗമാകുന്നതിന് പഞ്ചായത്ത് വകുപ്പിൽ തുടക്കം കുറിച്ച തുമ്പമൺ ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ വിജയ ഗാഥകൾ നിറഞ്ഞ തീം ഏര്യ കൊണ്ടും പഞ്ചായത്തു വകുപ്പ് ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ തിളങ്ങി. ■

വാർത്തകളും വിശേഷങ്ങളും

ലിബിനിമറിയത്തിന് ദേശീയ ചാമ്പ്യൻഷിപ്പ്

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ ജോലി നോക്കുന്ന ലിബിനി മറിയം വർഗ്ഗിസ് തുഴച്ചിലിൽ ദേശീയ ചാമ്പ്യൻഷിപ്പ് ഉൾപ്പെടെ പതിനാലിലധികം മെഡലുകൾ കരസ്ഥമാക്കി. എടത്വ ഗ്രാമപഞ്ചായത്ത് ഏഴാം വാർഡ് കുന്തിരിക്കൽ വരമ്പത്ത് പറമ്പിൽ വി.ജെ. വർഗീസിന്റെയും ലില്ലി വർഗീസിന്റെയും മകളാണ് ലിബിനി. തുഴഞ്ഞെടുത്ത മികവുകൾക്ക് പ്രതിഫലമായി ലിബിനിക്ക് സ്പോർട്സ് ക്വോട്ടയിലാണ് സർക്കാർ ജോലി ലഭിച്ചത്.

കരാർ വ്യവസ്ഥയിൽ എഞ്ചിനീയർമാരെ നിയമിക്കുന്നതിന് അനുമതി

എഞ്ചിനീയർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്സ്.സി ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതുവരെ തത്കാലികമായി എഞ്ചിനീയർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനും തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വേതനം നൽകാനും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ (സാധ) നം.3181/12/തസ്വഭവ. തീയതി, തിരുവനന്തപുരം, 19-11-2012)

അക്രഡിറ്റ് ഏജൻസിയായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ അംഗീകരിച്ചു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി സ്ട്രക്ചറൽ ഡിസൈൻ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ (സാധ)നം. 3315/2012/തസ്വഭ തിരുവനന്തപുരം, തീയതി: 01.12.2012)

ഡി.പി.സി. യ്ക്ക് സമർപ്പിക്കുന്നതിന് മുമ്പ് പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം

2012-13 വാർഷിക പദ്ധതി ഡി.പി.സി യ്ക്ക് സമർപ്പിക്കുന്നതിനുമുമ്പ് പദ്ധതി നടപ്പിലാക്കാം. ഈ സാമ്പത്തിക വർഷം പദ്ധതി രേഖ ഡി.പി.സി. യ്ക്ക് സമർപ്പിക്കുന്നതിന് മുമ്പ് പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. മുഴുവൻ പദ്ധതികളും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രേഖയും അനുബന്ധ രേഖകളും ഡി.പി.സി യ്ക്ക് സമർപ്പിക്കേണ്ടതാണ്. (സ.ഉ (എം.എസ്) നം. 320/2012/ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി: 01.12.2012)

ജനനമരണ സർട്ടിഫിക്കറ്റുകൾ ഓരോ ആവശ്യത്തിനും പ്രത്യേകം വാങ്ങുന്ന രീതി അവസാനിപ്പിച്ചു.

കേരള സർക്കാറിന്റെ കീഴിലുള്ള പല വകുപ്പുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള പല സ്ഥാപനങ്ങളിലും ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകമായി ജനന/മരണ സർട്ടിഫിക്കറ്റുകൾ/വാങ്ങുന്ന രീതി ജനങ്ങൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുണ്ടാകുന്നു. ഇത്തരം സർട്ടിഫിക്കറ്റുകൾ ആവശ്യമെങ്കിൽ വാങ്ങി പരിശോധിച്ചശേഷം അവ ഹാജരാക്കുന്നവർക്ക് അപ്പോൾ തന്നെ തിരിച്ചു നൽകേണ്ടതാണ്. ഉടനെ തിരിച്ചു നൽകാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ രസീത് നൽകി വാങ്ങിവയ്ക്കുകയും പരിശോധന/ആവശ്യം കഴിഞ്ഞാൽ കഴിവതും വേഗം തിരിച്ചു നൽകേണ്ടതുമാണ്. (സർക്കുലർ നമ്പർ: 23001/ആർ.ഡി.3/12/ത.സ്വ.ഭ.വ തീയതി: 8.10.2012)

റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗം വിശദീകരണം പുറപ്പെടുവിച്ചു

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും എറ്റെടുക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്കും ഉപയോഗിക്കേണ്ടത്. (സർക്കുലർ നമ്പർ: 68228/എഫ്.എം.1/2012/ത.സ്വ.ഭ.വ തീയതി: 28.11.2012)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) December 2012
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

അമ്മിണി എനർജി സിസ്റ്റംസ്

Introduces..

LED Magic...!
in Road Lighting

- *LED Life more than 10 years*
- *Highly advanced driver circuits*
- *Virtually maintenance free*
- *More than 100 Lumens / Watt*
- *Aluminium Die cast body*
- *IP-65 grade protection*

LEDtron
LED ROAD LIGHTING LUMINAIRE

12W | 18W | 24W | 36W | 48W | 72W | 96W

Special packages for
LOCAL BODY PROJECTS

കൂടുതൽ വിവരങ്ങൾക്ക്..

1800 300 00600 (Toll Free)
0471-3060200 (Call Centre)

The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം (DGS&D Approved)
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം (DGS&D Approved)
- സോളാർ ലാന്റേൺ (MNRE Approved)
- സോളാർ പവർ പ്ലാന്റുകൾ (With 30% MNRE Subsidy)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം– 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
18 വർഷത്തെ
സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
भारतीय मानक ब्यूरो IS/ISO 9001
BUREAU OF INDIAN STANDARDS
ISO 9001: 2008 CERTIFIED

एन. एस. आई. सी
NSIC
REGISTERED

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2A

CONTACT : 1800 300 00 600 (TOLL FREE)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS